III. സ്പീക്കറെ നീക്കംചെയ്യണമെന്ന പ്രമേയം

Mr. Chairman : I have received notices of resolution from Sarvashri A. V. Thamarakshan, A. K. Saseendran, Varkala Radhakrishnan, E. K. Pillai and A. V. Abdu Rahiman Haji. The notices of the resolution have already been circulated. The notice from Shri A. V. Thamarakshan was received first. So Shri A. V. Thamarakshan is given leave to move the resolution.

Shri A. V. Thamarakshan : Sir, I move for leave to move the resolution.

Mr. Chairman : The leave is granted. Now Shri A. V. Thamarakshan can move your resolution.

ബഹുമാനപ്പെട്ട സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്യണമെന്ന് ആവശ്യപ്പെടുന്ന പ്രമേയമാണ് ചർച്ചയ്ക്കെടുക്കുന്നത്. പ്രമേയം അവതരിപ്പിക്കുന്നതിന് ആധാരമായിട്ട് ചില കാരണങ്ങൾ ഈ നോട്ടീസ് നൽകിയിരിക്കുന്ന അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ചർച്ചകളുടെ പരിധിക്ക് വളരെയേറെ പരിമിതികളുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കുമ്പോൾ ആ പരിധിക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണം. അതിനുപുറമേയുള്ള ചർച്ചകൾ യാതൊരു കാരണവശാലും ചെയറിൽനിന്ന് അനുവദിക്കുന്നതല്ല.

Now Shri A. V. Thamarakshan can move your resolution.

<u>ശ്രീ. എ. വി. താമരാക്ഷൻ :</u> ശ്രീ. എ. കെ. ശശീന്ദ്രൻ അത് മൂവ് ചെയ്യുന്നതാണ്. അദ്ദേഹം സംസാരിക്കുന്നതാണ്.

<u>ശ്രീ. പി. എസ്. ശ്രീനിവാസൻ :</u> സർ, ആ പരിധി ഒന്നു വിശദീകരിച്ചാൽക്കൊള്ളാം.

<u>മി. ചെയർമാൻ :</u> ഇവിടെ നോട്ടീസ് നൽകിയിരിക്കുന്ന അംഗങ്ങൾ ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിക്കുന്നതിന് ആധാരമായിട്ടുള്ള കാരണങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ലോക്സഭയിലും മററ് നിയമസഭകളിലും ചർച്ച ചെയ്തിരിക്കുന്ന അവിശ്വാസപ്രമേയങ്ങൾ പരിശോധിക്കുമ്പോഴും അതിന്റെ സ്കോപ്പിനെ സംബന്ധിച്ച് പരിശോധിക്കുമ്പോഴും ഒക്കെ ഇതിന്റെ ചർച്ചകൾക്ക്..............................

(ബഹളം)

അതുകൊണ്ട് ഇതിനെ സംബന്ധിച്ച ചർച്ചയ്ക്ക് സ്കോപ്പ് വളരെ പരിമിതമാണ്. അതുകൊണ്ട് ഈ കാര്യങ്ങളിൽ ഉന്നയിച്ചിരിക്കുന്ന, നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾക്ക് ഉള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കണമെന്നാണ് ചെയറിൽനിന്ന് നിർദ്ദേശിക്കാനുള്ളത്.

<u>ശ്രീ. പി. എസ്. ശ്രീനിവാസൻ :</u> അതിനുള്ള റൂൾ ഏതാണ്, എവിടെയാണ് അത് പറഞ്ഞിരിക്കുന്നത്.

<u>മി. ചെയർമാൻ :</u> നിയമപരമായിത്തന്നെയാണ് ....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ : ആർട്ടിക്കിൾ 176-ൽ സ്പീക്കറെ റിമൂവ് ചെയ്യുന്നതിനുള്ള റെസല്യൂഷനെപ്പററി പറയുന്നതിലോ നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡിയറിലെ ചട്ടങ്ങളിലോ ഈ ചർച്ചയെ സംബന്ധിച്ചിടത്തോളം ടൈം ലിമിററുചെയ്യാൻ പറയുന്നില്ല. ഒരു ഡിസ്ക്കഷനെ സംബന്ധിച്ചിടത്തോളം ഉന്നയിക്കുന്ന പോയിൻറിൽ ലിമിററുചെയ്യണം എന്ന വ്യവസ്ഥ ഇല്ലെന്നുള്ളതല്ലേ ശരി.

മി. ചെയർമാൻ : ബഹുമാനപ്പെട്ട സി. ബി. സി. വാര്യർക്ക് അറിയാവുന്നതുപോലെ ഭരണഘടനയും നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡിയറും ലോക്സഭയിലും മററു നിയമസഭകളിലും ഉള്ള കീഴ്വഴക്കങ്ങളും ഒക്കെ ഈ ചർച്ചയ്ക്ക് ആധാരമായി എടുക്കാറുണ്ട്. അതുകൊണ്ട് ചെയറിൽനിന്ന് പറയാനുള്ളത് ഇതു സംബന്ധിച്ച ചർച്ചയ്ക്കുള്ള സ്കോപ്പ് വളരെ പരിമിതമാണ് എന്നാണ്. നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന കാരണങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയാണ്.

(ബഹളം)

ശ്രീ. സി. ബി. സി. വാര്യർ : കീഴ്വഴക്കം അനുസരിച്ചു വേണമെന്ന് അങ്ങ് നിർദ്ദേശിക്കുമ്പോൾ ആ കീഴ്വഴക്കം എന്താണെന്ന് സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ അങ്ങ് ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് ഏതു കീഴ്വഴക്കമാണ്, എന്താണ് ആ കീഴ്വഴക്കം, ലോകസഭയിലെ ഏതു കീഴ്വഴക്കം, സ്പീക്കറുടെ ഏതു റൂളിംഗ്? അത് വ്യക്തമാക്കാതെ അവ്യക്തമായി ലോകസഭയിൽ കീഴ്വഴക്കമുണ്ട്, അതനുസരിച്ച് നിൽക്കണം എന്നുള്ള അങ്ങയുടെ റൂളിംഗ് നിർഭാഗ്യകരമാണ്. അതുകൊണ്ട് എന്താണ് കീഴ്വഴക്കം എന്ന് വ്യക്തമാക്കണം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട സി. ബി. സി. വാര്യർക്ക് കാര്യങ്ങൾ അറിയാവുന്നതാണ്.

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി : (ശ്രീ. പി. ജെ. ജോസഫ്) .

ഇവിടെ എഴുതിക്കൊടുത്തിരിക്കുന്ന ആരോപണത്തിന് ഉള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണമെന്ന അഭ്യർത്ഥനയ്ക്ക് അപ്പുറം വേറെ കാര്യങ്ങളും മററു രാഷ്ട്രീയ കാര്യങ്ങളും ചർച്ച ചെയ്യണമെന്നാണോ ബഹുമാനപ്പെട്ട അംഗങ്ങൾ പറയുന്നത്.

(ബഹളം)

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി) :

സർ, ഒരു സബ്മിഷൻ. ഈ ഡിസ്ക്കഷനെ സംബന്ധിച്ചിടത്തോളം ചില റെസ്ട്രിക്ഷൻസ് ഉണ്ട്. അങ്ങനെ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണമെന്നു പറയുകയുണ്ടായി. നോട്ടീസിൽ സ്പീക്കറുടെ കാസ്ററിംഗ് വോട്ടിനെ സംബന്ധിച്ച് പരാമർശിച്ചിരിക്കുന്ന വിഷയത്തെ സംബന്ധിച്ച്

I am referring to Page 797 of the Practice and Procedure of Parliament.

അതിനകത്തു പറഞ്ഞിരിക്കുന്നത്.

'It has been held that the casting vote exercised by the Speaker or the person acting as such should not be discussed at all'

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ : കൗൾ ആൻറ് ശക്ധറിൽ പറഞ്ഞിരിക്കുന്ന മററ് കാര്യങ്ങളുംകൂടി വായിക്കണം. അതായത് കാസ്ററിംഗ് വോട്ട് ഡിസ്കസ് ചെയ്യുന്നതിനെപ്പററി എന്താണ് പറഞ്ഞിരിക്കുന്നത് എന്നുകൂടി.

(ബഹളം)

ശ്രീ. പി. എസ്, ശ്രീനിവാസൻ : ഇദ്ദേഹം പറഞ്ഞത് എന്താണ് സർ, ഇത് എന്ത് നിയമവകുപ്പ് മന്ത്രിയാണ് സർ. അദ്ദേഹം എന്തിനാണ് ഇങ്ങനെ തെററിദ്ധരിപ്പിക്കുന്നത്. എന്താണ് വായിച്ചത്? അസംബന്ധം പറയരുത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരു പർട്ടിക്കുലർകേസിൽ കാസ്ററിംഗ് വോട്ടുചെയ്തു ഒരു ഡിസിഷനായാൽ ആ ഡിസിഷനിൻമേൽ ഡിസ്കസ് ചെയ്തുകൂട എന്നുള്ളത് കാസ്ററിംഗവോട്ടിൻെറ മാത്രം പ്രശ്നമല്ല. ഏതു കോടതിയിലെ ജഡ്ജ്മെൻറ് ആയാലും ആ പർട്ടിക്കുലർ കേസിലെ particular decisions can not form part of a discussion എന്ന സെൻസിലാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം വായിക്കുകയാണെങ്കിൽ അതിൻെറ ഹോൾ സെൻസ് മനസിലാക്കിക്കൊണ്ടുവേണം. ഇത് പ്രത്യേക രീതിയിലാണ്. അങ്ങേയ്ക്ക് ഒരുകാര്യം ചെയ്യാം. ഏതെങ്കിലും ഒരു മെമ്പർ പ്രസംഗിക്കുമ്പോൾ റൂൾസ് ഓഫ് പ്രൊസീഡിയറിനോ, ഭരണഘടനയ്ക്കോ വിധേയമല്ലെങ്കിൽ അങ്ങയ്ക്ക് ഇൻറർവീൻ ചെയ്യാം.

മി: ചെയർമാൻ : ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ പറഞ്ഞകാര്യം തന്നെയാണ് ഞാൻ ചെയറിൽനിന്ന് സൂചിപ്പിച്ചത്. ഇതു സംബന്ധിച്ച് നോട്ടീസ് നൽകിയിരിക്കുന്ന അംഗങ്ങൾ ഇങ്ങനെയുള്ള പ്രമേയം കൊണ്ടു വരുന്നതിന് ആധാരമായ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ നിയമസഭയിൽ ആദ്യമായാണ് ഇങ്ങനെയുള്ള ഒരു പ്രമേയം സ്പീക്കർക്ക് എതിരായിട്ട് ചർച്ചയ്ക്ക് എടുക്കുന്നത്. ഇവിടെ പുതിയ കീഴ്വഴക്കം സൃഷ്ടിക്കാൻ പോവുകയാണ്. ഞാൻ അതുകൊണ്ടാണ് ആമുഖമായി പ്രമേയം അവതരിപ്പിക്കുന്ന ആളിനോടും ബന്ധപ്പെട്ടു സംസാരിക്കുന്ന ആളുകളോടും ഇതിൻെറ സ്കോപ്പിനുള്ളിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്നു പറഞ്ഞത്. അതാണ് ലോക്സഭയിലും മററു നിയമസഭകളിലും ഉള്ള കീഴ്വഴക്കം. അത് ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി എന്നു മാത്രമേയുള്ളൂ. ചർച്ചയിൽ പങ്കെടുക്കുന്ന എല്ലാ അംഗങ്ങളും ആ സ്കോപ്പിനുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. ശ്രീ. എ. കെ. ശശീന്ദ്രന് പ്രമേയം മൂവുചെയ്യാം.

ശ്രീ. കെ. പങ്കജാക്ഷൻ : കീഴ്വഴക്കം സ്പീക്കർ കാസ്ററിംഗ് വോട്ടു ചെയ്തുകൊണ്ട് ഉണ്ടാക്കിയതിനെ സംബന്ധിച്ച ചർച്ചയാണ്. അതുകൊണ്ട് പുതിയ കീഴ്വഴക്കമാണ് ഇവിടെ ഉണ്ടാക്കേണ്ടത്.

ശ്രീ. കെ. എം. മാണി : സർ, അങ്ങയുടെ റൂളിംഗ് വളരെ വളരെ ശരിയാണ്. സ്പീക്കറുടെ കാസ്ററിംഗ്വോട്ടിനെ സംബന്ധിച്ചിടത്തോളം ഡിസ്ക്കസ് ചെയ്യാൻ പാടില്ല. അത് ശരിയാണോ തെററാണോ എന്നുള്ളത് ഡിസ്ക്കസ് ചെയ്യാൻ പാടില്ല.

2/2357/B.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ചർച്ചയെ സംബന്ധിച്ച് ആമുഖമായി ചില കാര്യങ്ങൾ മാത്രം സഭയുടെ ശ്രദ്ധയിൽപ്പെടുത്തി എന്നു മാത്രമേയുള്ളൂ. ആ സ്കോപ്പിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കേണ്ടത് നമ്മുടെ എല്ലാപേരുടെയും ആവശ്യമാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നു മാത്രമേയുള്ളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാന്യനായ സ്പീക്കർ ശ്രീമാൻ എ. സി. ജോസിനെ പ്രസ്തുത പദവിയിൽ നിന്നും നീക്കണമെന്ന പ്രമേയം ഞാൻ ഈ സഭയിൽ അവതരിപ്പിക്കുകയാണ്.

"This House resolves to remove Shri A.C. Jose from the office of the Speaker of the Legislative Assembly of Kerala on the following ground:

He by exercising the Casting Vote in favour of a Government which does not enjoy the confidence of the House, has acted in a partisan way".

സർ, അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഈ നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യത്തെ സംഭവമാണിത്. ഇങ്ങനെയൊരു പ്രമേയം ഈ സഭയിൽ അവതരിപ്പിക്കേണ്ടി വന്നതിൽ ഈ സഭയിലെ അംഗങ്ങളെന്നുള്ള നിലയിൽ ഞങ്ങൾക്കെല്ലാവർക്കും ദുഃഖമുണ്ട്. സ്പീക്കർ പദവിപോലുള്ള മഹനീയമായ ഒരു പദവിയിലിരുന്നുകൊണ്ട് തന്റെ അന്തസ്സിനും നിഷ്പക്ഷതയ്ക്കും നിരക്കുന്ന വിധത്തിൽ പ്രവർത്തിക്കുന്ന കാര്യത്തിലും ജനാധിപത്യമൂല്യ സംരക്ഷണത്തിന് പ്രതിജ്ഞാബദ്ധമായ ഈ സഭയുടെ ജനാധിപത്യമൂല്യം സംരക്ഷിക്കുന്ന കാര്യത്തിലും അദ്ദേഹം ദയനീയമായി പരാജയപ്പെട്ടതുകൊണ്ടാണ് ഇങ്ങനെയൊരു പ്രമേയം ഈ സഭയിൽ ഞാൻ അവതരിപ്പിച്ചത്. ജനാധിപത്യ പാരമ്പര്യങ്ങളിൽ വിശ്വാസമുള്ള, അതിന്റെ പവിത്രതയെക്കുറിച്ച് ഉള്ളിൽത്തട്ടിത്തന്നെ സംസാരിക്കുന്ന ഒട്ടനവധി മെംബർമാർ ഈ സഭയിലുണ്ട്. ആ മെമ്പർമാർ അവരുടെ മനഃസാക്ഷിയോടു നീതി കാണിക്കുമെങ്കിൽ, വിശ്വാസത്തോടു കൂറു പ്രകടിപ്പിക്കുമെങ്കിൽ തീർച്ചയായും ഞാൻ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ അവർ സർവ്വാത്മനാ പിന്താങ്ങുകയും പാസാക്കുകയും ചെയ്യുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സ്പീക്കർക്കുണ്ടായിരിക്കേണ്ട നിഷ്പക്ഷതയെക്കുറിച്ചും മാന്യതയെക്കുറിച്ചുമൊക്കെ കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് നിരവധി പ്രഗൽഭമതികൾ ചർച്ചനടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ വളരെ ദീർഘമായി അത്തരം വിഷയങ്ങളിലേക്ക് കടന്നുപോകണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. പലരും ഇവിടെ പറഞ്ഞതുപോലെ നിയമസഭയുടെയും പാർലമെന്റിന്റെയുമൊക്കെ നടപടിക്രമങ്ങൾക്ക് നാം മാതൃകയായി സ്വീകരിച്ചിട്ടുള്ളത് ബ്രിട്ടിഷ് മാതൃകയാണ്. ആ ബ്രിട്ടീഷ് മാതൃകയിലുള്ള നിയമസഭാ നടപടികളോ പാർലമെന്റു നടപടികളോ വസ്തുനിഷ്ഠമായി വിലയിരുത്തുന്ന ഒരാളിന് അതിൽ ഒരിടത്തും ഒരു സ്പീക്കർ ഒരു ഭരണകക്ഷിക്കാരനായി സ്വയം പ്രഖ്യാപിച്ചുകൊണ്ടുള്ള നടപടി സ്വീകരിച്ചതായി കാണാൻ കഴിയുകയില്ല; കഴിഞ്ഞിട്ടില്ല. എന്നാൽ ഈ സഭയിൽ എന്താണുണ്ടായത്? ഏഴിലധികം തവണ സ്പീക്കർക്ക് തന്റെ കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗിക്കേണ്ടിവന്നു. സ്പീക്കർ അദ്ധ്യക്ഷ വേദിയിലിരിക്കുമ്പോഴും സഭാനേതാവു മുതൽ മററുപല ബഹുമാന്യരായ ഭരണകക്ഷിയംഗങ്ങൾവരെ ഞങ്ങൾ 71 പേരാണെന്ന് അവകാശപ്പെട്ടിട്ടുണ്ട്. ഇതുപറയുമ്പോൾ ഭരണപക്ഷത്തും പ്രതിപക്ഷത്തും 70 (എഴുപത്) പേർ മാത്രമാണുള്ളതെന്ന സത്യം ഈ സഭയിൽ ഹാജരുണ്ടായിരുന്ന മുഴുവൻ ആളുകൾക്കും അറിവുള്ളതാണ്. നേരിട്ടു തിരഞ്ഞെടുക്കാത്ത, നോമിനേഷൻ സമ്പ്രദായത്തിലൂടെ വന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരംഗവും കൂടിയാണ് ഭരണപക്ഷത്തുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ ഭരണകക്ഷിക്കാരനാണോ എന്നൊരു ക്രമപ്രശ്നം ശ്രീ. സി. ബി. സി. വാര്യർ ഉന്നയിച്ചപ്പോൾ അധ്യക്ഷവേദിയിലിരുന്നിരുന്ന സ്പീക്കർക്ക് അതിന് റൂളിംഗ് നൽകാൻ വൈമനസ്യം ഉണ്ടായിരുന്നു എന്ന് അന്നത്തെ സഭാനടപടികൾ പരിശോധിച്ചാൽ മനസ്സിലാകും. അദ്ദേഹം ഭരണകക്ഷിക്കാരനാണെന്ന് പ്രഖ്യാപിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്നാണ് ആ വൈമനസ്യം ചൂണ്ടിക്കാണിക്കുന്നത്. അങ്ങനെ, താൻ ഒരു ഭരണകക്ഷിക്കാരനാണെന്ന് പ്രഖ്യാപിക്കാൻ ആഗ്രഹിക്കാത്ത ഒരു മാന്യദേഹം ഈ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷമുണ്ടോ ഇല്ലയോ എന്നുള്ള ഒരു പ്രശ്നം ഈ നിയമസഭാ വേദിയിൽ ഉയർന്നു വന്നപ്പോൾ ഭൂരിപക്ഷം ഉണ്ടെന്ന് തെളിയിക്കാൻ വേണ്ടിയാണ് ആദ്യമായി തന്റെ കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗപ്പെടുത്തിയത്. എന്നുപറഞ്ഞാൽ അദ്ദേഹം ഭരണകക്ഷിക്കാരനായി സ്വയം മാറി എന്നല്ലേ അർത്ഥം ? സ്പീക്കർ നിഷ്പക്ഷനാണ്, നിഷ്പക്ഷമായി പെരുമാറണം, നിഷ്പക്ഷതയുടെ മൂർത്തീഭാവമായി പെരുമാറണം എന്നൊക്കെയാണ് നമ്മളൊക്കെ മനസ്സിലാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട കെ. എം. മാണി കൗളിന്റെയും ശക്ധറിന്റെയുമൊക്കെ സുപ്രസിദ്ധമായ ചില ഗ്രന്ഥഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചു. സ്പീക്കർ കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗപ്പെടുത്തേണ്ടതെങ്ങനെയാണെന്ന് അതിൽത്തന്നെ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലേ ? സഭാനടപടി ക്രമങ്ങൾക്കിടയിൽ എപ്പോഴെങ്കിലും ഒരു സ്പീക്കർക്ക് തന്റെ കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗിക്കേണ്ടിവന്നാൽ താൻ അത് ചെയ്യുന്നതുവഴി ഏതെങ്കിലുമൊരു അംഗത്തിന് താൻ പക്ഷപാതപരമായി പെരുമാറുന്നു എന്ന തോന്നൽ ഇല്ലാത്തവിധത്തിൽ അത് നിർവ്വഹിക്കണമെന്നല്ലേ അതിൽ പറഞ്ഞിരിക്കുന്നത് ? ഇവിടെ അതുണ്ടായോ സർ? സ്പീക്കർ പക്ഷപാതപരമായി പെരുമാറിയിട്ടില്ലെന്ന് ഇവിടെ ആർക്കെങ്കിലും തോന്നിയോ ? ഒരുതവണ മാത്രമാണ് കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗിച്ചതെങ്കിൽ അനിവാര്യമായ രാഷ്ട്രീയ കാരണങ്ങൾ അങ്ങനെ ചെയ്തു എന്നുപറയാമായിരുന്നു. ഇത് ഒരു തവണയല്ലല്ലോ. എത്രതവണ കാസ്റ്റിംഗ് വോട്ടു ചെയ്തോ അപ്പോഴൊക്കെ തികഞ്ഞ നിഷ്പക്ഷമതിയായി പെരുമാറാൻ സ്പീക്കർ ജോസിന് കഴിയാതെപോയി എന്നുള്ള സത്യം പകൽപോലെ വ്യക്തമായിരിക്കുകയാണ്. ആ സത്യം നിലവിലിരിക്കേ അതിനെ നിഷ്പക്ഷതയുടെ മകുടോദാഹരണമായി കാണാൻ നിയമസഭയോടു ബാധ്യതയും കൂറുമുള്ള നിയമസഭയുടെ മൂല്യങ്ങളോട് ബഹുമാനമുള്ള ആർക്കും തന്നെ സാദ്ധ്യമല്ലെന്നാണെന്റെ അഭിപ്രായം. സർ, ഇവിടെ ഈ മന്ത്രിസഭയെ ബഹുമാനപ്പെട്ട ജോസ് സഹായിച്ചതെങ്ങനെയാണെന്ന കാര്യം എല്ലാവർക്കുമറിയാം. നിയമസഭയ്ക്കകത്തോ പുറത്തോ ഒരിക്കലെങ്കിലും ഭൂരിപക്ഷം തെളിയിച്ചിട്ടുള്ള ഒരു ഗവൺമെൻറിനെ സഹായിക്കാനാണ് അദ്ദേഹം ഇത്തരത്തിലുള്ള ഒരു നടപടി സ്വീകരിച്ചിരുന്നതെങ്കിൽ അത് മനസ്സിലാക്കാമായിരുന്നു. സ്പീക്കർ തന്റെ കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗിക്കുന്നതിനുമുൻപ് ഏതെങ്കിലുമൊരു സന്ദർഭത്തിൽ ഈ ഗവൺമെൻറിന് ഭൂരിപക്ഷമുണ്ടെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടോ ? അങ്ങനെ, ഒരിക്കൽപോലും ഭൂരിപക്ഷമുണ്ടെന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ സ്റ്റാറ്റസ്കോ നിലനിറുത്താനെന്ന പേരിൽ കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗിച്ചത് ശരിയായ നടപടിയാണോ എന്നുള്ള ചർച്ചയിൽ പല വിദഗ്ദ്ധൻമാരും ഇവിടെ ഏറ്റുമുട്ടിയിട്ടുണ്ട്. അതിന്റെ ഫലമായി അത് ശരിയായ നടപടിയല്ലെന്ന് നിഷ്പക്ഷമായി വിലയിരുത്താനും ബോദ്ധ്യമാക്കാനും കഴിഞ്ഞു. ഇവിടത്തെ സ്ഥിതി എന്തായിരുന്നു ? ഇരുവശത്തും എഴുപത്—എഴുപത് വീതമല്ലേ ഉള്ളത് ? അങ്ങനെയുള്ള അവസ്ഥയിൽ ഏതുപക്ഷത്തിന് മുൻതൂക്കം എന്നു സ്ഥാപിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി സ്വീകരിച്ച നടപടിയെ ന്യായീകരിക്കാൻ ഇവിടെ വ്യഗ്രത കാണിക്കുന്നതുകണ്ടു. രാഷ്ട്രീയ ഗതികേടുകൊണ്ടാണ് അങ്ങനെയൊരു വ്യഗ്രത കാണിച്ചതെങ്കിൽ എനിക്കതെക്കുറിച്ചൊന്നും പറയാനില്ല. പക്ഷേ, രാഷ്ട്രീയമായ പശ്ചാത്തലത്തിൽ മാത്രമല്ലല്ലോ സ്പീക്കർ പദവിപോലുള്ള മാന്യമായ പദവിയെക്കുറിച്ച് ചർച്ചനടത്തേണ്ടത്. അങ്ങനെയാണെന്ന് നമ്മളാരും പറയുകയില്ലെന്നാണ് എന്റെ പരിപൂർണ്ണമായ വിശ്വാസം. ഇവിടെ പലരും പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചേക്കും. പല രാഷ്ട്രങ്ങളിലും ജനാധിപത്യ ഭരണസംവിധാനം നിലനിൽക്കുന്നുണ്ട്. പല രാഷ്ട്രങ്ങളിലും പലപ്പോഴായി സ്പീക്കർക്ക് തന്റെ കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗപ്പെടുത്തേണ്ടതായും വന്നിട്ടുണ്ട്. അന്നെല്ലാം അവർ നമ്മുടെ ബഹുമാന്യനായ സ്പീക്കർ എ. സി. ജോസ് സ്വീകരിച്ച മാതൃകയാണ് സ്വീകരിച്ചതെന്ന് ആർക്കെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ഇല്ല; അങ്ങനെ ആരും ചൂണ്ടിക്കാണിച്ചിട്ടില്ല. ഭരണകക്ഷിയുടെ ഭൂരിപക്ഷം തെളിയിക്കുന്നതിനുവേണ്ടിമാത്രം, താൻ ഭരണകക്ഷിക്കാരനാണെന്ന് ഓരോ നടപടിയിലൂടെയും തെളിയിക്കുന്നതിനുവേണ്ടിമാത്രം ഒരു സ്പീക്കർ തന്റെ കാസ്റ്റിംഗ് വോട്ടധികാരം ഉപയോഗിച്ച ഉദാഹരണം ആണ് ഇത്. ഈ സംഭവം ഇൻഡ്യയുടെയും ഇതര ജനാധിപത്യ രാഷ്ട്രങ്ങളുടെയും ചരിത്രത്തിൽ ആദ്യത്തേതാണെന്ന് ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിൽ അതിനർത്ഥം സ്പീക്കർ ശ്രീ. ജോസ് തന്റെ പദവിയോടു മാത്രമല്ല ജനാധിപത്യ പാരമ്പര്യങ്ങളോടുതന്നെ വലിയ കുററം ചെയ്തിരിക്കുന്നു എന്നാണ്. അത് ചരിത്രപരമായ ഒരു കുററമാണ്. നമ്മുടെ ജനാധിപത്യത്തിനുതന്നെ മഹനീയമായ സംഭാവനകൾ ചെയ്തുകൊടുത്ത സ്പീക്കർമാർ ഇവിടെ ഉണ്ടായിട്ടുണ്ട്. ഇവിടെ സ്പീക്കറെ അനുമോദിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ സഭാനേതാവ്, നമ്മുടെ നിയമസഭയിലെതന്നെ മുൻ സ്പീക്കർ അന്തരിച്ചുപോയ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളയെക്കുറിച്ച് പറയുകയുണ്ടായി. അദ്ദേഹത്തെ അപമാനിക്കേണ്ടിയിരുന്നില്ല എന്നാണ് സഭാനേതാവിനോട് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. അദ്ദേഹം ഒരിക്കലും ഭരണപക്ഷക്കാരനായി പ്രവർത്തിച്ചിരുന്നില്ല. ഭരണകക്ഷിക്ക് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്ന ചോദ്യത്തിന് ഭരണപക്ഷത്തിനു ഭൂരിപക്ഷം ഉണ്ടെന്ന് തന്റെ അധികാരമുപയോഗിച്ച് പ്രഖ്യാപനം നടത്തിയിട്ടില്ല. ആ സംഭവത്തിന്റെ വിശദാംശങ്ങളിലേക്ക് ഒന്നും കടക്കുന്നില്ല. അതുപോലെതന്നെ ഉദാഹരണങ്ങളിലേക്കും ഒന്നും കടക്കാനാഗ്രഹിക്കുന്നില്ല. ഇവിടെ ചെയ്ത നടപടി നിയമത്തിന്റെ തലനാരിഴമാത്രം കീറി പരിശോധിക്കേണ്ട വിഷയമാണെന്നു ഞാൻ കരുതുന്നില്ല. പ്രധാനമായും നിയമത്തിന്റെ പശ്ചാത്തലത്തിൽക്കൂടിയും അതോടൊപ്പംതന്നെ അതിന്റെ ധാർമ്മികമായ വശത്തിനുള്ളിൽക്കൂടിയും വിലയിരുത്തേണ്ടതാണ് ഇത് എന്നു ഞാൻ കരുതുന്നു.

സർ, നമ്മുടെ രാജ്യത്ത് കഴിഞ്ഞ കുറെ നാളുകളായി ജനാധിപത്യ മൂല്യങ്ങൾ തകർക്കുന്നതിനും ജനാധിപത്യപാരമ്പര്യങ്ങൾ നശിപ്പിക്കുന്നതിനും ജനാധിപത്യമൂല്യങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസം നശിപ്പിക്കുന്നതിനും വളരെ ആസൂത്രിതമായ ശ്രമം നടത്തുന്നു. മററു പല രാജ്യങ്ങളിലും ആ ശ്രമം നടത്തിയിട്ടുണ്ട്. ആ ശ്രമങ്ങൾക്കെല്ലാം നേതൃത്വം നൽകിയിട്ടുള്ളത് ജനാധിപത്യത്തിൽ വിശ്വാസമില്ലാത്ത പ്രസ്ഥാനങ്ങളോ സാമ്രാജ്യത്വശക്തികളോ ആണ്. പക്ഷെ ഇന്ത്യയിൽ ദുരന്തം ഉണ്ടാക്കിയത് ജനാധിപത്യത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന ശക്തികളാണ് എന്നുള്ളതാണ്. ജനാധിപത്യമൂല്യങ്ങളെക്കുറിച്ച് നാഴികയ്ക്ക് നാൽപ്പതുവട്ടം പ്രതിജ്ഞ എടുക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളും ശക്തികളുമാണ് ഇൻഡ്യയിൽ ജനാധിപത്യ മൂല്യങ്ങൾക്ക് എതിരെയുള്ള കടന്നാക്രമണം നടത്തിയിട്ടുള്ളത്. നമുക്കെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

വർക്കും അറിയാവുന്നതുപോലെ 1975-ന് ശേഷമുള്ള ഇൻഡ്യയിലെ രാഷ്ട്രീയ കാലാവസ്ഥ എടുത്തു പരിശോധിച്ചാൽ ജനാധിപത്യത്തെ കൊലചെയ്യുന്ന ജനാധിപത്യത്തിന്റെ കഴുത്തിൽ കഠാര ഇറക്കുന്ന ഒട്ടനവധി സംഭവപരമ്പരകാം ഉണ്ടായിട്ടുണ്ട്. 1975-ൽ ആണ് ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത്. അടിയന്തിരാവസ്ഥ പ്രഖ്യാപനത്തിനുശേഷമാണ് ഭരണേഘടനാബാഹ്യ ശക്തികാം അധികാരം കയ്യാളാൻ തുടങ്ങുകയും അങ്ങനെ അധികാരം കയ്യാളുക വഴി ജനാധിപത്യപാരമ്പര്യങ്ങാംക്കെതിരായ കീഴ്വഴക്കങ്ങാം തുടങ്ങിവയ്ക്കുകയും ചെയ്തത്. അതിനുശേഷം നിരവധി സംസ്ഥാനങ്ങളിൽ ഇതുപോലെ തന്നെ ഒട്ടനവധി സംഭവവികാസങ്ങാം ഉണ്ടായി. നിയമസഭയിൽ അംഗങ്ങളുടെ ഭൂരിപക്ഷം ഉണ്ടെങ്കിൽ ഭരണകൂടം ഉണ്ടാക്കാനുള്ള അവകാശം നൽകണമെന്ന കീഴ്വഴക്കം പോലും ആസ്സാമിൽ ലംഘിച്ചുവെന്നു കാണാൻ കഴിയും. പലപ്പോഴും അത് ഈ നിയമസഭയിൽ ചർച്ചചെയ്തിട്ടുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഭൂരിപക്ഷം എം. എൽ. എ. മാർ നേതാവിനെ തെരഞ്ഞെടുത്ത് ഞങ്ങാംക്ക് ഭരണകൂടം ഉണ്ടാക്കാൻ അനുവാദം നൽകണമെന്ന അപേക്ഷയുമായി ചെന്നപ്പോാം ആ അപേക്ഷ നിരസിക്കുകയും വിരലിൽ എണ്ണാവുന്ന അംഗങ്ങാം മാത്രമുള്ള ന്യൂനപക്ഷമായ തന്റെ കക്ഷിയെ അധികാരത്തിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി കുറുക്കുവഴി കാണുകയും ചെയ്ത സംഭവപരമ്പരകളാണ് നമ്മുടെ രാജ്യത്ത് ഇക്കഴിഞ്ഞകാലമത്രയും ഉണ്ടായത്. കേരളത്തിലും അതുതന്നെയല്ലേ ഉണ്ടായത്. കേരളത്തിൽ ഏററവും ഒടുവിൽ ശ്രീ. ജോസാണ് അതിനു ബലിയാടാകേണ്ടിവന്നത്. തന്റെ രാഷ്ട്രീയ കക്ഷിയുടേയും താൻ ഉാംക്കൊള്ളുന്ന ഭരണകക്ഷിയുടേയും രാഷ്ട്രീയ നിലപാട് സാധൂകരിക്കാൻവേണ്ടി ജനാധിപത്യത്തെ കൊലചെയ്യുന്ന കുറുക്കുവഴികാംക്കനുസരിച്ച് സ്പീക്കർ ജോസിനുപോകേണ്ടിവന്നു എന്നതല്ലേ ദാരുണമായ സംഭവം. അങ്ങനെയൊരു ദാരുണമായ സംഭവം ഈ സംസ്ഥാനത്തുണ്ടായത് എന്തുകൊണ്ടാണ്? ഈ സംസ്ഥാനത്ത് ഇന്നേവരെ ഇല്ലാത്തവിധത്തിൽ ഉള്ള കീഴ്വഴക്കം സൃഷ്ടിക്കേണ്ടിവന്നത് എന്തുകൊണ്ടാണ്? അതേക്കുറിച്ചാലോചിക്കാൻ ഭരണകക്ഷിയംഗങ്ങാം തയ്യാറാകുമോ? എല്ലാ അംഗങ്ങളും അതിന് തയ്യാറാകണമെന്നാണ് എന്റെ അപേക്ഷ.

ഇവിടെ നല്ല ഭൂരിപക്ഷമുള്ള ഒരു സർക്കാർ ആണ് ഉണ്ടായിരുന്നത്. ഒരു സ്പീക്കർ പദവിയിൽ ഇരുന്നുകൊണ്ട് തന്റെ അധികാരത്തിന്റെ ബലത്തിൽ മാത്രം ഒരു ഗവൺമെൻറിനെ ഇവിടെ പിടിച്ചുനിറുത്തേണ്ട ഗതികേട് ഈ നിയമസഭയിൽ ഉണ്ടായിരുന്നില്ല. പക്ഷേ രാഷ്ട്രീയകാലാവസ്ഥയിൽ വന്ന മാററം ഇങ്ങനെ വളരെ പരിതാപകരമായ അവസ്ഥയിലേക്ക് ഈ സംസ്ഥാനത്തെ കൊണ്ടെത്തിച്ചു. ഇങ്ങനെയൊരവസ്ഥ എന്തുകൊണ്ടാണ് ഉണ്ടായത്? നേരത്തെ ഉണ്ടായിരുന്ന ഭരണകക്ഷിയിലെ ചില രാഷ്ട്രീയകക്ഷികളുടെ നേതാക്കൻമാർക്ക് ഉണ്ടായ മനംമാററത്തിന്റെ ഫലമായിരുന്നു ഇത്രയും വേദനാജനകമായ, ഇത്രയും മൂല്യശോഷണം സിദ്ധിച്ച രാഷ്ട്രീയകാലാവസ്ഥയിലേക്ക് ഈ സംസ്ഥാനത്തെ കൊണ്ടെത്തിച്ചത്. അങ്ങനെ രാഷ്ട്രീയ പരീക്ഷണങ്ങാംക്ക് വിധേയമാകാൻ മാത്രം എന്ത് സംഭവപരമ്പരകളാണ് ഈ രാജ്യത്ത് ഉണ്ടായത് എന്നതിനെക്കുറിച്ച് പുനരാലോചന നടത്തേണ്ടതാണ്. ഇത്രയും വേണമായിരുന്നോ? ഒരു തെററിനെ ന്യായീകരിക്കുന്നതിനുവേണ്ടിയോ തെററു തിരുത്തുന്നതിനുവേണ്ടിയോ എന്ത് തെററു കാണിച്ചാലും വ്യാഖ്യാനിച്ചാലും അതിനെക്കാാം ഭീകരമായ മറെറാരു തെററിലേക്ക് ഈ സംസ്ഥാനത്തെ കൊണ്ടുചെന്ന് എത്തിക്കുന്നതിനുവേണ്ട വാശിയും വൈരാഗ്യവും ഈ സംസ്ഥാനത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളെ നയിക്കുന്ന നേതാക്കൻമാർക്ക് ആവശ്യമായിരുന്നോ എന്ന ചോദ്യമാണ് ഇതിനുള്ളിലൂടെ ഉയർന്നുവരുന്നത് എന്നു നമുക്കെല്ലാവർക്കും അറിയാം. അങ്ങനെയൊരു പുനരാലോചന നടത്തുന്നതിന് ഈ സാഹചര്യം ഉപയോഗിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഈ നിയമസഭയിലേക്ക് കടന്നുവന്നത് വളരെയേറെ പ്രതീക്ഷകളോടുകൂടിയായിരുന്നു. ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്ന ഒരു വേദി, ജനാധിപത്യപാരമ്പര്യങ്ങൾക്ക് അന്തസ്സും മാന്യതയും കൽപ്പിക്കപ്പെടുന്ന ഒരു വേദി, അതേ ഇതൊരു ശ്രീകോവിലാണെന്നാണ് ഞങ്ങളെല്ലാം പഠിച്ചതും മനസ്സിലാക്കിയതും. പക്ഷേ ഈ ശ്രീകോവിലിൽ കടന്നു വന്നപ്പോൾ എന്താണ് കണ്ടത്? അതിന്റെ മൂല്യങ്ങളാകെ ഭരണകക്ഷിക്കാർ കളഞ്ഞുകുളിക്കുന്ന ദുഃഖകരമായ ചിത്രത്തിന് സാക്ഷ്യം വഹിക്കേണ്ടിവന്നില്ലേ? അങ്ങനെയൊരു ചിത്രത്തിനു സാക്ഷ്യം വഹിക്കേണ്ടിവന്നതിൽ അവിടെയിരിക്കുന്ന അംഗങ്ങൾക്ക് മനസ്സാക്ഷിക്കുത്ത് ഉണ്ടാകുമെന്നറിയാം. ആ മനസ്സാക്ഷിക്കുത്തു മനസ്സിൽവച്ചുകൊണ്ടുതന്നെ ഈ സംസ്ഥാനത്തിലും ഇൻഡ്യയിലും ഇങ്ങനെയൊരവസ്ഥാവിശേഷം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയും ഇനിയൊരിക്കലും നമ്മുടെ ജനാധിപത്യപാരമ്പര്യങ്ങളുടെ പട്ടികയിൽ ഇങ്ങനെയൊരദ്ധ്യായം എഴുതിച്ചേർക്കാതിരിക്കുന്നതിനുവേണ്ടിയും, കീഴ്‌വഴക്കങ്ങൾ ലംഘിച്ചും പാരമ്പര്യങ്ങൾ കളഞ്ഞുകുളിച്ചും ഒരു സ്പീക്കർ ഇരിക്കുന്നത് ശരിയല്ല എന്നുള്ളതുകൊണ്ടും ഈ സഭയ്ക്കും മേലിൽ ഉണ്ടാകാൻ പോകുന്ന പുതിയ സഭയ്ക്കും ഇതരസംസ്ഥാനങ്ങൾക്കും ഇന്ത്യയ്ക്കും ശരിയായ ഒരു മാതൃക കാണിക്കുന്നതിനു വേണ്ടി ഇത്തരം ഉള്ള തെററായ നടപടി സ്വീകരിച്ച ഒരു അദ്ധ്യക്ഷനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണം എന്നത് അനിവാര്യമായ ഒരാവശ്യമാണ്. ഏതെങ്കിലും രാഷ്ട്രീയ പരിഗണനയുടെ പേരിലുള്ള ആവശ്യമല്ല. നാട്ടിലെ ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ആവശ്യമാണ്. തെററായ നടപടികളും കീഴ്‌വഴക്കങ്ങളും ഒരു നിയമസഭയ്ക്ക് സംഭാവന ചെയ്യുന്ന ഒരു അദ്ധ്യക്ഷന്റെ തെററായ നടപടിയെ ചോദ്യം ചെയ്യുന്നതിനുവേണ്ടിയുള്ള അഭ്യർത്ഥന മാത്രമാണ്. ആ അഭ്യർത്ഥന ഈ നിയമസഭയിലെ മുഴുവൻ അംഗങ്ങളും ചെവിക്കൊള്ളണം. ഈ പ്രമേയം ഈ നിയമസഭയിലെ മുഴുവൻ അംഗങ്ങളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ പ്രമേയം ഞാൻ ഈ നിയമസഭയിൽ നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഒരു സബ്മിഷൻ. പ്രൊസീഡിംഗ്സ് പ്രൊസീഡ് ചെയ്യുന്നതിനു മുമ്പ്, അങ്ങ് ആരംഭത്തിൽത്തന്നെ പറഞ്ഞിരുന്നവിഷയമാണ്. ബഹുമാനപ്പെട്ട നിയമ മന്ത്രി ചൂണ്ടിക്കാണിക്കുകയും ചെയ്തു. സർ, ഇവിടെയാണെങ്കിൽ നടക്കുന്നതു മുഴുവൻ കാസ്ററിംഗ് വോട്ടിനെ അടിസ്ഥാനമാക്കിയാണ്. ആ ചർച്ച ആകരുത് എന്നുള്ള റൂളിംഗ് ആണ് ഇവിടെ സൂചിപ്പിച്ചത്. ഏതായാലും കാസ്ററിംഗ് വോട്ടിനെക്കുറിച്ചുള്ള ചർച്ച നിർഭാഗ്യകരമാണ്. ഈ പ്രമേയംതന്നെ നിർഭാഗ്യകരമാണ്. ഈ സാഹചര്യത്തിൽ ഈ വിഷയത്തെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കാതെയിരിക്കേണ്ടത് ഈ സഭയോടുള്ള ആദരവ് എന്നുള്ള നിലയിൽ ചെയ്യേണ്ടതാണ്. അതുകൊണ്ട് ഭരണകക്ഷിയിലെ ആൾക്കാർ ഈ ചർച്ചയിൽ പങ്കെടുക്കുന്നില്ല എന്നുള്ള കാര്യം അങ്ങയെ അറിയിക്കുകയാണ്. എന്തായാലും

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള ചർച്ച അനുവദിക്കുന്നത് ശരിയല്ല എന്ന് അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. എന്തെങ്കിലും പറയാനുള്ളത് സഭാനേതാവ് എന്നുള്ള നിലയിൽ പിന്നീട് സംസാരിച്ചുകൊള്ളാം.

ശ്രീ. ഇ. കെ. നായനാർ: സർ, കാസ്റ്റിംഗ്‌വോട്ട് ചെയ്തത് തെററാണെന്ന് പറഞ്ഞ് കരുണാകരന് തൃപ്തിയാകത്തക്കവണ്ണം ഒരു വാചകം പറഞ്ഞ് അങ്ങ് ഇരുന്നുകൊള്ളാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, അങ്ങ് ഈ പ്രമേയം അംഗീകരിച്ചതല്ലേ? " അംഗീകരിക്കപ്പെട്ട ഒരു പ്രമേയത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത് വളരെ നിയമവിരുദ്ധമല്ലേ സർ, അങ്ങയുടെ റൂളിംഗിനേയും ഈ സഭയെയും ധിക്കരിക്കലല്ലേ?

മി. ചെയർമാൻ: അദ്ദേഹം പറഞ്ഞത് ഈ സഭയിൽ ആദ്യം ചൂണ്ടിക്കാണിക്കപ്പെട്ട വിഷയത്തെ സംബന്ധിച്ചാണ്. സഭാനേതാവ് എന്ന നിലയിൽ ചൂണ്ടിക്കാണിച്ചതാണ്. അദ്ദേഹത്തിന്റെ അഭിപ്രായം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളു.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും പറഞ്ഞത് അതല്ല. അംങ്ങ് ഈ പ്രമേയത്തെസംബന്ധിച്ച് നിയമവശങ്ങളെല്ലാം പരിശോധിച്ച് ഈ സഭയുടെ അനുമതി ചോദിച്ചു. അനുമതി കിട്ടി. അങ്ങനെ പ്രമേയാവതാരകന് സംസാരിക്കാനുള്ള അനുവാദം കൊടുത്തു. അതിനുശേഷം നിയമമന്ത്രി പറയുന്നു, കാസ്റ്റിംഗ് വോട്ടിനെക്കുറിച്ച് പറയാൻ പാടില്ലെന്ന്. കാസ്റ്റിംഗ്‌വോട്ട് പ്രമേയത്തിന്റെ വിഷയമാണ് സർ. അതു പാടില്ലായെന്നു നിയമമന്ത്രിയും മുഖ്യമന്ത്രിയും പറയുന്നതു ചെയറിനോടുള്ള അവഹേളനമല്ലേ സർ? ഈ രീതിയിൽ സഭാനടപടികൾ കൊണ്ടുപോകാൻ പററുമോ?

ശ്രീ. ഇ. കെ. നായനാർ: ഇവിടെ ബഹുമാനപ്പെട്ട ചെയർമാൻ ഇതിനെ സംബന്ധിച്ച് യാതൊരു റൂളിംഗും നൽകിയിട്ടില്ല. റൂളിംഗ് നൽകിയെന്ന് മുഖ്യമന്ത്രി ഇടയ്ക്ക് കയറി പറയുന്നു. രണ്ടാമത് ഇന്ന രൂപത്തിലേ പ്രസംഗിക്കാൻ പാടുള്ളു, ഇന്ന രൂപത്തിൽ പ്രസംഗിക്കാൻ പാടില്ലായെന്നു മുഖ്യമന്ത്രി നിർദ്ദേശിക്കുന്നു. ഇത് ഈ രാജ്യത്തെ മെമ്പർമാരുടെ അവകാശങ്ങൾക്കെതിരായ കടന്നാക്രമണമായിട്ടേ കണക്കാക്കാൻ ഒക്കുകയുള്ളു. ചെയർമാൻ ആ കാര്യത്തെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെതന്നെ അതിനുള്ളിൽ എന്തെല്ലാം ഉൾക്കൊള്ളണമെന്ന് മുഖ്യമന്ത്രി എഴുതി അയച്ചുതന്നിരുന്നുവെങ്കിൽ അടിവരയിട്ടു ഞങ്ങൾ പറയുമായിരുന്നു. ഇതുപോലുള്ള നിർദ്ദേശം കൊടുക്കുന്നത് അങ്ങേയററം തെററാണ്.

ധനകാര്യവും നിയമവുംവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട ബേബിജോൺ ഒരു കാര്യം പറയുകയുണ്ടായി. ഞാൻ ഒരു പോയിൻറ് ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി ഉള്ള അവിശ്വാസ പ്രമേയത്തിനുള്ള നോട്ടീസ് അഡ്മിററ് ചെയ്തുകൊണ്ട് കാസ്റ്റിംഗ് വോട്ടിനെപ്പററി ഡിസ്ക്കസ് ചെയ്യാം എന്നുള്ള നിലയിലാണ് അദ്ദേഹത്തിന്റെ വാദഗതി. സ്പീക്കർക്കെതിരായ അവിശ്വാസപ്രമേയത്തെ സംബന്ധിച്ചിടത്തോളം നിരവധി ഗ്രൗണ്ട്സ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രമേയം അഡ്മിററ് ചെയ്തു. അതിൽ ഒരുകാര്യം കാസ്റ്റിംഗ് വോട്ട് ബഹുമാനപ്പെട്ട സ്പീക്കർ ചെയ്തു എന്നുള്ളതാണ്. ഇതു എന്റേയോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയോ അഭിപ്രായം മാത്രമല്ല, പാർലമെൻററി പ്രാക്ടീസ് പോലുള്ള ആധികാരിക ഗ്രന്ഥങ്ങളിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളത് കാസ്റ്റിംഗ് വോട്ടിനെപ്പറ്റി നിയമസഭയിൽ ചർച്ച ചെയ്തുകൂടാ എന്നാണ്. ഞാൻ അതു ഉദ്ധരിച്ചുവെന്നേയുള്ളു. അതിന് വിരുദ്ധമായി ആധികാരിക ഗ്രന്ഥങ്ങളും ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിക്കട്ടെ. സ്പീക്കർ കാസ്റ്റിംഗ് വോട്ട് ഭരണഘടനാപരമായി വിനിയോഗിച്ചു കഴിഞ്ഞാൽ അതു തെററാണെന്ന ചർച്ച നിയമസഭയിൽ പാടില്ല എന്ന് കൗളിന്റെ പാർലമെന്ററി പ്രാക്ടീസ് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞതാണ്. പ്രമേയം അഡ്മിററ് ചെയ്തതുകൊണ്ട് കാസ്റ്റിംഗ് വോട്ടിനെപ്പററിയുള്ള ചർച്ചയ്ക്ക് അവകാശമില്ല. ഇവിടെ അങ്ങ് പറഞ്ഞ റൂളിംഗ് ശരിയാണ്. ഈ ചർച്ചയ്ക്ക് വല്ലതെ പരിമിതി ഉണ്ട്.

ശ്രീ. ഇ. കെ. നായനാർ: ബഹുമാനപ്പെട്ട ചെയർമാൻ സർ, ബഹുമാനപ്പെട്ട മാണി പരസ്പരവിരുദ്ധമായിട്ടാണ് പറഞ്ഞത്. പാടില്ലെന്ന് കൗൾ പറഞ്ഞതായി പറഞ്ഞു. പിന്നെ, ഇതു സമ്മതിച്ചുവെന്നു പറഞ്ഞു. പിന്നെ, ഇന്ന രൂപത്തിലേ പ്രസംഗിക്കാൻ പാടുള്ളൂ എന്നു പറഞ്ഞു. ഇത്രയൊക്കെ കേസു വാദിച്ച്, ബഹുമാനപ്പെട്ട നിയമമന്ത്രി വ്യാഖ്യാനം നടത്തുന്നത് ശരിയാവുകയില്ല. ആദ്യം പാടില്ലെന്നു പറഞ്ഞു പിന്നെ പാടുണ്ടെന്നു പറഞ്ഞു, പിന്നെ അനുവദിച്ചുവെന്നു പറഞ്ഞു—ഇങ്ങനെ തലകുത്തിമറിയുന്നത് ശരിയല്ല.

ശ്രീ. സി. ബി. സി. വാര്യർ: സർ, ബഹുമാനപ്പെട്ട മാണി ഇവിടെയുദ്ധരിച്ച ഭാഗത്ത് ശക്ധർ ആൻഡ് കൗൾ പറയുന്നത് സാധാരണ നിലയിൽ ഒരു വോട്ടിംഗ് കഴിഞ്ഞാൽ (കാസ്റ്റിംഗ് വോട്ടിനെക്കുറിച്ചുമാത്രമല്ല—വോട്ടിംഗ് കഴിഞ്ഞാൽ) ആ വോട്ടിംഗിന്റെ രീതിയെക്കുറിച്ച് ചർച്ച ചെയ്തുകൂട എന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കർ സഭയിലൊരു തീരുമാനമെടുത്തു കഴിഞ്ഞാൽ, ഒരു റൂളിംഗ് നൽകിക്കഴിഞ്ഞാൽ, അതിനെക്കുറിച്ച് ചർച്ചചെയ്തുകൂട. കാസ്റ്റിംഗ് വോട്ടു ചെയ്തതിനെക്കുറിച്ചും ചർച്ചചെയ്കൂട എന്നാണ്. അതേസമയത്ത് ആർട്ടിക്കിൾ 176 അനുസരിച്ച്, സ്പീക്കറെ നീക്കം ചെയ്യാനുള്ള പ്രമേയത്തിന് നോട്ടീസു കൊടുത്ത് ഇവിടെ ചർച്ച ചെയ്യുന്നത് സ്പീക്കറായിരുന്നുകൊണ്ടു ചെയ്ത കാര്യങ്ങളിലുള്ള പാർട്ടിസാൻ ആററിററ്യൂഡിനെക്കുറിച്ചാണ്. സ്പീക്കറായിരുന്നുകൊണ്ട് പക്ഷപാതപരമായി ഇന്നയിന്ന കാര്യങ്ങൾ ചെയ്തു എന്നുള്ളതിനെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. അവിശ്വാസപ്രമേയം മാത്രമല്ല, ഹൗസ് ഓഫ് കോമൺസിൽ, സ്പീക്കറുടെ ഇന്ന നടപടിയെക്കുറിച്ചു ചർച്ചചെയ്യണമെന്നൊരു സബ്സ്ററാൻറീവ് മോഷൻ കൊണ്ടുവന്നു ചർച്ചചെയ്യാം. നമ്മുടെ ഇൻഡ്യൻ പാർലമെൻറിൽ ആ പ്രാക്ററീസ് ഇതുവരെ വന്നിട്ടില്ല. ഇൻഡ്യൻ പാർലമെൻറിലും ഇൻഡ്യൻ നിയമസഭകളിലും, സ്പീക്കറുടെ തീരുമാനങ്ങളെപ്പററിയാണെങ്കിലും ശരി സ്പീക്കറുടെ നടപടികളെപ്പററിയാണെങ്കിലും ശരി അവ പക്ഷപാതപരമായിരുന്നുവെന്നും ചട്ടത്തിനെതിരായിരുന്നുവെന്നും കീഴ്വഴക്കത്തിനെതിരായിരുന്നുവെന്നും സമർത്ഥിച്ചു. അതുകൊണ്ടു സ്പീക്കർ ആ സ്ഥാനത്തിനർഹനല്ലെന്നു സ്ഥാപിക്കാൻ ഉള്ള അവകാശം ഇതുപോലെയുള്ള റസലൂഷനവതരിപ്പിക്കുന്നവർക്കും ആ റസലൂഷനെ പിൻതാങ്ങുന്നവർക്കും ഉണ്ട്.

ശ്രീ. കെ. കരുണാകരൻ: ഞാനിവിടെ പരാമർശിച്ച കാര്യം മറുഭാഗത്തു നിന്നു തെററിദ്ധരിച്ചതായി കാണുന്നു. അവിശ്വാസപ്രമേയത്തിന്റെ ചർച്ചയെ അല്ല ചോദ്യം ചെയ്തിട്ടുള്ളത്. അവിശ്വാസപ്രമേയം രണ്ടു രൂപത്തിലുണ്ട്. ഒന്ന് കാസ്റ്റിംഗ്വോട്ടിനെക്കുറിച്ചും......

(തടസ്സം)

ഞാനാണിവിടെ സംസാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ: 'അവിശ്വാസപ്രമേയ' മല്ല.

ശ്രീ. കെ. കരുണാകരൻ: അവിശ്വാസപ്രമേയത്തെക്കുറിച്ചു ചർച്ചചെയ്ത പ്പോഴം ആദ്യം ഇടപെടാതിരുന്നത്. അറിഞ്ഞുകൊണ്ടുതന്നെയാണ്. നേരെ മറിച്ച് ഇപ്പോഴം ഈ പ്രശ്നം......

ശ്രീ. സി. ബി. സി. വാര്യർ: സർ, പോയിൻറ് ഓഫ് ആർഡർ. നമ്മുടെ നിയമസഭാനടപടിച്ചട്ടമനുസരിച്ചും ഭരണഘടനയനുസരിച്ചും സ്പീക്കറുടെമേൽ അവിശ്വാസപ്രമേയമവതരിപ്പിക്കാൻ വ്യവസ്ഥയില്ല; സ്പീക്കറുടെമേൽ അവിശ്വാസപ്രമേയമവതരിപ്പിച്ചിട്ടുമില്ല. സ്പീക്കറെ സ്ഥാനത്തുനിന്നു നീക്കംചെയ്യാനുള്ള 176-ാം ആർട്ടിക്കിളനുസരിച്ചുള്ള റസലൂഷനാണിവിടെയുള്ളത്. അങ്ങനെ നീക്കംചെയ്യാനുള്ള കാരണങ്ങളെന്താണെന്നുള്ളതാണിവിടെ പ്രശ്നം. അവിശ്വാസത്തിൻെറയല്ല പ്രശ്നം. അവിശ്വാസപ്രമേയമല്ല സർ. സ്പീക്കർ യോഗ്യനല്ലാത്തതുകൊണ്ടു നീക്കംചെയ്യണമെന്നാണു റസലൂഷൻ.

മി. ചെയർമാൻ: 'സ്പീക്കറെ നീക്കംചെയ്യണമെന്ന പ്രമേയം' തന്നെയാണ്. എന്നാൽ നമ്മളം സാധാരണ ഉപയോഗിച്ചുവരുന്ന ഒരു വാക്ക് അദ്ദേഹം ഉപയോഗിച്ചുവെന്നേയുള്ളു. അതു വലിയ പിശകൊന്നുമല്ല.

ശ്രീ. കെ. കരുണാകരൻ: സ്പീക്കറിൽ പൂർണ്ണമായ വിശ്വാസമുണ്ടായിട്ടാണ് നീക്കംചെയ്യുന്നത് എന്നുണ്ടെങ്കിൽ അതിനെക്കുറിച്ച് എനിക്കൊന്നും പറയാനില്ല. സ്പീക്കറെ നീക്കംചെയ്യാനുള്ള പ്രമേയവും ആ പ്രമേയത്തിൻെറ ചർച്ചയും രണ്ടും രണ്ടാണു സർ. സ്പീക്കറെ നീക്കംചെയ്യാനുള്ള പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ ഇടപെട്ടില്ല. നേരെമറിച്ച്, നീക്കംചെയ്യാനുള്ള ആ പ്രമേയമവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗം മുഴുവൻതന്നെ സ്പീക്കറുടെ കാസ്റ്റിംഗ് വോട്ടിനെ അടിസ്ഥാനമാക്കിയായിരുന്നു. അതുകൊണ്ടാണു ഞാൻ പറഞ്ഞത്, കാസ്റ്റിംഗ്‌വോട്ടിനെക്കുറിച്ചു ചർച്ചചെയ്യാൻ പാടില്ലെന്ന കീഴ്‌വഴക്കങ്ങളുള്ള സാഹചര്യത്തിൽ ആ നടപടി നിർഭാഗ്യകരമായിപ്പോയി എന്ന്. ആ നടപടിക്കു പങ്കാളികളാകാൻ ഭരണപക്ഷം ആഗ്രഹിക്കുന്നില്ല എന്നു വ്യക്തമാക്കിയത് ഈയടിസ്ഥാനത്തിലാണ്.

ശ്രീ. പി. എസ് ശ്രീനിവാസൻ: സർ, അനുവദിച്ചു. ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന പ്രമേയത്തിൽ, കാസ്റ്റിംഗ് വോട്ടുചെയ്തതുകൊണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്; ആ സെലൂഷനാണിവിടെ അനുവദിച്ചിട്ടുള്ളത്.

Chief Minister Shri K. Karunakaran: There is another resolution moved by................

ശ്രീ. പി. എസ്. ശ്രീനിവാസൻ: എന്ത് അനന്തർ റസലൂഷൻ; അനന്തർ റസലൂഷൻ എന്നു പറഞ്ഞിട്ടു കാര്യമില്ല. ഇവിടെ അവതരിപ്പിച്ചു ചർച്ചചെയ്തുകൊണ്ടിരിക്കുന്ന റസലൂഷനല്ലേ പ്രശ്നം?

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ ചർച്ചയ്ക്കു യാതൊരു പ്രസക്തിയുമില്ലെന്നാണു തോന്നുന്നത്. എനിക്കറിയില്ല, എന്തിനാണ് ഒരു ഭാഗത്തുനിന്ന് ഈ ചർച്ചയെ ഭയപ്പെടുന്നതെന്ന്. ഇന്നു രാജ്യത്ത് എല്ലാ തെരുവുമൂലകളിലും ഇതാണു ചർച്ച ചെയ്യപ്പെടുന്നത്. കാസ്റ്റിംഗ് വോട്ടിനെപ്പററി എന്നൊന്നും പറയുന്നത് ശരിയല്ലെന്നാണ് എനിക്കു പറയാനുള്ളത്. ഇവിടെ ഒരു മന്ത്രിസഭ നിലനില്ക്കുന്നതു സ്പീക്കറെക്കൊണ്ടാണ്. ഇത്തരമൊരനുഭവം ജനാധിപത്യരാജ്യങ്ങളിലെവിടെയുമുണ്ടായിട്ടില്ല. കൗം ആൻഡ് ശക്ധർ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ പുസ്തകമെഴുതുന്ന സമയത്ത് ഇത്തരത്തിലുള്ള ഒരു സംഗതിയെ കുറിച്ച് അവർ സ്വപ്നത്തിൽപ്പോലും വിചാരിച്ചിട്ടില്ല. ശക്ധർ ഇവിടെയുണ്ട്, കൗളും ഉണ്ട്. രണ്ടുപേരെയും വരുത്തി ഒന്നു ചോദിക്കാൻ നമുക്കു കഴിയുമെന്നുണ്ടെങ്കിൽ അവർ പറയും, ഞങ്ങളെഴുതിയ ഖണ്ഡികയെപ്പററി ഇതാണു നിങ്ങളുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിങ്ങളുടെ ബഹുമാനപ്പെട്ട നിയമജ്ഞനായ നിയമമന്ത്രിയും പറയുന്നതെങ്കിൽ അടുത്ത എഡിഷനിൽ ഞങ്ങളിതു പിൻവലിക്കും എന്ന്. ആ ഒരു നിലയിലേക്ക് അവർക്കു പോകേണ്ടിവരും. ഇതു കാസ്ററിംഗ് വോട്ടിനെപ്പററിയുള്ള ചർച്ചയല്ല. കാസ്ററിംഗ് വോട്ടിനെപ്പററിയാണെങ്കിൽ ആ കാര്യത്തിൻെറ മെരിററ്സിനെപ്പററി ആയിരിക്കും. ഇവിടെ നടക്കുന്നത് പൊളിററിക്കൽ ചർച്ചയാണ്. പൊളിററിക്കലായിട്ട് സ്പീക്കർ പാർട്ടിസാനായിട്ടു നിൽക്കുന്നു എന്നാണു പറയുന്നത്. അതു ചർച്ച ചെയ്യാൻ അധികാരമുണ്ട്. തീർച്ചയായും പ്രമേയത്തിൽ വളരെ വ്യക്തമായി കൊടുത്തിട്ടുണ്ട് :

"................does not enjoy the confidence of the House, has acted in a partisan way".

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി) : ശക്ധർ ഈ പുസ്തകം എഴുതുന്നതിനുമുൻപ്, ഭരണഘടനാനിർമ്മാണത്തിൻെറ വേളയിൽത്തന്നെയാണ് ഈ കണ്ടിൻജൻസി കണ്ടുകൊണ്ട് ഭരണഘടനയിൽ 189-ാമത്തെ വകുപ്പിൽ കാസ്ററിംഗ് വോട്ട് ഉൾപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ 189-ാം ആർട്ടിക്കിളിൽ കാസ്ററിംഗ് വോട്ട് ഉൾപ്പെടുത്തിയിരിക്കെ ആ അവകാശം ഭരണഘടനാപരമായി സ്പീക്കർ വിനിയോഗിച്ചു കഴിഞ്ഞാൽ അതു ഡിസ്കസ് ചെയ്യാൻ പാടില്ല എന്നു കൗൾ തൻെറ പുസ്തകത്തിൽ പറഞ്ഞിരിക്കുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഗവർണ്ണർക്ക് ഭൂരിപക്ഷം വ്യക്തമായതു കാസ്ററിംഗ് വോട്ടുഭൂരിപക്ഷം ഉണ്ടാക്കണമെന്ന ധാരണയിൽ അല്ല. അപ്പോൾ, നിയമസഭ കൂടുന്നതിനുമുൻപ്, സത്യപ്രതിജ്ഞ ചെയ്യുന്നതിനു മുൻപ് നിയമസഭയിൽ ഭൂരിപക്ഷത്തിൻെറ പിൻതുണയുണ്ടാകുമെന്നു ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത് ബഹുമാനപ്പെട്ട നിയമമന്ത്രി പറഞ്ഞതിനു നേരേ വിരുദ്ധമാണ്.

ശ്രീ. ഇ. അഹമ്മദ് : ഇത് അപ്രസക്തമാണു സർ.

ശ്രീ. പി. ജെ. ജോസഫ് : ബഹുമാനപ്പെട്ട ഷൺമുഖദാസ് പറഞ്ഞത് മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്യുന്നതിനു മുൻപ് ഭൂരിപക്ഷമുണ്ടോ എന്ന പ്രശ്നമാണ്. നിയമസഭ കൂടുമ്പോൾ 71 അംഗങ്ങൾ ഇപ്പുറത്തുണ്ട്. ശ്രീ. എ. പി. കുര്യൻ രാജിവച്ചശേഷമാണ് 70:70 ആയത്. 71 അംഗങ്ങൾ ഇപ്പുറത്തുണ്ട്. വളരെ വ്യക്തമായിരുന്നു ഭൂരിപക്ഷം.

ശ്രീ. കെ. എം. മാണി : സർ, ആ കാര്യവും ചർച്ചചെയ്യാൻ പാടില്ല. അതു ഗവർണ്ണറുടെ നടപടിയാണ്. സ്പീക്കറുടെയല്ല.

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞു ചർച്ച ചെയ്യാൻ ഞങ്ങളെന്തോ ഭയപ്പെടുന്നുവെന്ന്. ഞങ്ങൾക്കൊരു ഭയവുമില്ല. പക്ഷേ നിയമത്തിനും ചട്ടത്തിനും അനുസരിച്ചു വേണം ചർച്ച. നിയമത്തെയും ചട്ടത്തെയും മറികടന്ന് ഈ സഭയുടെ അന്തസ്സു ഇടിച്ചു താഴ്ത്താൻ പ്രതിപക്ഷം ശ്രമിക്കുന്നതു ദുഃഖകരമാണ്. അതു പാടില്ലെന്നു പറഞ്ഞതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ: ബഹുമാനപ്പെട്ട മാണി പറഞ്ഞു, കൗളും ശക്ധറും ഇതെഴുതുന്നതിനുമുൻപു തന്നെ ഭരണഘടനാനിർമ്മാതാക്കൾ ആലോചിച്ചു എന്ന്. നിയമസഭയോടു റെസ്പോൺസിബിലിററിയുള്ള ക്യാബിനററ് ഗവൺമെൻറിനെയാണ് അവിടെ ഉദ്ദേശിച്ചിട്ടുള്ളത്. ഇതാണെങ്കിൽ സ്പീക്കർ സൂപ്പർ ചീഫ് മിനിസ്ററായിട്ടുള്ള, സ്പീക്കർകൂടി തീരുമാനിച്ചാൽ മാത്രമേ നയങ്ങൾ അംഗീകരിക്കപ്പെടുകയുള്ളൂ എന്ന നിലയിലുള്ള ഒരു സംവിധാനമാണ്. അങ്ങനെയൊരു സംവിധാനം പാർലമെൻററി ഡെമോക്രസിയിൽ ഇല്ല സർ. നടപടിക്രമങ്ങളിൽ ഇല്ല. ഭരണഘടനയിലും ഇല്ല. അങ്ങനെയുള്ള ഒരെണ്ണത്തെപ്പററി കൗൾ ആലോചിക്കേണ്ട സ്ഥിതിവിശേഷം വന്നിട്ടില്ല.

മി. ചെയർമാൻ: ഇവിടെ ബഹുമാനപ്പെട്ട സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കൻമാരുമൊക്കെ പല അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. ഇവിടെ പറയാവുന്ന പ്രധാനപ്പെട്ട സംഗതിയാണു പരാമർശിച്ചത്. ഇവിടെ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഒരു കാര്യം സൂചിപ്പിച്ചു. ഭരണഘടനയെ സംബന്ധിച്ചും ശക്ധറോ കൗളോ ഒക്കെ എഴുതിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും ഇൻറർപ്രട്ടേഷൻസ് ഒക്കെയുണ്ട്. ഇവിടെ ഒരു പുതിയ കീഴ്വഴക്കമാണ് ഉണ്ടായിരിക്കുന്നത്. അതിനെസംബന്ധിച്ചും ഓരോ വ്യാഖ്യാനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നിയമത്തെസംബന്ധിച്ചു നമുക്കറിയാം. നിയമത്തിനു രണ്ടു വശങ്ങളുണ്ട്. അതിൽ ഇൻറർപ്രട്ടേഷൻസ് ഉണ്ടാകും. ആ രണ്ടു വശങ്ങളും ചൂണ്ടിക്കാണിച്ചുവെന്നു മാത്രമേയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറെ സ്ഥാനത്തുനിന്നു നീക്കം ചെയ്യണമെന്ന പ്രമേയമാണു ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നത്. അദ്ദേഹം ആ സ്ഥാനം ഏറെറടുത്തതിൻെറ പിറേറദിവസം നൽകപ്പെട്ട പ്രമേയമാണു നമ്മൾ പരിഗണിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിനെതിരായി പ്രധാനമായി ഉന്നയിച്ചിരിക്കുന്ന സംഗതികളിലൊന്ന് കാസ്ററിംഗ് വോട്ടാണ്. കാസ്ററിംഗ് വോട്ടിനെ സംബന്ധിച്ചു ഭരണഘടനയിൽ വളരെ വ്യക്തമായിപ്പറഞ്ഞിട്ടുണ്ട്. നിയമസഭയിൽ ഒരു മോഷനെ സംബന്ധിച്ചു വോട്ടെടുപ്പിൽ തുല്യത വന്നാൽ

"The Speaker shall exercise his vote" എന്നാണു പറഞ്ഞിരിക്കുന്നത്.

ശ്രീ. ബേബി ജോൺ: സർ, അങ്ങെന്താണു ചെയ്യുന്നത്? ചർച്ചയിൽ പങ്കെടുക്കുകയാണോ?

ശ്രീ. ഇ. അഹമ്മദ്: റൂളിങ്ങാണ്.

മി. ചെയർമാൻ: ഞാൻ പൂർത്തിയാക്കട്ടെ. ഭരണഘടനാപരമായി.......

(ബഹളം)

അതു ഞാൻ തീരുമാനിച്ചു കൊള്ളാം. മി. പങ്കജാക്ഷൻ ദയവായി ഇരിക്കണം.

ശ്രീ. സി. ബി. സി. വാര്യർ: ചെയറിൽ നിന്നു പ്രസംഗിക്കുന്നതു ശരിയല്ല.

മി. ചെയർമാൻ: ചെയറിൽ നിന്ന് എന്തു പറയണമെന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നിഷ്കർഷിക്കാൻ സാധിക്കുകയില്ല. അതു ഞാനനുവദിക്കുകയില്ല.

ഭരണഘടനാപരമായി ഉണ്ടായിരിക്കുന്ന തർക്കമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ അതിനെക്കുറിച്ചു അഭിപ്രായം പുറപ്പെടുവിക്കുന്നു. ഇവിടെ സഭാനേതാവു പറയുന്നത് ഇങ്ങനെയൊരു പരാമർശമുണ്ടായിരിക്കുന്നതുകൊണ്ട് ഭരണകക്ഷിയംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കുന്നില്ലെന്നാണ്. അങ്ങനെ പ്രഖ്യാപിക്കാൻ അവകാശമുണ്ട്. ഞാൻ ആദ്യം തന്നെ സൂചിപ്പിച്ചു ഇതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയ്ക്കു സ്കോപ്പു വളരെ പരിമിതമാണ്. ആ പരിമിതിക്കുള്ളിൽ നിന്നു സംസാരിക്കണമെന്നു ബഹുമാനപ്പെട്ട അംഗങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്തു. അതനുസരിച്ചുള്ള ചർച്ചകൾ ഇവിടെ നടക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. കാസ്റ്റിംഗ് വോട്ടിന്റെ പ്രൊപ്രൈറ്ററിയെ സംബന്ധിച്ചല്ല എന്റെ ചർച്ചാ വിഷയം. What is the impact of the Casting vote അതാണ് എന്റെ പ്രധാനമായ ചർച്ചാവിഷയം. ഇന്നിപ്പോൾ നമ്മുടെ രാജ്യത്ത് പാർലമെന്ററി ജനാധിപത്യ വ്യവസ്ഥിതിയിൽ ഒരു പുതിയ ചീത്ത കീഴ്വഴക്കം സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ചിടത്തോളമാണ് ഞാൻ പ്രധാനമായി സംസാരിക്കുന്നത്. നമ്മുടെ പാർലമെന്ററി ചരിത്രത്തിലോ ഇൻഡ്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്തോ ഇങ്ങനെയൊരു സ്ഥിതി വിശേഷം നിലവിൽ വന്നിട്ടില്ല. നമ്മുടെ രാജ്യത്ത് നിലവിലിരിക്കുന്ന സ്ഥിതിവിശേഷത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നമുക്കറിയാം. നമ്മുടെ രാജ്യത്ത് ഇന്ന് ശ്രീ. എ. സി. ജോസ് അദ്ദേഹത്തിന്റെ പ്രവൃത്തിമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം എന്താണ് ? In Parliamentary democracy we have heard about Government of the people by the people and for the people. That is Abraham Lincoln's dictum. എന്നാൽ ഇന്ന് കേരളത്തിൽ ഉണ്ടായിരിക്കുന്ന സ്ഥിതിവിശേഷം Here there is a Government of the Speaker by the Speaker and for the Speaker. That is the position in Kerala now. ഈ ഒരു സ്ഥിതി വിശേഷം കേരളത്തിൽ സംജാതമായതിനുള്ള ഉത്തരവാദിത്വം ശ്രീമാൻ എ. സി. ജോസിനാണ്. A. C. Jose also has earned notoriety. His initials what does it indicate ? A. C. Means, we have heard about Air Conditioned. Here A. C. means always casting vote Jose. ഇപ്പോൾ വന്നിരിക്കുന്ന സ്ഥിതിവിശേഷം അതാണ്. എ. സി. എന്നുള്ള Initials indicate always casting vote Jose. That is the position. എന്തുകൊണ്ട് ഉണ്ടായി? മിസ്റ്റർ എ. സി. ജോസ് ഇവിടത്തെ ഗവൺമെന്റിന്റെ ടൂളായി മാറി എന്നുള്ളതു കൊണ്ടാണ്, അങ്ങനെ ആകാൻ പാടില്ല. നമ്മുടെ ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസിന്റെ 600 കൊല്ലത്തെ ചരിത്രം പരിശോധിച്ചാൽ എപ്പോഴും സഭയുടെ അന്തസ്സും സഭയുടെ ആഭിജാത്യവും സൂക്ഷിക്കുകയാണ് സ്പീക്കറുടെ മഹനീയ പദവിയെന്ന് കാണാൻ കഴിയും. ബ്രിട്ടീഷ് പാർലമെന്ററി ചരിത്രത്തിലെ ഒരുകാര്യം ഞാൻ ഓർക്കുകയാണ്. 1200-ാം മാണ്ട് Charles Ist ന്റെ കാലത്ത് അന്ന് ഇതുപോലെ ഒരു സ്പീക്കർ അവിടത്തെ ബ്രിട്ടീഷ് രാജാവിന്റെ ചട്ടുകമായിമാറി. ആ സ്പീക്കറെ ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസ് വിചാരണ പോലും നടത്താതെ ശിരഛേദം നടത്തി. ഇവിടെ അത് ചെയ്യണമെന്നല്ല പറയുന്നത്. നമ്മുടെ രാജ്യത്ത് അതിന് വകുപ്പില്ല. ഒന്നുമില്ലെങ്കിലും ഇവിടെ സ്പീക്കറെ ആ സ്ഥാനത്തു നിന്നും നീക്കം ചെയ്യണമെന്നാണ് നാം ആവശ്യപ്പെടുന്നത്. വളരെ നിസ്സാരമായ പണിഷ്മെന്റാണ്. എന്തുകൊണ്ട് ഇതു ഉണ്ടായി ? ഇതിനു സമാനമായ യാതൊരു സംഭവവും ഉണ്ടായിട്ടില്ല, ഈ അടുത്ത കാലത്ത് ബ്രിട്ടീഷ് പാർലമെന്റിൽ ഒരു സംഭവം ഉണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് ഹൗസ് ഓഫ് കോമൺസിൽ floor crossing ന്റെ ഫലമായി 1953 ൽ അന്ന് സ്പീക്കർക്ക് കാസ്റ്റിംഗ് വോട്ടു പ്രയോഗിക്കേണ്ടതായി വന്നു. പക്ഷെ. അവിടെ Floor Crossing Vote ആണ് ചെയ്തത്. അന്ന് ലീഡർ ഓഫ് ദി ഹൗസ് ആയിരുന്ന അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി കാസ്റ്റിംഗ് വോട്ടോടുകൂടി തന്റെ ഗവൺമെന്റ് നിലനിന്നു എന്നു വരില്ല എന്നുള്ളതുകൊണ്ട് അദ്ദേഹം നേരെ No. 10 Downing Street-ൽ അല്ല പോയത് അദ്ദേഹം നേരെ പോയത് Buckinghalm Palace ലേക്ക് ആണ്. അ വി ടെ ചെന്ന് രാജ്ഞിയുടെ അടുക്കൽ തന്റെ രാജി സമർപ്പിക്കുകയും പു തി യ മാൻഡേറ്റിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി തെരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യപ്പെടുകയും ആണ് ചെയ്തത്. ബ്രിട്ടീഷ് പാർലമെൻറിലുള്ള ചരിത്രം അതാണ്. അവിടെ ഒരിക്കലാണ് സ്പീക്കർ അങ്ങനെ വോട്ടു ചെയ്യേണ്ടി വന്നത്. അത് floor crossing വോട്ട് ആണ്. അതും കേരളത്തിൽ നടന്ന സംഭവവുമായി യാതൊരു ബന്ധവുമില്ല. എന്നാൽ ഇന്നു കേരളത്തിലെ സ്പീക്കർ വരുത്തിവച്ചിരിക്കുന്ന സ്ഥിതിവിശേഷം എന്താണ് ? ഇന്ന് ട്രഷറി ബഞ്ച് ഇല്ല. സ്പീക്കേഴ്സ് ബഞ്ച് ആണ്. We are the Speaker's opposition. ഇതിൽ കൂടുതൽ റഡിക്കുലസ്സായിട്ടുള്ള, അവഹേളനാപരമായ ഒരു ജനാധിപത്യ കീഴ്വഴക്കം ഇനി സൃഷ്ടിക്കാൻ ഉണ്ടോ? ഞാൻ സമ്മിശ്ര വികാരത്തോടുകൂടിയാണ് സംസാരിക്കുന്നത്. എനിക്കു ദുഃഖമുണ്ട്. നമ്മുടെ പാർലമെൻററി ജനാധിപത്യ വ്യവസ്ഥിതിയിൽ ഇങ്ങനെയൊരു കറുത്ത അദ്ധ്യായം എഴുതി ചേർക്കുന്നതിന് ശ്രീമാൻ എ. സി. ജോസ് പങ്കെടുത്തല്ലോ എന്നുള്ളതിൽ. പക്ഷെ ഒരു പ്രകാരത്തിൽ എനിക്കു സന്തോഷമുണ്ട്. ആ കറുത്ത ഏടുകൾ മായ്ക്കാനുള്ള തീവ്രമായ ശ്രമം ഈ സഭയിൽ ഇന്നു നടക്കുന്നു എന്നുള്ളതിൽ. എന്നാൽ സ്പീക്കറെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ പറയാനുണ്ട്. നമ്മുടെ ഭരണഘടനയുടെ സൃഷ്ടിയാണ് സ്പീക്കർ.

സർ, ഇന്ന് നമ്മുടെ രാജ്യത്തുള്ള സ്ഥിതിവിശേഷത്തെപ്പററി രണ്ട് വാക്കു പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഇൻഡ്യൻ ഭരണഘടനയുടെ സൃഷ്ടിയാണ് സ്പീക്കർ, ഗവർണ്ണർ, സുപ്രീംകോടതി ഹൈക്കോടതി ഇതെല്ലാം. ശ്രീമതി ഇന്ദിരാഗാന്ധി നേതൃത്വം വഹിക്കുന്ന ഇന്നത്തെ കേന്ദ്ര ഗവൺമെൻറ് ഇതിനെയെല്ലാം mere mockery or farce ആക്കി മാററുകയാണ്. ഈ അടുത്ത കാലത്ത് ഉണ്ടായ സംഭവം പറയാം. ഗവർണ്ണർ എന്നു പറയുന്ന ആ പദവിയെ കേവലം രാഷ്ട്രീയമായ ഉപജാപത്തിനു വേണ്ടി ഉപയോഗിച്ചു ഈ രാജ്യത്തെ കേന്ദ്രഗവൺമെൻറ്. ആസാമിലും കേരളത്തിലും അതാണ് ഉണ്ടായത്. ഗവർണ്ണർ പദവി ദുരുപയോഗപ്പെടുത്തി. ഇതു ഒററപ്പെട്ട സംഭവമല്ലെന്നു പറയാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. ഗവർണ്ണർ പദവി ദുരുപയോഗപ്പെടുത്തി ആസാമിലും കേരളത്തിലും ന്യൂനപക്ഷ മന്ത്രിസഭയെ അധികാരത്തിൽ കൊണ്ടുവന്നു. അതുപോലെയാണ് സ്പീക്കർ പദവി. ഉന്നതമായ കക്ഷിരാഹിത്യം പാലിക്കേണ്ട സ്പീക്കർപദവിയെ ഇന്ദിരാഗാന്ധി പാർട്ടിസാൻ ആവശ്യങ്ങൾക്കുവേണ്ടി ഗവർണ്ണറെ ഉപയോഗപ്പെടുത്തിയതുപോലെയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ശ്രീ. എ. സി. ജോസ് നിസ്സഹായനായിരിക്കും. പക്ഷെ ശ്രീമതി ഇന്ദിരാഗാന്ധിയും അവർ പ്രതിനിധാനം ചെയ്യുന്ന സേച്ഛാധിപത്യശക്തികളും ഇൻഡ്യൻ ഭരണഘടനയുടെ സൃഷ്ടിയായ സ്പീക്കർ പദവിയെ യഥാർത്ഥത്തിൽ കക്ഷിതാൽപ്പര്യത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തിയിരിക്കുകയാണ്. ഏററവും ഒടുവിലുണ്ടായ സംഭവം എന്താണ് ? സുപ്രീം കോടതിയിൽപോലും ഇന്ദിരാഗാന്ധി ഭരണഘടനയെ ലംഘിച്ചിരിക്കുകയാണ്. ബംഗാളിലെ തെരഞ്ഞെടുപ്പു കേസ്സിൽ സുപ്രീം കോടതി തന്നെ കോൺസ്ററിററ്യൂഷൻെറ സൃഷ്ടിയാണ്. എന്നാൽ സുപ്രീം കോടതിയിൽ എന്താണ് ഉണ്ടായത്? എ. കെ. സെന്നും സിദ്ധാർത്ഥശങ്കർ റേയും കൂടി ഇന്നലെ മാപ്പു പറഞ്ഞു. അതു വേറെ കാര്യം. പക്ഷെ അവർ എഴുതി കൊടുത്തതെന്താണ്? നമ്മുടെ ഭരണഘടനാതത്വങ്ങൾ ലംഘിച്ചു കൊണ്ട് പരമോന്നതമായ സുപ്രീംകോടതിയിലെ നാല് ജഡ്ജിമാർക്കെതിരായി അത്യന്തം നീചമായ ആരോപണങ്ങൾ അടങ്ങുന്ന ഒരു പ്രസ്താവന പുറപ്പെടുവിച്ചു; ഹാജരാക്കി രേഖാമൂലം. കോടതി അത് പ്രസിദ്ധപ്പെടുത്തരുതെന്ന് പറഞ്ഞു. പക്ഷെ എന്താണ് ഉണ്ടായത് ? ഇന്നലെ അവർ മാപ്പു പറഞ്ഞു. സുപ്രീം കോടതിയെ ഭരണകക്ഷിയുടെ ചട്ടുകമാക്കാൻവേണ്ടിയുള്ള ഒരു പരിശ്രമത്തിൻെറ ഭാഗം. ഗവർണ്ണറെ ചട്ടുകമാക്കാൻ വേണ്ടിയുള്ള ... പരിശ്രമം

LIBRARY ARCHIVES Kerala Legislative Assembly

മറുഭാഗത്ത്. കേരളം സ്പീക്കറെ തങ്ങളുടെ കക്ഷി താൽപ്പര്യം സ്ഥാപിച്ചെടുക്കാൻവേണ്ടി ഒരു ഉപകരണമാക്കി മാററിയിരിക്കുകയാണ്. മാത്രമല്ല അവസാനം ഇന്ദിരാഗാന്ധി ആലോചിക്കുന്നത് basic features of the Constitution നമ്മുടെ ഭരണഘടനയിലെ മൗലികമായ തത്വത്തെ തന്നെ നിർത്തലാക്കികൊണ്ട് പ്രസിഡൻഷ്യൽ സമ്പ്രദായം ഏർപ്പെടുത്തണമെന്നും വംശാധിപത്യം സ്ഥാപിക്കണമെന്നും ആഗ്രഹിക്കുന്ന ശ്രീമതി ഗാന്ധിയുടെ പ്രവർത്തനത്തിന്റെ ഒരു ഭാഗമാണ് കേരളത്തിൽ ഇന്നു കണ്ടത്. ജനാധിപത്യ കീഴ്വഴക്കങ്ങളെയെല്ലാം ലംഘിച്ചുകൊണ്ടുള്ള ഒരു നടപടിക്രമം. ഈ രീതിയിൽ ഇതിനെ ഒരു ഐസൊലേററഡായിട്ടുള്ള സംഭവമായി കണ്ടാൽ പോരാ. നമ്മുടെ രാജ്യത്ത് നിരന്തരമായി നടക്കുന്ന ജനാധിപത്യപ്രക്രിയയെ വിഘാതപ്പെടുത്തുന്ന, ഭരണഘടനയെ വെല്ലുവിളിക്കുന്ന സേച്ഛാധിപത്യ പ്രവണതയുടെ ഭാഗമായിട്ടാണ് കേരളത്തിലെ സ്പീക്കർ പദവിയെ ദുരുപയോഗപ്പെടുത്തിയതെന്നു ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ബ്രിട്ടീഷ് പാർലമെൻറിൽ രാജ്ഞി കഴിഞ്ഞാൽ സ്പീക്കർ ഏററവും വലിയ സ്ഥാനമുള്ള ആളാണ്. സ്പീക്കർ കക്ഷിരഹിതനായിരിക്കണം. സ്പീക്കർ ഹൗസ് ഓഫ് കോമൺസിലെ മെമ്പർമാരോടു പോലും സംസാരിക്കാൻ പാടില്ല എന്നുള്ളതാണ് സ്പീക്കർക്കുള്ള നിർദ്ദേശം. നിർഭാഗ്യമെന്നു പറയട്ടെ എന്റെ ബഹുമാന്യസുഹൃത്ത് ശ്രീ. എ. സി. ജോസ് ഈ രാജ്യത്ത് മഹോന്നതമായ സ്പീക്കർ പദവിയെ കേവലം കക്ഷി രാഷ്ട്രീയത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തി എടുത്തിരിക്കുകയാണ്. ഈ രാജ്യത്തുണ്ടായ സകല കുഴപ്പങ്ങൾക്കും കാരണം ബഹുമാനപ്പെട്ട ശ്രീ. എ. സി. ജോസ്സിന്റെ ഒരു തീരുമാനമാണ്. സ്ററാറസ്കോ നിലനിർത്തണമെന്നുള്ള ആവശ്യമല്ല. നമ്മുടെ ഇൻഡ്യൻ പാർലമെൻറിൽ തന്നെ സ്ററാററസ്കോ നിലനിറുത്തണമെന്ന കാര്യത്തിൽ എന്താണ് പറയുന്നത്. Invariably Status quo നിലനിറുത്തണമെന്നല്ലാ അതുപോലും ലംഘിച്ചുകൊണ്ട് ഈ രാജ്യത്ത് പുതിയൊരു ചീത്ത കീഴ്വഴക്കം സൃഷ്ടിച്ചു ഒരിക്കൽപ്പോലും ന്യായീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് ശ്രീ. എ. സി. ജോസ്സ് ഈ കാര്യത്തിൽ ചെയ്തിട്ടുള്ളത്.

ഇന്ന് കേരളാ നിയമ സഭയിൽ നടക്കുന്നതുപോലുള്ള ഒരു ചർച്ച തമിഴ്നാട് നിയമസഭയിൽ ഒരിക്കൽ നടന്നു. അന്ന് മതിയഴകനായിരുന്നു നിയമസഭാ സ്പീക്കർ. തമിഴ്നാട് നിയമസഭയിൽ അന്ന് എം. ജി. രാമചന്ദ്രന്റെ അവിശ്വാസപ്രമേയവും അതൊടൊപ്പം മീരാസ്വാമി അവതരിപ്പിച്ച "Removal of the Speaker under Rule 79 sub-clause (c)" അനുസരിച്ചുള്ള പ്രമേയവും ചർച്ചയ്ക്ക് വന്നു.

അന്ന് അതുപോലെ തന്നെ അദ്ധ്യക്ഷത വഹിക്കാനുള്ള സന്ദർഭം നിഷേധിച്ചു. അവിടെ ചർച്ച ചെയ്തിട്ട് വോട്ടുചെയ്യാൻ തീരുമാനിച്ചു. Voice vote നു മാത്രം തീരുമാനിച്ചു കളഞ്ഞു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരു ചർച്ച വന്നു. അന്ന് മദ്രാസ് ഹൈക്കോടതിയിൽ നിന്നും വന്ന വിധിയുണ്ട്. അതിലെ പ്രസക്ത ഭാഗം വായിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഇവിടെ പറഞ്ഞതല്ലാ ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്തുകൂടായെന്ന്? ചർച്ച ചെയ്യാം. എല്ലാ വിഷയങ്ങളും ചർച്ച ചെയ്യാം. സ്പീക്കറുടെ കാസ്ററിംഗ് വോട്ടിനെക്കുറിച്ചല്ല മദ്രാസ് നിയമസഭയിൽ ചർച്ച വന്നത്. പക്ഷെ സ്പീക്കറുടെ പദവിയെ സംബന്ധിച്ചും സ്പീക്കറിൽ നിക്ഷിപ്തമായ അധികാരങ്ങളെ സംബന്ധിച്ചും സ്പീക്കർ അങ്ങനെയുള്ള സന്ദർഭങ്ങളിൽ എടുക്കേണ്ട തീരുമാനങ്ങളെ സംബന്ധിച്ചുമെല്ലാം 1972—ൽ തമിഴ്നാട് നിയമസഭയിൽ വന്ന നടപടിക്രമങ്ങളിലുണ്ട്. അന്ന് മദ്രാസ് ഹൈക്കോടതിയുടെ വിധിയിൽ ഇങ്ങനെയാണ് പറയുന്നത്. ഇങ്ങനെയുള്ള ഒരു സിററുവേഷനിൽ ഒരു റിമൂവൽ നോട്ടീസ് വന്നാൽ സ്പീക്കർ ചെയ്യേണ്ട നടപടി ക്രമം എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറയുന്ന ഭാഗം ഞാൻ വായിക്കാം. ശ്രീ. എ. സി. ജോസിന് പ്രയോജനപ്പെട്ടില്ലെങ്കിലും ഇനിയെങ്കിലും ഇതുപോലുള്ള നടപടി ക്രമം ഉണ്ടാകാതിരിക്കാൻ വേണ്ടിയും ശ്രീ. കെ. കരുണാകരനെങ്കിലും പ്രയോജനപ്പെടട്ടേയെന്നു കരുതിയാണ് ഞാൻ വായിക്കാനുദ്ദേശിക്കുന്നത്.

Moving of a resolution : The moving of a resolution of censure against the Chair is necessarily a distasteful procedure, but the right to do so is indispensable to the machinery of a free Parliament. This is a quotation. Now the Speaker should find it difficult to fulfil th functions of the Chair knowing that the lack of confidence of a sizable body of opinion in the House. സർ, അവിടെ മെജോറിറ്റി പ്രശ്നമല്ല. മദ്രാസ് ഹൈക്കോടതി വിധിയിൽ പറയുന്നത് ഒരു സൈസബിൾ ഒപ്പിനിയൻ പാർലമെന്റിൽവന്നു കഴിഞ്ഞാൽ അല്ലെങ്കിൽ അസംബ്ലിയിൽ വന്നുകഴിഞ്ഞാൽ ആ സ്പീക്കർ തുടരേണ്ട എന്നാണ്. സ്പീക്കർക്കെതിരായി ഒരു സെൻസർമോഷൻ വന്നു കഴിഞ്ഞാൽ ആ സെൻസർമോഷന് ഭൂരിപക്ഷമുണ്ടോ ഇല്ലയോയെന്നുള്ളത് ടെക്നിക്കലായിട്ടുള്ള പ്രശ്നമാണ്. ജനാധിപത്യത്തിൽ പാർലമെന്ററി ഡീസൻസിയും പാർലമെന്ററി ഡെമോക്രസിയും അവകാശപ്പെടുന്നത്, ഒരു സൈസബിൾ സെക്ഷൻ, ഗണ്യമായ ഒരു വിഭാഗം മെമ്പർമാർ സ്പീക്കർക്കെതിരായി സെൻസർമോഷൻ കൊണ്ടുവന്നാൽ കടിച്ചുതൂങ്ങുന്നത് അത് ജനാധിപത്യകീഴ്വഴക്കങ്ങൾക്ക് ചേരാത്തതാണ് എന്നാണ്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് എ. സി. ജോസിനെക്കുറിച്ച് പറയുകയാണെങ്കിൽ അദ്ദേഹം ഭരണകക്ഷിയുടെ ചട്ടുകമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ രാജ്യത്തു നടക്കുന്ന സകല കൊള്ളരുതായ്മകൾക്കും പരോക്ഷമായ ഉത്തരവാദി സ്പീക്കറാണ്. ഈ രാജ്യത്തെ പോലീസ് മർദ്ദനങ്ങൾക്ക് ഉത്തരവാദി സ്പീക്കറാണ്, ഈ രാജ്യത്തെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങൾ ലംഘിക്കുന്നത് സ്പീക്കറാണ്. അങ്ങനെ ഈ രാജ്യത്തു നടക്കുന്ന എല്ലാ കൊള്ളരുതായ്മകൾക്കും റബ്ബർ സ്റ്റാമ്പായി മാറിയിരിക്കുന്ന ബഹുമാന്യ സുഹൃത്ത് എ. സി. ജോസ് പാർലമെന്ററി ജനാധിപത്യ മര്യാദ അനുസരിച്ച് House of Commons-ന്റെ തത്വങ്ങൾ അനുസരിച്ച് ഒരു നിമിഷംപോലും ഈ സഭയിൽ തുടരാൻ പാടില്ല. അദ്ദേഹം രാജിവയ്ക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരുംകൂടി ഐക്യകണ്ഠ്യേന ഈ പ്രമേയം പാസ്സാക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. കെ. ശ്രീനിവാസൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ഒരു സ്പീക്കർക്കെതിരായി ഒരവിശ്വാസപ്രമേയം കൊണ്ടുവരുന്നത് ആദ്യമായിട്ടാണ്. അത്യുന്നതമായ പാരമ്പര്യം പുലർത്തിയിട്ടുള്ള ഒരു സഭയാണിത്. തിരുവിതാംകൂർ നിയമസഭയുടെ കാര്യമെടുത്താലും തിരു-കൊച്ചി നിയമസഭയുടെ കാര്യമെടുത്താലും കേരള നിയമസഭയുടെ കാര്യമെടുത്താലും മഹോന്നതമായ പാരമ്പര്യം പുലർത്തിയിട്ടുള്ള, ജനാധിപത്യപാരമ്പര്യം പുലർത്തിയിട്ടുള്ള ഒരു സഭയാണ് ഇതെന്ന് ഇൻഡ്യയിലെ ഏതു സംസ്ഥാനത്തെക്കുറിച്ച് പരിശോധിച്ചാലും കാണാൻ കഴിയും. അതിൽ നാമെല്ലാം അഭിമാനം കൊള്ളണം. ഞാൻ ഇന്നു നിയമസഭയിലേയ്ക്ക് കടന്നുവന്നപ്പോൾ മഹോന്നതൻമാരായ സ്പീക്കർമാരുടെ പേരുകൾ തങ്കലിപികളിൽ എഴുതിവച്ചിരിക്കുന്നതു കണ്ടു. അതിൽ എനിക്ക് അഭിമാനം തോന്നി. ശ്രീ. സീതീസാഹിബ് ശ്രീ. ശങ്കരനാരായണൻ തമ്പി, ഉന്നത ശ്രേഷ്ഠനായ ശ്രീ. കെ. പി. നീലകണ്ഠപിള്ള ഇങ്ങനെ തുടങ്ങുന്ന ലിസ്റ്റിൽ അടിയിലായി ശ്രീ. എ. സി. ജോസിന്റെ പേരും കണ്ടു. എനിക്ക് അതിൽ സന്തോഷം തോന്നിയില്ല. തങ്ക

LIBRARY ARCHIVES Kerala Legislative Assembly

ലിപികളിൽ തന്നെ ശ്രീ. എ. സി. ജോസിന്റെ പേരും എഴുതിവച്ചിരിക്കുകയാണ്. അടിയിൽ പലക അടിച്ച് ആണിയും അടിച്ച് ചായവും അടിച്ചിരിക്കുകയാണ്. സർ, ഞാനൊരു ഭരണഘടനാ വിദഗ്ധനൊന്നുമല്ല. സ്പീക്കറെ സംബന്ധിച്ചിടത്തോളം ചില സങ്കൽപ്പങ്ങളെല്ലാം ഈ രാജ്യത്തെ ജനങ്ങൾക്കും ഈ നിയമസഭയ്ക്കും ഉണ്ട്. ഒരു സ്പീക്കർ എപ്പോഴും നിഷ്പക്ഷമതിയായിരിക്കണം; കക്ഷി രാഷ്ട്രീയത്തിന് അതീതനായിരിക്കണം; സർവ്വോപരി ഒരു സ്പീക്കർ ഈ നിയമസഭയുടെ പൊതുജിഹ്വയായിരിക്കണം. ഞാൻ ഖേദപൂർവ്വം പറയട്ടെ ശ്രീ. എ. സി. ജോസ് ഈ നിയമസഭയുടെ അധ്യക്ഷനായതിനുശേഷം നിഷ്പക്ഷനായി പെരുമാറിയോ? കക്ഷിരാഷ്ട്രീയത്തിന് അതീതനായി പെരുമാറിയോ? ഈ നിയമസഭയുടെ പൊതുജിഹ്വ എന്നുള്ള മഹോന്നത പദവി കാത്തുസൂക്ഷിച്ചോ? ഇല്ല. ഇല്ലായെന്നു ഖേദപൂർവ്വം ഞാൻ പറയുകയാണ്. ഭരണഘടനയിലെ 189-ാം വകുപ്പനുസരിച്ച് നിയമസഭയുടെ ആദ്യവോട്ടെടുപ്പിൽ ഒരു സ്പീക്കർ വോട്ടു ചെയ്യാൻ പാടില്ല. അദ്ദേഹം വോട്ട് ചെയ്തു. അദ്ദേഹം വോട്ടു ചെയ്തത് ഭരണഘടനയിലെ 189-ാം വകുപ്പ് ഉദ്ധരിച്ചുകൊണ്ടുതന്നെയാണ്. ചെകുത്താൻ വേദമോതുന്നതുപോലെ അദ്ദേഹം അതുദ്ധരിച്ചുകൊണ്ട് തന്നെ വോട്ടു ചെയ്തു. അദ്ദേഹം സ്പീക്കറായതിൽ ഞങ്ങൾക്ക് കുണ്ഠിതമോ ? ഞങ്ങൾക്കു സന്തോഷമേ ഉണ്ടായിരുന്നുള്ളു. ഒരു വിദ്യാർത്ഥി നേതാവായും ഒരു യുവജന നേതാവായും ഒരു തൊഴിലാളി നേതാവായും വളർന്ന ശ്രീ. എ. സി. ജോസ് ആ കസേരയിൽ, ശ്രീ. കെ. പി. നീലകണ്ഠപിള്ള ഇരുന്ന കസേരയിൽ ഇരുന്നപ്പോൾ ഞങ്ങൾക്ക് സന്തോഷം തോന്നി. പക്ഷേ പിന്നീട് ആശങ്കയും ഉൽക്കണ്ഠയും ഉണ്ടായി. അത് ആ സാഹചര്യമായിരുന്നു. എന്തായിരുന്നു ആ സാഹചര്യം? മുഖ്യമന്ത്രിയെന്നു പറയുന്ന കരുണാകരൻ ഉണ്ടല്ലോ രണ്ടു മൂന്നു ദിവസം മുൻപ് അദ്ദേഹത്തിന്റെ പാർട്ടി പ്രവർത്തകരോട് ഒരു പ്രസംഗം നടത്തി, വി. ജെ. ടി. ഹാളിൽവച്ച്. ആ പ്രസംഗം എന്തായിരുന്നുവെന്നറിയാമോ? ഈ ഗവൺമെന്റിന് നിയമസഭയിൽ 71 പേരുടെ പിന്തുണയുണ്ട് എന്നുള്ളതായിരുന്നു. സർ, ഞാനൊന്നു ചോദിക്കട്ടെ എഴുപത്തിയൊന്നാമത്തെ പേര് ഇവിടെ സ്പീക്കർ ആയിരിക്കുന്ന ശ്രീ. എ. സി. ജോസ് അല്ലെങ്കിൽ പിന്നെ ആരാണെന്ന് അദ്ദേഹം വ്യക്തമാക്കണം. അത്ര പച്ചയായി ഈ മന്ത്രിസഭ ഉണ്ടായകാലം മുതൽ അതിന് ജന്മംകൊടുക്കുന്നതിന് മുൻപു മുതൽ ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറയുന്ന കാര്യമാണ്. ഭൂരിപക്ഷമുണ്ട് എന്ന്. ആ ഭൂരിപക്ഷം സ്പീക്കറായിരിക്കുന്ന ശ്രീ. എ. സി. ജോസിനെക്കൂടി ഉൾപ്പെടുത്തിയാണ്. അതിലാണ് ഞങ്ങൾക്കു സങ്കടം. അദ്ദേഹം ഒന്നല്ല ഏഴ് തവണ കാസ്റ്റിംഗ് വോട്ട് ചെയ്തു. പണ്ട് കൗരവസദസ്സിൽവച്ച് ദുശ്ശാസനൻ ദ്രൗപതിയെ വസ്ത്രാക്ഷേപം ചെയ്തുകളഞ്ഞു. അതുപോലെതന്നെ ഈ പരമോന്നതമായ നിയമസഭാവേദിയിൽ വച്ച്, ജനാധിപത്യത്തിന്റെ ശ്രീകോവിലിൽവച്ച് ഒന്നല്ല ഏഴ് പ്രാവശ്യം ശ്രീ. എ. സി. ജോസ് ഇവിടത്തെ ജനാധിപത്യ പാരമ്പര്യത്തെ വസ്ത്രാക്ഷേപം ചെയ്തു കളഞ്ഞു. നല്ല കാര്യങ്ങൾക്ക് വേണ്ടി അദ്ദേഹത്തിന്റെ കൈ പൊക്കിയിരുന്നുവെങ്കിൽ അതിൽ ഞങ്ങൾ സന്തോഷിക്കുമായിരുന്നു. സാങ്കേതികത്വം എന്തും ആയിരിക്കട്ടെ, നല്ലകാര്യങ്ങൾക്ക് വേണ്ടി അദ്ദേഹത്തിന്റെ കൈ പൊങ്ങുമായിരുന്നുവെങ്കിൽ അതിൽ ഞങ്ങൾക്ക് സന്തോഷമേ തോന്നുകയുള്ളു.

എസ്. എൻ. കോളേജിൽ കഴിഞ്ഞ രണ്ടുദിവസങ്ങളിൽ എന്താണ് നടക്കുന്നത്? രണ്ടു ദിവസംകൊണ്ട് അവിടെ പോലീസിന്റെ തേർവാഴ്ചയാണു നടക്കുന്നത്. കോളേജിൽ അഞ്ഞൂറിലധികം സായുധപോലീസുകാർ നിൽക്കുന്നു. അവിടെ കയറുന്ന കുട്ടികളെ തല്ലുന്നു, തെരുവുകളിലിട്ട് കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

കളെ തല്ലുന്നു, സത്യാഗ്രഹം നടത്തുന്ന കുട്ടികളെ തല്ലുന്നു, ജാഥ നടത്തുന്ന കുട്ടികളെ തല്ലുന്നു. ഒരു വിദ്യാർത്ഥി നേതാവായിരുന്ന ശ്രീ. എ. സി. ജോസിന് വിദ്യാർത്ഥികളെ തല്ലുന്നതിൽ സന്തോഷമാണ്. എസ്. എൻ. കോളേജിലെ വിദ്യാർത്ഥികളെ അടിച്ചമർത്തിക്കളയുമെന്ന് കഴിഞ്ഞ മൂന്നു നാലു ദിവസങ്ങൾക്ക് മുൻപ് മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ചിന്നക്കടയിൽവച്ച് പറയുകയുണ്ടായി. കൊല്ലത്തെ പോലീസ് അതിനു തയ്യാറായില്ലെങ്കിൽ വേറൊരുകാര്യം ആലോചിക്കുമെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെ പറഞ്ഞ ശ്രീ. കെ. കരുണാകരനുവേണ്ടി, വിദ്യാർത്ഥികളെ തല്ലുന്ന പോലീസിനുവേണ്ടി, ക്ലാസ് മുറികളിൽ പ്രവേശിക്കുന്ന പോലീസിനുവേണ്ടി-കൈ പൊക്കുന്ന ശ്രീ. എ. സി. ജോസിനെ ഓർത്ത്, പഴയ വിദ്യാർത്ഥി നേതാവിനെ ഓർത്ത് ഞാൻ ലജ്ജിക്കുന്നു. നമ്മളെല്ലാവരും കൂടി തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലില്ലായ്മാവേതനം കൊടുക്കുവാൻ തീരുമാനിച്ചു. ഈ രാജ്യത്തു തൊഴിലില്ലാത്ത ചെറുപ്പക്കാർ ഉണ്ടായതിന് കുറ്റക്കാർ അവരോ അവരുടെ മാതാപിതാക്കളോ അല്ല. മറിച്ച് കഴിഞ്ഞ പത്തു മുപ്പത്തിരണ്ട് സംവൽസരക്കാലമായി ഈ രാജ്യത്തെ കുത്തകമുതലാളിമാർ നടത്തുന്ന ഭരണത്തിന്റെ ഫലമായിട്ടാണിത്. അതുകൊണ്ട് അവർക്ക് ഒരു ചെറിയ സൗജന്യം നൽകിയിരുന്നതിനെ നിറുത്തിവയ്ക്കുന്നതിനുവേണ്ടി ആണ് ശ്രീ. എ. സി. ജോസ് കൈ പൊക്കുന്നത്. ഈ രാജ്യത്തെ ഹരിജനങ്ങളെ അടിച്ചമർത്തുന്നു, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനെതിരായി നടത്തുന്ന സമരങ്ങളെ അടിച്ചമർത്തുന്നു, വിദ്യാർത്ഥിസമരങ്ങളെ അടിച്ചമർത്തുന്നു, ഇതിനെല്ലാം വേണ്ടിയാണ് ശ്രീ. എ. സി. ജോസ് കൈപൊക്കുന്നത്. ഈ നിയമസഭയിലെ ഒരംഗമായിരുന്ന കുമാരനാശാൻ ദൂഷിതമായ ന്യായാസനം എന്നൊരു കവിത എഴുതി. അത് സ്പീക്കറെ സംബന്ധിച്ചല്ല; ഒരു മജിസ്ട്രേട്ടിനെക്കുറിച്ച്. സ്പീക്കറെ പോലെ നിഷ്പക്ഷനായിരിക്കേണ്ട സത്യസന്ധത പുലർത്തേണ്ടുന്ന, മഹോന്നതപദവിയിൽ ഇരിക്കുന്ന മജിസ്ട്രേട്ടിനെക്കുറിച്ച് എഴുതി. എപ്പോഴാണ്? അദ്ദേഹത്തിന്റെ പദവി ഉപയോഗിച്ച് സാർത്ഥതാല്പര്യം നിലനിറുത്തുവാൻ വേണ്ടി കക്ഷിതാല്പര്യം വച്ചുകൊണ്ട് ഒരു വിധിയെഴുതി. അതിനെതിരായി കുമാരനാശാൻ എഴുതിയ ദൂഷിതമായ കവിത ഞാൻ ഇവിടെ ചൊല്ലാം.

> ആഹാ നിർമ്മലനീതിപീഠവരമേ നിൻമേൽ ദുരാത്മാവൊരാ
> സാഹങ്കാരതിരിപ്പതെങ്ങനെ സഹിച്ചീടേണ്ടു കണ്ടീ ജനം;
> ഊഹിക്കാമിനി യജ്ഞപീഠമതിലേറാം ഹീനനാം ശൗനികൻ
> മോഹിക്കാം പതിദേവതൻ മൃദുലമാം പൂമെത്ത ധൂർത്തൻ വിടൻ.

മജിസ്ട്രേട്ടിനെപ്പറ്റി അല്ലെങ്കിലും കുമാരനാശാൻ ശ്രീ. എ. സി. ജോസിനെപ്പറ്റിയാണോ ഈ കവിതയെഴുതിയത് എന്ന് ഓർത്തുപോയി. സർ, ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. അങ്ങും ശ്രീ. എ. സി. ജോസും കൃസ്തുമത വിശ്വാസികളാണ്. കൃസ്തുമതവിശ്വാസികൾക്ക് പശ്ചാത്താപം പ്രായശ്ചിത്തം ആകാം. ഈ രാജ്യത്തെ വിദ്യാർത്ഥികളെ തച്ചുതകർക്കുന്നതിനുവേണ്ടി, തൊഴിലാളികളെ തച്ചുതകർക്കുന്നതിനുവേണ്ടി പാവങ്ങളെ തച്ചുതകർക്കുന്നതിനുവേണ്ടി, കണ്ടമാനം പ്രാവശ്യം കൈപൊക്കുന്ന അദ്ദേഹത്തിന്റെ പാപഭാരം ഒഴിവാക്കുന്നതിനുവേണ്ടി അദ്ദേഹത്തിനു പറയാം അപ്പപ്പോൾ ചെയ്തൊരു തെറ്റുകൾക്കെല്ലാം ഈ പശ്ചാത്താപമേ പ്രായശ്ചിത്തം എന്ന് ശ്രീ. എ. സി. ജോസ് ഈ നിയമസഭാനടപടികൾ അവസാനിക്കുന്നതിന് മുൻപ് ഞാൻ രാജിവച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ സന്തോഷമായിരിക്കും. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ : ഇത്രയും പ്രധാനപ്പെട്ട ഒരു ചർച്ച നടക്കുമ്പോൾ ഭരണകക്ഷികൾ അതിൽ പങ്കെടുക്കുന്നില്ലെന്നു പറഞ്ഞു. നമ്മളെല്ലാവരും മന്ത്രിമാരുടെ അടുക്കൽ നിവേദനവും ചർച്ചയുമൊക്കെ നടത്താറുണ്ട്. എന്നാൽ അതു മാത്രമായിട്ട് നടത്താൻ അവർ തീരുമാനിച്ചാൽ എങ്ങനെയാണ്. സെക്രട്ടേറിയററിൽ എങ്ങാനും പോയിരുന്ന് ചെയ്യട്ടെ. ഈ നിയമസഭയിലിരുന്ന് ഈ ചർച്ചയെ അലങ്കോലപ്പെടുത്തുന്നത് ശരിയല്ല. ഇത് വളരെ മോശമാണ്.

ശ്രീ. ഇ. അഹമ്മദ് : മെമ്പറൻമാർക്ക് മന്ത്രിമാരെ കാണാനുള്ള അവകാശം അവരുടെ സ്വന്തമായ പ്രിവിലേജാണ്. അത് പാടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ശരിയാണോ ?

ശ്രീ. പി. സി. ചാക്കോ : സ്പീക്കർക്കെതിരായ അവിശ്വാസ പ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കേണ്ടി വന്നതിൽ ശ്രീ. ശശീന്ദ്രൻ സൂചിപ്പിച്ചതുപോലെ ഞാൻ അതീവ ദുഃഖിതനാണ്. ആ ദുഃഖം ഉന്നതമായ ജനാധിപത്യ പാരമ്പര്യങ്ങൾ തകർന്നുവീഴുന്നത് കാണുമ്പോൾ ഉണ്ടാകുന്ന ദുഃഖമാണ്. രാഷ്ട്രീയ കുതിരക്കച്ചവടത്തിന്റെയും കൂറുമാററത്തിന്റെയും രക്തസാക്ഷിയായി, കക്ഷിരാഷ്ട്രീയത്തിനതീതനായി കക്ഷി ബന്ധങ്ങൾക്കതീതനായി ഈ നിയമസഭയിൽ പരിശ്രമിക്കേണ്ട സ്പീക്കർ, മാറുന്നത് കാണുമ്പോൾ ഉണ്ടാകുന്ന ദുഃഖമാണ്. ഭൂരിപക്ഷമില്ലാത്ത ഒരു മന്ത്രിസഭ പടച്ച് ഉണ്ടാക്കി കേന്ദ്രഗവൺമെൻറിന്റെ സംരക്ഷണംകൊണ്ടുമാത്രം അധികാരത്തിൽ തുടരുന്ന അധികാര ദുർവിനിയോഗം നടത്തുന്ന ന്യൂനപക്ഷ മുഖ്യമന്ത്രിയുടെ അധികാര തവരയുടെമുമ്പിൽ നൂററാണ്ടുകാലമായി ഉരുത്തിരിഞ്ഞുവന്ന ബ്രിട്ടീഷ് പാർലമെൻററി മര്യാദകൾ തകർന്ന് വീഴുന്നത് കാണുമ്പോൾ ഉണ്ടാകുന്ന ദുഃഖമാണ്. ജനാധിപത്യ മര്യാദകൾ തകർന്ന് വീഴുന്നത് കാണുമ്പോൾ പാർലമെൻററി ഭരണസംപ്രദായം തകർന്നു വീഴുന്നതു കാണുമ്പോൾ ഉള്ളിൽ ഊറിചിരിക്കുന്ന ചില ആളുകളെങ്കിലും ഈ നിയമസഭാവേദിയിൽ ഉണ്ടാകുമെന്ന് നമുക്കറിയാം. ജനാധിപത്യ ഭരണ സമ്പ്രദായം മാററി അവിടെ പ്രസിഡൻഷ്യൽ ഭരണസമ്പ്രദായം അവരോധിക്കുന്നതിനുവേണ്ടി ഗൂഢാലോചന നടത്തുന്ന ഇന്ദിരാകോൺഗ്രസിന്റെ ചില എം. എൽ. എ. മാർക്ക് അല്ലെങ്കിൽ നേതാക്കൻമാർക്ക് സന്തോഷമുണ്ടാകുന്നത് മനസ്സിലാക്കാം. ജനാധിപത്യമര്യാദ ഈ രാജ്യത്ത് നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന മറെറാരു പൗരനും ഇത്തരമൊരു സാഹചര്യത്തിൽ സന്തോഷിക്കാൻ കഴിയുകയില്ല. ശ്രീ. എ. സി. ജോസിനെ സ്പീക്കറായി തെരഞ്ഞെടുത്ത സന്ദർഭത്തിൽ ഈ സഭയിൽ ഉണ്ടായിരുന്ന വികാരഭരിതമായ രംഗം ഞാൻ അനുസ്മരിക്കുന്നു. കഴിഞ്ഞ ഒന്നുരണ്ട് ദശാബ്ദങ്ങളായി ശ്രീ. എ. സി. ജോസുമായി വളരെയേറെ വ്യക്തിബന്ധം പുലർത്തുന്ന അദ്ദേഹത്തിന്റെ ഉററ ചങ്ങാതിയും സഹപ്രവർത്തകനുമാണ് ഞാൻ. ജോസിനെ അനുമോദിച്ചുകൊണ്ട് അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ട് ഈ നിയമസഭയിൽ പല അംഗങ്ങളും സംസാരിക്കുന്നത് കേട്ടപ്പോൾ പ്രതിപക്ഷത്തിരുന്നുകൊണ്ടാണെങ്കിലും, അദ്ദേഹത്തിന്റെ ക്ലേശകരമായ ദൗത്യത്തിന്റെ ബുദ്ധിമുട്ട് ഊഹിക്കാൻ കഴിയുമായിരുന്നെങ്കിലും, ശ്രീമാൻ ജോസ് സ്പീക്കറായികണ്ടപ്പോൾ ഏററവും അധികം സന്തോഷിക്കുകയും ആ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്ത ഒരാളാണ് ഞാൻ. ഈ നിയമസഭയിലെ പ്രഗൽഭൻമാരായ സ്പീക്കർമാരെപ്പററി എന്നെപ്പോലെ ശ്രീ. ജോസിനും ഈ നിയമസഭയിലെ മുഴുവൻ ആളുകൾക്കും അറിയാം. ശ്രീ. സി. എച്ച്. മുഹമ്മദുകോയ ഇന്ന് അപ്പുറത്തിരിക്കുന്നു. ഇന്ന് അദ്ദേഹവുമായി എന്ത് അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നാലും ശരി ഈ നിയമസഭയുടെ ചരിത്രത്തിലെ

പ്രഗത്ഭനായ സ്പീക്കറായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദുകോയ അതുപോലെതന്നെ ശ്രീ. സീതിസാഹിബ്ബ്, ശ്രീ. കെ. പി. നീലകണ്ഠപിള്ള ഇൻഡ്യൻ പാർലമെന്ററി ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയിട്ടുള്ള മൗലങ്കാറിന്റെയും അതുപോലെതന്നെ അയ്യങ്കാറിന്റെയുമെല്ലാം പട്ടികയിൽ ആ നാമധേയത്തോടൊപ്പം ശ്രീ. എ. സി. ജോസിന്റെ പേരും പരിശോധിക്കണം. പാർലമെന്ററി ഭരണസമ്പ്രദായത്തിൽ ഉന്നതമായ സംഭാവനകൾ നൽകിയ പ്രഗത്ഭനായ സ്പീക്കറായി കാലം ജോസിനെ അംഗീകരിക്കുന്നത് കാണാൻ വികാരഭരിതനായി കാത്തിരുന്ന ഒരാളാണ് ഞാൻ. ഇന്ന് ഞാൻ ഏററവുമധികം ദുഃഖിക്കുന്നു, ശ്രീ. എ. സി. ജോസിനെകൊണ്ട് അപഹാസ്യമായ ഈ വേഷം കെട്ടിച്ച കരുണാകരനും കൂട്ടരും നിശബ്ദത പാലിക്കുന്നു. ഈ ചർച്ച കേരളനിയമസഭയുടെ ചരിത്രത്തിൽ ഒരുപക്ഷേ ഏററവും നിർണ്ണായകമെന്ന് വിശേഷിപ്പിക്കാവുന്ന ചർച്ചയാണ്. ആ ചർച്ചയിൽ ഭരണകക്ഷികൾ പങ്കെടുക്കണ്ടായെന്ന് തീരുമാനിച്ചിരിക്കുന്നു. സ്പീക്കർ സ്ഥാനത്തുനിന്നും താഴെ ഇറങ്ങിവന്ന് ചർച്ചകളിൽ പങ്കെടുക്കുന്ന ശ്രീ. ജോസിനോട് അഭ്യർത്ഥിക്കുന്നു. പ്രിയപ്പെട്ട ജോസ് പൊതുജീവിതത്തിന്റെ പാരമ്പര്യവുമായി താങ്കൾ ഉന്നതമായ ഒരു സ്ഥാനത്തേക്കു വന്നു. ചെറുപ്പത്തിൽതന്നെ ഇത്രയും ഉന്നതമായ സ്ഥാനത്ത് താങ്കൾ എത്തിച്ചേർന്നപ്പോൾ താങ്കളെക്കൊണ്ട് ഈ വിഡ്ഢിവേഷം കെട്ടിച്ച ആളുകൾ ഇന്ന് എവിടെയെന്ന് താങ്കൾ ആലോചിക്കുന്നുണ്ടോ ? ഒരു നിമിഷം ആലോചിച്ചുനോക്കൂ. ഭരണകക്ഷിയിലെ നേതാവായ ശ്രീ. കരുണാകരന് എന്തുകൊണ്ട് ഈ ചർച്ചയിൽ പങ്കെടുക്കാൻ കഴിയുന്നില്ല? കേരളത്തിലെ ന്യൂനപക്ഷ നിയമവകുപ്പുമന്ത്രി പറഞ്ഞത് എന്താണ്? അതാണ് ഏററവും വിചിത്രം. പാലാ മുൻസിഫ് കോടതിയിലെ ഒരു മുൻസിഫ് കോർട്ട് വക്കീലിന്റെ പ്രഗത്ഭ്യത്തോടുകൂടി ശ്രീ. മാണി ഇവിടെ ഉന്നയിച്ച വാദം ഈ നിയമസഭയിലെ മെമ്പറൻമാർ ഊറിച്ചിരിച്ചുകൊണ്ടാണ് കേട്ടത്. അദ്ദേഹം പറഞ്ഞത് എന്താണെന്ന് അറിയാമോ ? അദ്ദേഹം പറഞ്ഞത് ഈ സ്പീക്കറുടെ കാസ്ററിംഗ് വോട്ടിനെക്കുറിച്ച് ചർച്ചചെയ്തുകൂടെന്നാണ്. ഭരണഘടനാപരമായ വകുപ്പുകൾ ഉദ്ധരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ന്യൂനപക്ഷ നിയമവകുപ്പുമന്ത്രിയോട് ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. ഇൻഡ്യയിലെ ഭരണഘടനാവിശാരദൻമാർ ആരും കാസ്ററിംഗ്‌വോട്ടുകൊണ്ട് നിൽക്കുന്ന ഒരു മന്ത്രിസഭയെക്കുറിച്ച് സ്വപ്നേ വിചാരിച്ചിരുന്നില്ല. ഭൂരിപക്ഷമുള്ള ഒരു ഭരണകക്ഷിയെ മാത്രമേ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിക്കുന്ന പാരമ്പര്യം ഈ നിയമസഭയുടെ ബ്രിട്ടീഷ് പാരമ്പര്യങ്ങളുടെ പട്ടികയിലുള്ളു. ഇവിടെ ഒരു ന്യൂനപക്ഷക്കാരനെ വിളിച്ചത് എങ്ങനെയാണെന്ന് അറിയാമോ? നിങ്ങളുടെ ആരുടെയും ഭൂരിപക്ഷംകൊണ്ടല്ല. ശ്രീമതി ഇന്ദിരാഗാന്ധിയുടെ മിടുക്കുകൊണ്ടാണ്. കേന്ദ്രത്തിൽ ഇരിക്കുന്ന ഗവൺമെന്റ് എന്ത് ജനാധിപത്യ വിരോധവും കാണിക്കാൻ തയ്യാറുള്ള തൊലിക്കട്ടിയുള്ള ഗവൺമെന്റായതുകൊണ്ടാണ് 67 പേരെവച്ച് ഒരു ഗവൺമെന്റ് ഉണ്ടാക്കാൻ ശ്രമിച്ചത്. ഭൂരിപക്ഷമില്ലാത്തവരെ മന്ത്രിസഭ രൂപീകരിക്കാൻ ക്ഷണിക്കുന്ന സമ്പ്രദായം നമ്മുടെനാട്ടിൽ പുത്തരിയാണ്. പുതിയ കീഴ്‌വഴക്കങ്ങളാണ് ഇവിടെ വരുന്നത്. പാർലമെന്ററി ജനാധിപത്യത്തെ അടിസ്ഥാനപരമായി ചോദ്യംചെയ്യുന്ന പുതിയ കീഴ്‌വഴക്കങ്ങൾ ഇവിടെ ഉണ്ടാകുന്ന അവസരത്തിൽ നിങ്ങളുടെ ഐക്യമുന്നണിയുടെ ബലത്തിന്റെപേരിൽ നിങ്ങൾ സന്തോഷിക്കേണ്ട. മാറിനിന്ന് മനസ്സാക്ഷിയോട് ചോദിച്ചുനോക്കണം. ശ്രീ. ജോസ് സ്പീക്കറായതുകൊണ്ടാണ് ഞാൻ പറയുന്നത്. മറെറാരു സ്പീക്കറായിരുന്നുവെങ്കിൽ എനിക്ക് ഇത്രയും വിഷമം ഉണ്ടാകുമായിരുന്നില്ല. ജീവിതത്തിൽ ഇനി എത്രയെല്ലാം ഉന്നതസ്ഥാനങ്ങളിലേക്ക് കടന്നുവരേണ്ട പ്രഗത്ഭനായ ഒരു ചെറുപ്പക്കാരനാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥിനേതാവുമാണ് രാഷ്ട്രീയനേതാവ് ആണ്. യുവജന നേതാവുമാണ്. കേരളത്തിൽ അംഗീകാരമുള്ള ഒരു ചെറുപ്പക്കാരനെകൊണ്ട് ഈ വിഡ്ഢിവേഷം കെട്ടിച്ചതിനുശേഷം മാറിനിന്ന് മുടന്തൻ ന്യായങ്ങൾ ഉന്നയിക്കുന്ന ആളുകൾ ആലോചിക്കണം ഇവിടെ തകർന്നു വീഴുന്നത് പാരമ്പര്യങ്ങളും മര്യാദകളും കീഴ്വഴക്കങ്ങളുമാണ്. അതില്ലാതെ ഒരു നിയമസഭ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിയുമോ? ഈ നിയമസഭാ വേദിയിൽ ഏററവും അപഹാസ്യമായ വേഷം കെട്ടേണ്ടിവന്ന സ്പീക്കറെ ഡിഫൻറ് ചെയ്യാൻ ഈ അവിശ്വാസപ്രമേയത്തിനെതിരായി സംസാരിച്ച് സ്പീക്കറുടെ കാസ്ററിഗ്വോട്ട് ഉപയോഗിച്ചത് ഉൾപ്പെടെയുള്ള കാര്യങ്ങൾ സാധൂകരിക്കാൻ ഭരണകക്ഷിയിലെ പ്രഗത്ഭൻമാരായ മെമ്പർമാർ മുന്നോട്ടു വരാതിരുന്നത് അങ്ങേയററം ക്രൂരമായിപ്പോയി. ഇത്രയും ക്രൂരമായി കൈകാര്യം ചെയ്യുമെന്ന് ഞങ്ങൾ കരുതിയില്ല. ഇവിടെ മററു കാര്യങ്ങളൊന്നും ഉദ്ധരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. എങ്കിലും നൂററാണ്ടുകാലമായി തലമുറകളായി ബ്രിട്ടീഷ് പാർലമെൻററി പ്രാക്ടീസസിൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള കാര്യങ്ങളൊക്കെ ഹൗസ് ഓഫ് കോമൺസിൻെറ വിസ്ഡം പ്രഗൽഭൻമാരായ സാരഥികൾ എഴുതി തയ്യാറാക്കിയ ഗ്രന്ഥങ്ങൾ നമ്മുടെ മുമ്പിലുണ്ട്. മേയ്സ് പാർലമെൻററി പ്രാക്ടീസസുപോലെയുള്ള ഗ്രന്ഥങ്ങളിൽ എവിടെയെങ്കിലും ഒരു ഗവൺമെൻറിൻെറ ഭൂരിപക്ഷം തീരുമാനിക്കാൻവേണ്ടി കാസ്ററിംഗ്വോട്ട് ഉപയോഗിക്കാമെന്ന് പറഞ്ഞിട്ടില്ല. നിഷ്പക്ഷമതിയായി സർവ്വതന്ത്രസ്വതന്ത്രനായി കക്ഷിരാഷ്ട്രീയത്തിന തീതനായി ഒരു നിയമസഭാംഗത്തിനുപോലും പക്ഷപാതപരമായി പെരുമാറി യെന്ന് സംശയം തോന്നാനിടവരാത്തരൂപത്തിലേ പെരുമാറാവുയെന്ന് മേയ്സ് പാർലമെൻററി പ്രാക്ടീസസിൽ അസന്നിഗ്ദ്ധമായി സ്പീക്കറുടെ റോളിനെ ക്കുറിച്ച് സ്പീക്കറുടെ ചുമതലകളെക്കുറിച്ച് വ്യാഖ്യാനിച്ചിരിക്കുന്നുവെന്ന വസ്തുത നാം ഈയവസരത്തിൽ അനുസ്മരിക്കേണ്ടതാണ്. ഏതായാലും വളരെ നിഷ്പ്രയാസം ചോദ്യം ചെയ്യാൻ കഴിയുന്നവരാണ്. മേയ്സ് പാർല മെൻററി പ്രാക്ടീസസ്സിനെക്കുറിച്ചോ ബ്രിട്ടീഷ് നടപടി ക്രമങ്ങളെ ക്കുറിച്ചൊക്കെ പറയുന്ന അവസരത്തിൽ പുച്ഛം തോന്നുന്ന ആളുകൾ ഇവിടെയുണ്ട്. ശക്ധറുടെയും കൗളിൻേറയും പുസ്തകമെടുത്ത് ശ്രീ. മാണി ഇവിടെ ഉദ്ധരിച്ചു. ശ്രീ. മാണി പറഞ്ഞ കാര്യങ്ങളെപ്പററിയെല്ലാംതന്നെ ശ്രീ. സി. ബി. സി. ഇവിടെ വിശദീകരിച്ചു. അതുകൊണ്ട് ഞാൻ ആവർത്തി ക്കുന്നില്ല. ഒരു സ്പീക്കർ കാസ്ററിംഗ്വോട്ടു ചെയ്താൽ ആ ചെയ്ത വോട്ടിൻെറ സാംഗത്യത്തെക്കുറിച്ചല്ല, ഇവിടെ ഒരു മന്ത്രിസഭ, ഭൂരിപക്ഷ മില്ലാത്ത മന്ത്രിസഭ കേവലം സ്പീക്കറിൻെറ കാസ്ററിംഗ്വോട്ടിൽ തൂങ്ങി നിൽക്കുന്നു. ഇവർ ഓട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കാൻ പോകുന്നുഎന്നാണ് പറയുന്നത്. അങ്ങനെ ഓട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കാൻ ഗവൺമെൻറ് തയ്യാറായാൽ സ്പീക്കർക്ക് 101 പ്രാവശ്യം കാസ്ററിംഗ്വോട്ടു ചെയ്യേണ്ടിവരും. നാണംകെട്ട നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷത്തിന് എൻെറ സ്നേഹിതൻ ജോസ് ബലിയാടാകേണ്ടി വരുന്നുവെന്ന് ഓർക്കുമ്പോൾ ഞാൻ സന്തോഷത്തോടുകൂടിയല്ല പറയുന്നത് ദുഃഖത്തോടുകൂടിയാണ് പറയുന്നത് ആറുപ്രാവശ്യമോ ഏഴുപ്രാവശ്യമോ വോട്ട് ചെയ്യുന്നതിന് ശ്രീമാൻ ജോസിനെ അനുമോദിക്കാൻ ഈ രാജ്യത്ത് സ്വീകരണങ്ങൾ നടക്കുന്നു. അവിടെ ശ്രീ. കരുണാകരൻെറ പാർട്ടിക്കാർ ഇല്ല. ഭരണകക്ഷിയിലുള്ള മററ് ഒരു പാർട്ടിക്കാരൻ ഇല്ല. ആൻറണി കോൺഗ്രസിൻെറ കുറെ ആളുകൾമാത്രം യോഗം സംഘടിപ്പിക്കുന്നു. ആറു പ്രാവശ്യം കാസ്ററിംഗ്വോട്ട് നടത്തുന്നതിൻെറപേരിൻ സ്പീക്കറെ അനുമോദിക്കാൻ ഈ രാജ്യത്ത് ഒരു രാഷ്ട്രീയപാർട്ടി പ്രചരണം നടത്തുന്നു. ശ്രീ. എ. പി. കുര്യനെതിരായി ശ്രീ. ടി. എം. ജേക്കബ്ബും അതുപോലെതന്നെ ശ്രീ. സഖറിയാസേട്ടിനെതിരായി ശ്രീ. ഹസ്സനും എഴുതികൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

അവിശ്വാസപ്രമേയത്തിന്റെ വാചകങ്ങൾ ഞാൻ ഓർക്കുന്നു. ആ അവിശ്വാസ പ്രമേയം ചർച്ചചെയ്യേണ്ടിവന്നില്ലെങ്കിലും അതിന്റെ വാചകങ്ങൾ എന്റെ സ്നേഹിതൻമാർക്ക് ഓർമ്മയില്ലേ? പ്രിയപ്പെട്ട ജോസ്, ശ്രീ. കുര്യനെതിരായി ശ്രീ. സഖറിയാസേട്ടിനെതിരായി ടി. എം. ജേക്കബ്ബും ഹസ്സനും ഉന്നയിച്ച ആരോപണങ്ങൾ ഓരോന്നും നിങ്ങളുടെ തലയിൽചേരുന്ന തൊപ്പികളായി മാറിയിട്ടില്ലേയെന്ന് ആലോചിച്ചുനോക്കൂ. ആന്റണി കോൺഗ്രസ്സിന്റെ എറണാകുളം സമ്മേളനത്തിൽ വാഹനം ബുക്കുചെയ്യാൻ വേണ്ടി സ്പീക്കറുടെ മഹനീയമായ പദവി വേണോ ജോസ്? ആലോചിച്ചുനോക്കൂ. നാം രണ്ടു പാർട്ടിയിലാണ്. നിങ്ങൾ ഇന്ന് ഈ ഗവൺമെന്റിനെ താങ്ങിനിർത്താൻ ബാധ്യസ്ഥനാണ്. ശോഭനമായ ഒരു ഭാവി താങ്കളുടെ മുമ്പിലുണ്ട്. ഇവിടെ ശ്രീനിവാസൻ പറഞ്ഞതുപോലെ ഏററവുമധികം തൊലിക്കട്ടിയുള്ള കരുണാകരനുപോലും ഈ ചർച്ചയിൽ പങ്കെടുക്കാൻ മനഃസാക്ഷി അനുവദിക്കാത്ത സ്ഥിതിയിൽ എത്തിയിരിക്കുന്നു. ശ്രീ. ജോസ് അങ്ങ് ഒന്നോർക്കണം. ഈ നിയമസഭയിൽ ഈ ചർച്ചകൾ അവതരിപ്പിക്കുമ്പോൾ കേവലം 50+1 ശതമാനം വോട്ടില്ലാത്തതുകൊണ്ട് ഈ അവിശ്വാസപ്രമേയം തള്ളിപ്പോയി എന്നു വന്നേക്കാം. പക്ഷേ നിങ്ങൾക്കനുകൂലമായി വോട്ടുചെയ്യാൻ ഭൂരിപക്ഷം ആളുകൾ ഈ നിയമസഭയിൽ ഉണ്ടാവുകയില്ല എന്നറിഞ്ഞുകൊണ്ടുതന്നെ വീണ്ടും കടിച്ചുതൂങ്ങി, വീണ്ടും ഈ ന്യൂനപക്ഷ ഗവൺമെന്റിനെ പിൻതുണയ്ക്കാൻ പാർലമെൻററി സമ്പ്രദായങ്ങളെ ചോദ്യം ചെയ്യുന്നതിന്റെ രക്തസാക്ഷിയായി ബലിയാടായി താങ്കൾ മാറണമോ ? ഒരുദിവസം കൊണ്ടുദിച്ച് അസ്തമിക്കേണ്ട തുഛമായ രാഷ്ട്രീയ ജീവിതമല്ല, മറിച്ച് ഈ രാജ്യത്ത് ജനായത്തഭരണ സമ്പ്രദായം സംഭാവന ചെയ്യാൻ കഴിയുന്ന ഒരു ഭാവിയെക്കുറിച്ച് ആലോചിക്കാൻ ഈ ചർച്ച അവസാനിക്കുമ്പോൾ തയ്യാറാകണമെന്നാണ് എനിക്കുപറയാനുള്ളത്. രാഷ്ട്രീയമല്ല ശ്രീ. ജോസ് ഞങ്ങൾ പറയുന്നത്. ഞങ്ങൾ പ്രതിപക്ഷവും നിങ്ങൾ ഭരണകക്ഷിയുമായിരിക്കാം. അതല്ല ഞാൻ പറയുന്നത്. നിങ്ങൾ ഭരണകക്ഷിയിലെ അംഗമാണെന്ന് വി. ജെ. ററി. ഹാളിൽവച്ച് ശ്രീമാൻ കരുണാകരൻ പരസ്യമായി ഇന്ദിരാ കോൺഗ്രസ്സിന്റെ യോഗത്തിൽ പ്രസംഗിച്ചിരുന്നു. എനിക്ക് അതിലും സങ്കടമില്ല ജോസ്. പക്ഷെ പാർലമെൻററി മര്യാദകൾ നിലനിറുത്താൻവേണ്ടി മൂന്നേമുക്കാൽ മണിക്കൂർ ആയുസ്സില്ലാത്ത ഈ ന്യൂനപക്ഷ ഗവൺമെൻറിനെ താങ്ങിനിറുത്താൻവേണ്ടിയല്ല നൂററാണ്ടുകളായി ഉരുത്തിരിഞ്ഞുവന്ന ബ്രിട്ടീഷ് പാർലമെൻററി സമ്പ്രദായം ഈ രാജ്യത്ത് നിലനിറുത്തുന്നതിനുവേണ്ടി, അതിന്റെ മര്യാദകൾ ഉയർത്തിപ്പിടിക്കാൻ വേണ്ടി ഈ ചർച്ച അവസാനിക്കുമ്പോൾ വിനയാന്വിതനായി ഈ നിയമസഭയിൽ എഴുന്നേററുനിന്നുകൊണ്ട് ഞാൻ ഇതാ ഒഴിയുന്നുയെന്നു പറയാൻ നിങ്ങൾക്ക് ധൈര്യം ഉണ്ടാകണമേ നിങ്ങൾക്ക് അതിനുള്ള കരുത്തുണ്ടാകണമേയെന്ന് ഞാൻ ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു.

സർ, ഈ നിയമസഭയെപ്പററി നിയമസഭയുടെ മര്യാദകളെപ്പററി ചോദ്യം ചെയ്യപ്പെടുമ്പോൾ യാതൊരു ഉളുക്കും കൂടാതെ നോക്കി നിൽക്കാൻ കഴിയുന്ന ഒരു ഭരണകക്ഷിയാണ് ഇവിടെയുള്ളത്. ഈ സാഹചര്യത്തിൽ ഈ നിയമസഭയുടെ എന്നുതന്നെയുമല്ല, ഇന്ത്യയിലെ നിയമസഭകളുടെ പാർലമെൻററി സമ്പ്രദായത്തിന്റെ പാവനമായ പരിശുദ്ധിയുടെ നിലനില്പിനുവേണ്ടി ജനായത്തഭരണം കൊലചെയ്യാൻ ആഗ്രഹിക്കുന്ന ഇന്ദിരാഗാന്ധിയുടെ ആരാച്ചാരൻമാരുടെ കൈയിൽ ഇന്ത്യൻ പാർലമെൻററി ഭരണസമ്പ്രദായം വീർപ്പുമുട്ടി മരിക്കാതിരിക്കാൻവേണ്ടി ശ്രീമാൻ എ. സി. ജോസിന് എതിരായ ഈ അവിശ്വാസപ്രമേയം ഒരു വോട്ടിംഗ് കൂടാതെതന്നെ ശ്രീമാൻ ജോസ് രാജി വയ്ക്കുന്ന ഒരു സാഹചര്യം ഇവിടെ ഉണ്ടാകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ അവിശ്വാസപ്രമേയത്തിന് പിൻതുണ പ്രഖ്യാപിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ : സർ, ഭരണകക്ഷിക്കാർ ചർച്ചയിൽ പങ്കെടുക്കുന്നില്ലെങ്കിൽ സമയത്തിന്റെ കാര്യത്തിൽ കുറച്ചുകൂടി ലിബറലായിക്കൂടെ ?

മി. ചെയർമാൻ : ലിബറലാകുന്നുണ്ട്.

ശ്രീ. എം. വി. രാഘവൻ : സർ, ഏതായാലും ഞങ്ങൾ സ്പീക്കറെ നീക്കംചെയ്യാൻ ഒരു പ്രമേയം കൊണ്ടുവന്നത് ശരിയാണെന്ന് അങ്ങേപ്പുറത്തിരിക്കുന്ന ആളുകളും അംഗീകരിച്ചുകാണുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. കാരണം അവർക്ക് ഈ സ്പീക്കർ ചെയ്ത കാര്യത്തെപ്പറ്റി ഒരു നല്ല വാചകവും പറയാനില്ലെന്ന് ന്യൂനപക്ഷ മുഖ്യമന്ത്രി കരുണാകരൻ തന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. കരുണാകരൻ എന്തോ പറയുമെന്നാണ് പറഞ്ഞത്. എന്ത് പറയുമെന്ന് അറിഞ്ഞുകൂടാ. ഇങ്ങനെ ഒരു കൊലച്ചതി നമ്മുടെ ജോസിനോട് വേണമായിരുന്നോ എന്ന് അവർ ഒന്ന് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെ വിഡ്ഢിവേഷം കെട്ടിപ്പിച്ച് ജനാധിപത്യത്തെ കൊലചെയ്യുന്നതിനുവേണ്ടിയുള്ള എല്ലാ തീരുമാനവും എടുപ്പിച്ചിട്ട് ആ സ്പീക്കറെപ്പറ്റി രണ്ടു വാചകം പറയാൻപോലും നിങ്ങൾ കൂട്ടാക്കാതെ ഇരുന്നതിനെപ്പറ്റി മനഃസാക്ഷിയുണ്ടെങ്കിൽ നിങ്ങൾ ആലോചിക്കേണ്ടതാണ്. മനഃസാക്ഷിയെന്നു പറയുന്ന സാധനം ഇല്ലാത്തവരാണ് അങ്ങേഭാഗത്ത് ഇരിക്കുന്നത് എന്നുള്ളതുകൊണ്ട് ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. ഏതായാലും സ്പീക്കർ ജോസ് ഇപ്പോൾ എഴുന്നേറ്റുപോയിരിക്കുകയാണ്. കരുണാകരൻ പറഞ്ഞതിനുശേഷമുള്ള പ്രതിഷേധമാണോ എന്നറിയില്ല അയാളെ ഇവിടെ കാണാനില്ല. ഇവിടെ കാസ്റ്റിംഗ് വോട്ടിനെപ്പറ്റി ഒന്നും പ്രസംഗിക്കാൻ പാടില്ലെന്ന് വാദിച്ച് പരാജയപ്പെട്ടപ്പോഴാണ് കരുണാകരൻ എന്റെ കക്ഷിയുടെ ഭാഗത്തുനിന്ന് പ്രസംഗം ഉണ്ടാവുകയില്ലയെന്നു പറഞ്ഞത്. നമ്മുടെ രാജ്യത്തു പാർലമെന്ററി ജനാധിപത്യത്തെപ്പറ്റി കേട്ടുകേൾവിയുള്ള ഏതു പൗരനെ സംബന്ധിച്ചും ലജ്ജിപ്പിക്കുന്ന നടപടിയാണ് ജോസിനെകൊണ്ട് ഈ ഭരണകക്ഷികൾ എടുപ്പിച്ചത് എന്നുള്ളതുകൊണ്ടാണ് സ്പീക്കർക്ക് എതിരായ അവിശ്വാസപ്രമേയം കൊണ്ടുവരേണ്ടിവന്നത്. അതല്ലാതെ ജോസ് സ്പീക്കറായി ഇരിക്കുന്നതുകൊണ്ടല്ല. ജോസല്ല ആര് സ്പീക്കറായിരുന്നാൽ ഞങ്ങൾക്ക് എന്താ. ഒരു സ്പീക്കറെ നീക്കുക എന്നുള്ളതല്ല, ഒരു സ്പീക്കർ അവിടെ ഇരിക്കുന്നോ, സ്പീക്കറെ നീക്കണമോ എന്നുള്ളതല്ല ഇവിടെ പ്രശ്നം. അതിലുമുപരി സ്പീക്കർ എന്നു പറയുന്നത് ഭരണകക്ഷിയുടെ ചീഫ്‌വിപ്പ് നിർദ്ദേശിക്കുന്നത് അനുസരിച്ച് വോട്ട് ചെയ്യുന്ന ഒരു മെമ്പറായി അധഃപതിച്ചുയെന്നതാണ്. ഇ. അഹമ്മദ് പറയുമ്പോൾ വോട്ടുചെയ്യുന്ന മെമ്പറായി അധഃപതിച്ച ഒരാൾ ചെയറിൽ ഇരിക്കുകയെന്നു പറഞ്ഞാൽ നിയമസഭയുടെ ചരിത്രത്തിൽ, പാർലമെന്ററി ചരിത്രത്തിൽ അപമാനകരമാണ്. അതിനെതിരായിട്ടാണ്. അതല്ലാതെ ജോസ് ഇരിക്കുന്നതുകൊണ്ടല്ല. കരുണാകരൻ ആദ്യം ഒരു അടവ് പയറ്റി നോക്കിയതല്ലേ? സ്പീക്കർ ആയിട്ട് ഞങ്ങൾ ആരെങ്കിലും നോമിനേഷൻ കൊടുത്താൽ പിൻവലിക്കാൻവേണ്ടി. അതുകൊണ്ട് സ്പീക്കർപദവിയിൽ ഇരിക്കുന്നതുകൊണ്ടല്ല, സ്പീക്കർ ജോസ് ഇരിക്കുന്നതുകൊണ്ടല്ല. പക്ഷെ ജോസിനെപോലുള്ള ഒരാളെ സ്പീക്കറായി വച്ചുകൊണ്ട് നമ്മുടെ ഭരണഘടനയേയും ജനാധിപത്യസംവിധാനത്തെയും പാർലമെന്ററി കീഴ്‌വഴക്കങ്ങളെയുമെല്ലാം തന്നെ നശിപ്പിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. അതിനുള്ള പ്രതിഷേധമെന്നുള്ള നിലയ്ക്കാണ് ജോസിനെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്ന ഈ പ്രമേയം ഞങ്ങൾ കൊണ്ടുവന്നത്. അതല്ലാതെ ജോസിനെ ക്രൂശിക്കുന്നതിനുവേണ്ടിയിട്ടല്ല. ബ്രിട്ടീഷ് പാർലമെന്റിൽ മുമ്പ് കോമൺസിന്റെ തിരുമാന

ങ്ങളെ ധിക്കരിച്ച് രാജാവിനെ അനുകൂലിച്ച ഒരു സ്പീക്കറെ കഴുത്തറുത്ത ചരിത്രമുണ്ട്. അതുപോലെ നമ്മുടെ ജോസിനെ കഴുത്തറുക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. കഴുത്തറുക്കണമെങ്കിൽ കരുണാകരന്റെ കഴുത്താണ് അറുക്കേണ്ടത്. പാവം ജോസിന്റെ കഴുത്തറുത്തിട്ട് എന്താണ് വേണ്ടത്. ജോസിന്റെ കഴുത്തറുത്തിട്ട് കാര്യമില്ല. ജോസ് ഇത് മനസ്സിലാക്കണം. ചില ക്ഷേത്രങ്ങളിൽ കോഴികളെ അറുക്കുന്നതുപോലെ അറുക്കാൻ വേണ്ടിയാണ് കരുണാകരൻ ജോസിനെപ്പോലുള്ള ആളുകളെ സ്പീക്കറായി നിശ്ചയിച്ചിട്ടുള്ളതെന്ന് ശ്രീ. ജോസ് മനസ്സിലാക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. നമ്മുടെ പാർലമെന്ററി വ്യവസ്ഥിതിയുടെ പാരമ്പര്യം ബ്രിട്ടീഷ് പാരമ്പര്യമാണെങ്കിൽ കോമൺസിനെ ധിക്കരിച്ചിട്ടുള്ള സ്പീക്കറുടെ തല അറുത്ത ചരിത്രമാണ് ബ്രിട്ടീഷ് പാർലമെന്റിൽ ഉള്ളത്. അത് സ്പീക്കറായിരിക്കുന്ന ജോസ് മനസ്സിലാക്കണം. മനസ്സിലാക്കിക്കൊണ്ട് സ്പീക്കറായി തുടരണമെന്നാണ് എനിക്കു പറയാനുള്ളത്. സ്പീക്കറായി തുടരണമെന്നു പറഞ്ഞാൽ സ്പീക്കറായി തുടരാൻ കഴിയുമോ എന്ന് എനിക്കറിയില്ല. ഞങ്ങൾ ഏതായാലും 70 ഉണ്ട്. അപ്പുറത്തുനിന്ന് ആരും ഞങ്ങളുടെ കൂടെ എഴുന്നേറ്റു നിൽക്കുകയില്ലെന്നു വിചാരിക്കാൻ കഴിയുകയില്ല. ചിലപ്പോൾ ആരെങ്കിലുമുണ്ടാവും. തച്ചടിയോ ആരെങ്കിലുമോ എഴുന്നേറ്റു നിൽക്കുകയില്ലയെന്നൊന്നും ഇപ്പോൾ ഉറപ്പു പറയാൻ സാധിക്കുകയില്ല. കാരണം ജനാധിപത്യമര്യാദകളും കീഴ്‌വഴക്കങ്ങളും മുഴുവൻ ലംഘിച്ചിട്ടുള്ള ഒരു സാഹചര്യത്തിൽ നാക്കെടുത്തു വർത്തമാനം പറയാതിരിക്കുകയല്ലേ ഇപ്പോൾ. "വീണിതല്ലോ കിടക്കുന്നു ധരണിയിൽ ശോണിതവുമണിഞ്ഞിഹ," യെന്നു പറഞ്ഞതുമാതിരി തച്ചടി മുതൽ വക്കംവരെ വീണു കിടക്കുകയാണ്. അതുകൊണ്ട് അവർ ഒന്നാലോചിക്കണം. നിങ്ങൾ ഈ പ്രമേയത്തെ അനുകൂലിക്കണം, ജോസിനെ രക്ഷിക്കണം. കരുണാകരന്റെ കരാളവലയത്തിൽനിന്നും ഇന്ദിരാ കോൺഗ്രസ്സിൽനിന്നും ഈ രാജ്യത്തെ രക്ഷിക്കണമെന്നാണ് എനിക്ക് അവരോട് പറയാനുള്ളത്. ബുദ്ധി തോന്നുമെങ്കിൽ നിങ്ങൾക്ക് നല്ലത്. തോന്നണമെന്ന് ഞങ്ങൾക്ക് നിർബന്ധമൊന്നുമില്ല. ജനങ്ങൾ തോന്നിക്കുമെന്നു മാത്രമേ ഞാൻ ഇതേപ്പററി പറയുന്നുള്ളു. അതുകൊണ്ട് സ്പീക്കറെ നീക്കം ചെയ്യാനുള്ള പ്രമേയംകൊണ്ട് ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ളത് ജോസിനേയോ ഏതെങ്കിലുമൊരു സ്പീക്കറെയോ ഉദ്ദേശിച്ചല്ല. എന്നാൽ ഈ രാജ്യത്ത് സ്പീക്കറുടെ കാസ്ററിംഗ് വോട്ടുകൊണ്ടാണ് ഭരണം നിലനിൽക്കുന്നത്. ആ ഭരണം ഈ രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട ഗവൺമെൻറുകൾ നടപ്പിൽ വരുത്തിയിട്ടുള്ള എല്ലാ നൻമകളെയും അവസാനിപ്പിക്കുന്നതിനുവേണ്ടയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത്തരം ഒരു ഭരണം നടത്തുന്നതിനുവേണ്ടിയാണ് സ്പീക്കർ ജോസ് കൂട്ടുനിൽക്കുന്നത്. അതുകൊണ്ടാണ് ജോസിനെതിരായി ഞങ്ങൾ ഇത്തരമൊരു പ്രമേയം കൊണ്ടുവന്നത്.

സർ, ഇവിടെ എന്താണ് നടക്കുന്നത്. എന്താണ് കരുണാകരന്റെ നേതൃത്വത്തിൽ ന്യൂനപക്ഷ ഗവൺമെൻറ് നടത്തുന്നത്. പോലീസിനെ അഴിച്ചുവിട്ടിരിക്കുകയാണ് ഒരു ഭാഗത്ത്. മററു ഭാഗത്ത് ജനങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറു ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ മുഴുവൻ റദ്ദു ചെയ്തുകൊണ്ടിരിക്കുകയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കൊടുക്കാനുള്ള തൊഴിലില്ലായ്മ വേതനം കൊടുക്കുകയില്ലയെന്നാണ് കരുണാകരൻ പ്രഖ്യാപിച്ചിരിക്കുന്നത്. കർഷക തൊഴിലാളികളുടെ പെൻഷൻ കർശനമായ പരിശോധനയിൽകൂടി അത് അവസാനിപ്പിക്കുമെന്നാണ് കരുണാകരൻ പ്രഖ്യാപിച്ചിരിക്കുന്നത്. ഞാൻ ജോസിനോട് ചോദിക്കട്ടെ ഈ പ്രഖ്യാപനങ്ങൾക്ക് ധൈര്യം തരുന്ന ഒരു ഗവൺമെൻറ് ഇവിടെ സാങ്കേതികമായി നിലനിൽക്കുന്നത് നിങ്ങളുടെ കാസ്ററിംഗ് വോട്ടുകൊണ്ടല്ലേയെന്ന് നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കണം. അതാണ് ജോസിനെപ്പററിയുള്ള ഞങ്ങളുടെ ആക്ഷേപം, നിങ്ങളുടെ കാസ്ററിംഗ് വോട്ടുകൊണ്ടാണ് ഈ കരിംകാലി ഗവൺമെൻറ് ഇവിടെ നിലനിൽക്കുന്നത്. ഭരണഘടനാവിരുദ്ധമായ ഒരു ഗവൺമെൻറാണ് ഇവിടെ നിലനിൽക്കുന്നത്. അതല്ലെന്ന് പറയാൻ ജോസിന് സാധിക്കുമോ ? കർഷകതൊഴിലാളി പെൻഷൻ കൊടുക്കുകയില്ല, തൊഴിലില്ലായ്മ വേതനം കൊടുക്കുകയില്ല. അതുപോലെ തന്നെ ഈ രാജ്യത്ത് ജനങ്ങൾക്കു വേണ്ടി എന്തെല്ലാം നൻമകരം പഴയ ഗവൺമെൻറ് ചെയ്തിട്ടുണ്ടോ അതെല്ലാം ഞങ്ങൾ അവസാനിപ്പിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് കരുണാകരൻെറ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. പോലീസിനെ അഴിച്ചു വിട്ടുകൊണ്ട് എന്ത് തെമ്മാടിത്തവും നടത്താമെന്നാണ് കരുണാകരൻ പ്രഖ്യാപിച്ചത്. കൊല്ലം എസ്. എൻ. കോളേജിൽ കുറെ ദിവസങ്ങളായി വിദ്യാർത്ഥികളെ തല്ലുകയാണ്. ഉമ്മൻചാണ്ടിയാണ് പോലീസ് മന്ത്രി എന്നാണ് പറയുന്നത്. ഉമ്മൻചാണ്ടി പറയുകയാണ് വിദ്യാലയങ്ങളിലും കോളേജ് കോമ്പസിൽ പോലീസിനെ കടത്തുമെന്ന്. ഉമ്മൻചാണ്ടി ഇപ്പോൾ എവിടെയാണെന്ന് അറിയുകയില്ല. അവിടെ ഉണ്ടോ ? ഉണ്ടെങ്കിൽ ഇതിന് മറുപടി പറയണം. കോളേജ് കോമ്പസിൽ പോലീസിനെ കടത്താൻ പാടില്ലെന്ന് പറയുന്ന പാരമ്പര്യം ഇവിടെ അവസാനിപ്പിച്ചിരിക്കുന്നു.

ശ്രീ. ശിവദാസൻ എന്തു പറയുന്നു. ഒരു മന്ത്രിയുണ്ട്. ആ മന്ത്രി ....

മി. ചെയർമാൻ : ഇന്നിപ്പോൾ അതിന് മറുപടി പറയാൻ ആഭ്യന്തര മന്ത്രിക്ക് പററുകയില്ലല്ലോ. ഈ വിഷയത്തിന് മറുപടി പറയാൻ ആഭ്യന്തര മന്ത്രിക്ക് ഇന്ന് സാധിക്കുകയില്ല.

ശ്രീ. എം. വി. രാഘവൻ : ജോസ് പറഞ്ഞാൽ മതി. ജോസ് അല്ലേ സാർ ഈ ഗവൺമെൻറിനെ നിലനിർത്തുന്നത്. ജോസ് പറഞ്ഞാൽ മതി. വേറെ ആർക്കും നാക്കില്ലല്ലോ അതുകൊണ്ട് സൂപ്പർ ചീഫ് മിനിസ്ററർ എന്നനിലയിൽ ജോസ് പറഞ്ഞാൽ മതി. കോളേജ് കോമ്പസിൽ പോലീസിനെ അയക്കാൻ ശിവദാസൻ മന്ത്രി എഴുതിക്കൊടുത്തു എന്നാണ് പറയുന്നത്. ഓരോ ക്ലാസിലും പോലീസുകാരെ നിർത്തണം. ലക്ച്ചറൻമാരും പ്രൊഫസറൻമാരും ഒന്നുംവേണ്ട പോലീസുകാരെ നിറുത്തിയാൽ മതി ; പഠിപ്പിക്കാൻവേണ്ടി. അതല്ലേ നിങ്ങളുടെ ഭരണം. ഇവിടെ പോലീസ് രാജ് സൃഷ്ടിക്കാമെന്നാണോ പറയുന്നത്. കരുണാകരൻ കൊല്ലത്ത് ചിന്നക്കടയിൽ പോയിട്ട് പ്രസംഗിച്ചു എന്നാണ് പറയുന്നത്. ഉദ്യോഗസ്ഥൻമാർ കോളേജ് തുറക്കണം. പഠിപ്പിക്കണം. അടിക്കണം പോലീസുകാർ. ഇല്ലെങ്കിൽ ഞാൻ പോവുകയില്ല. ഞാനാ മുഖ്യമന്ത്രി. കരുണാകരനാണ്. എൻെറ കരുണാകരാ, കരിങ്കാലി. ആരാണ്, ഞാനാണ് മുഖ്യമന്ത്രി എന്ന്. ഒരു കശാപ്പുകാരൻെറ ഗൗരവത്തോടുകൂടിയാണ്, കശാപ്പുകാരനെപ്പോലെയാണ് പ്രസംഗിക്കുന്നത്. കരുണാകരനാണ് മുഖ്യമന്ത്രി. ഞാനാ മുഖ്യമന്ത്രി. ഞാൻ പറഞ്ഞാൽ നടക്കും. സുന്ദരത്തിൻെറ അടുത്തും സുന്ദരേശൻ നായരുടെ അടുത്തും അതുപോലെതന്നെ മാണിയുടെ അടുത്തും നടക്കും. അത് നടക്കും, മാണി ഇപ്പോൾ ഒതുങ്ങികൂടിയിരിക്കുകയല്ലേ. മാണി ഇപ്പോൾ പുലിവാലു പിടിച്ചിരിക്കുകയാണ്. ബഡ്ജററിനെക്കുറിച്ചുള്ള പ്രഖ്യാപനം നടത്തുന്നത് ആരാണ് ? മുഖ്യമന്ത്രി. പാലക്കാട്ടുവച്ച് അദ്ദേഹം പറഞ്ഞു. ബഡ്ജററിൽ പുതിയ നികുതിയൊന്നുമില്ല എന്ന്. മാണി ഇപ്പോൾ പുലിവാലു പിടിച്ചിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി : മിസ്ററർ രാഘവാ, എൻെറ കാര്യം ഞാൻ നോക്കിക്കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എം. വി. രാഘവൻ :</u> ഇന്ന് ഈ മാണിയുടെ ഒരു ദയനീയമായ അവസ്ഥ. ലൂക്കോസ് പാതിരാത്രിയല്ലേ നിരാഹാരം പിൻവലിച്ചിട്ട് ഓടിയത്. പാതിരാ കുറുക്കന്റെ മാതിരിയല്ലേ ഓടിയത്. എവിടപ്പോയി എന്നറിയണ്ടേ ആ പാവം ലൂക്കോസ്. എന്റെ മാണി എന്തു ചെയ്യാനാണ്. ഇവിടെ വോളിബാൾ ടൂർണമെന്റ് കൂടി നടത്തികൂട. വോളീബാൾ ടൂർണമെന്റ് നടത്തിയാൽ അവിടെ അടിയാ. അടിച്ചടിച്ച് ഈ ഗവൺമെന്റ് ഉണ്ടാക്കാൻ സഹായിച്ചുകൊടുത്ത മനോരമക്കാരനും കിട്ടി അടി. കോട്ടയത്ത് ദീപിക ക്കാരനും കിട്ടി അടി. ഇപ്പോൾ കണ്ടില്ലേ. ഇപ്പോൾ ഉമ്മൻചാണ്ടി മനോരമാക്കാരനും ദീപികക്കാരനും ഒരു കത്ത്. ക്ഷമാപണം. ബാക്കി നാട്ടുകാർ, തല്ലുകൊണ്ടവർ എന്താണ് ചെയ്യുക. മനോരമയോടും ദീപികയോടും പറഞ്ഞു. ക്ഷമാപണം. മററു മർദ്ദനങ്ങൾക്ക് വിധേയരായവർ എന്ത് ചെയ്യും. ലൂക്കോസ് മിണ്ടാതിരിക്കുകയാണ്. ലൂക്കോസിനെ കാണാനില്ല ഇപ്പോൾ, നിരാഹാരം എന്നു പറഞ്ഞ് ഇരുന്നിട്ട് പാതിരാത്രി എഴുന്നേററു പോയി. പിറേറ ദിവസം ലൂക്കോസിന്റെ പാർട്ടിക്കാർ അവിടെ നോക്കുമ്പോൾ നിരാഹാരം ഇരുന്ന ആളെ കാണുന്നില്ല. ഇതല്ലേ നിങ്ങളുടെ സ്ഥിതി. പോലീസുകാരെക്കൊണ്ട് ഭരിക്കാമെന്നാണോ ? ഒരു പോലീസ് രാജ് ഉണ്ടാക്കാമെന്നാണോ ? യൂണിവേഴ്സിററിയിൽ സെനററുഹാളിൽ എന്ത് നടന്നു എന്നുള്ളത് കഴിഞ്ഞ പ്രാവശ്യം ഇവിടെ പറഞ്ഞതാണ്. ആലപ്പുഴയിൽ നടന്നത് കഴിഞ്ഞപ്രാവശ്യം ഇവിടെ പറഞ്ഞു. പോലീസുകാരുടെ നരവേട്ട. എറണാകുളം ലോക്കപ്പിൽ മൂത്രം ഒഴിച്ചുകൊടുക്കുകയാണ് ചെയ്തത് ; വായ് പിളർന്നിട്ട്, ലോക്കപ്പിൽ കൊണ്ടുപോയിട്ട് ഒരു ചെറുപ്പക്കാരന് നമ്മുടെ മുഖ്യമന്ത്രിയുടെ വായിൽ ആരെങ്കിലും മൂത്രം ഒഴിച്ചുകൊടുത്താൽ എന്താ പറയും. ഉമ്മൻചാണ്ടിയുടെ വായിൽ, എന്താ പറയുക, ഈ പണി അങ്ങോട്ടുമിങ്ങോട്ടും ചെയ്യാൻ കഴിയുന്നതല്ലേ. ആരെങ്കിലും ഉമ്മൻചാണ്ടിയുടെയോ കരുണാകരന്റെയോ വായിൽ നിർബന്ധമായിട്ട് പിളർന്ന് കുറച്ച് മൂത്രം ഒഴിച്ചു കൊടുക്കുന്നു. കുടിക്കുമോ ? നിങ്ങൾക്ക് പോലീസുകാരുടെ ശക്തിയുള്ളതുകൊണ്ട് ഇതെല്ലാം ചെയ്യാമെന്നാണോ ? ഉമ്മൻചാണ്ടി പറയുകയാണ് വിദ്യാർത്ഥികൾ ബസ്സിൽ കല്ലെറിയുന്നു എന്ന്. എന്റെ ഉമ്മൻചാണ്ടി ! ഉമ്മൻചാണ്ടിയും എ. കെ. ആന്റണിയും എങ്ങനെയാണ് നേതാവായത്. ഇപ്പോൾ പോലീസ് മന്ത്രിയായിരുന്നിട്ട് കാക്കി ഉടുപ്പുകാരെ ചുററും കാണുമ്പോൾ പറയുകയാണ് ബസ്സിന് കല്ലെറിയുന്നു എന്ന്. 1957-ൽ ഇ. എം. എസ്. ഗവൺമെന്റിന്റെ ഭരണ കാലത്ത് എ. കെ. ആന്റണിയും ഉമ്മൻചാണ്ടിയും ഭരണ സമരം നടത്തി ബസ്സിന് കല്ലെറിഞ്ഞിട്ടാണ് ഇപ്പോൾ നേതാവായത് അല്ലേ ? എന്നിട്ടിപ്പോൾ വിദ്യാർത്ഥികൾ സമരം നടത്തുമ്പോൾ ബസ്സിന് കല്ലെറിയുന്നു എന്നാണ് പറയുന്നത്. അതുകൊണ്ട് കരുണാകരനോടും കരുണാകരന്റെ ശിഷ്യനോ അതല്ല ഭൃത്യനോ എന്ന് എനിക്ക് പറയാൻ കഴിയുകയില്ല, ഉമ്മൻചാണ്ടിയോടും ഞാൻ ഒരു കാര്യം പറയാം. കൊല്ലം എസ്. എൻ. കോളേജിലെ വിദ്യാർത്ഥികളെ ആയാലും കേരളത്തിലെ മററു കോളേജുകളിലെ വിദ്യാർത്ഥികളെയായാലും കാക്കി ഉടുപ്പിട്ട പോലീസുകാരുടെ തോക്കും ലാത്തിയും ഉപയോഗിച്ച് അടിച്ചമർത്തുകയും കോളേജ് കാമ്പസിനകത്ത് വിദ്യാർത്ഥികളുടെ ചോര ഒഴുക്കുകയും യൂണിവേഴ്സിററി സെനററ് ഹാളിൽ വിദ്യാർത്ഥികളുടെ ചോര ഒഴുക്കുകയും ഒക്കെ ചെയ്യാമെന്നാണ് നിങ്ങൾ വിചാരിക്കുന്നതെങ്കിൽ നിങ്ങൾക്ക് ചരിത്രം മാപ്പു നൽകുകയില്ലെന്നകാര്യം മനസ്സിലാക്കണം. കരുണാകരനും ഉമ്മൻചാണ്ടിയും അത് മനസ്സിലാക്കണം. ഉമ്മൻചാണ്ടിയെപ്പററി പറഞ്ഞിട്ടു കാര്യമില്ല. അങ്ങേർക്ക് ഒരു പാർട്ടിയേയില്ല. അത് എപ്പോഴാണ് ഇന്ദിരാഗാന്ധിയുടെ കാൽക്കൽ അടിയറ വയ്ക്കുന്നു എന്ന് അറിഞ്ഞുകൂ

LIBRARY ARCHIVES Kerala Legislative Assembly

ക്കൂടാ. അന്ന് കയററാത്തതുകൊണ്ട് ഇങ്ങനെ നിൽക്കുകയാണ്. ഒററയ്ക്ക് ഒററയ്ക്ക് എടുക്കാമെന്നാണ് ഇപ്പോൾ പറയുന്നത്. പാവം അതുകൊണ്ട് കരുണാകരനോട് പറയാനുള്ളത് ഈ രാജ്യത്ത് പോലീസ് രാജ് സ്പീക്കറുടെ കാസ്ററിംഗ് വോട്ടുകൊണ്ട് നടപ്പിൽവരുത്തിയിട്ട് ഇവിടെ ഭരിച്ചുകളയാമെന്ന മോഹത്തിലാണ് ഈ ഭരണം തുടരുന്നതെങ്കിൽ ഇനിയും തുടരാൻ ആഗ്രഹിക്കുന്നതെങ്കിൽ ഇന്ന് ഈ നിയമസഭയിൽ അങ്ങേഭാഗത്തിരിക്കുന്ന മെമ്പറൻമാർ ഈ ജനാധിപത്യ വ്യവസ്ഥിതി, പാർലമെൻററ് വ്യവസ്ഥിതി നിലനിറുത്തണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനെപ്പററി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുളളത്.

സർ, ഇത് ഇന്നുകൊണ്ട് അവസാനിപ്പിക്കണമെന്നാണ് പറയാനുള്ളത്. ഈ നാശം ഇന്നുകൊണ്ട് ഒടുക്കണം. ബഹു: സ്പീക്കറെ ഒടുക്കുന്നതോടുകൂടി ഇത് ഒടുങ്ങും എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ സ്പീക്കറെ നീക്കം ചെയ്യാനുള്ള പ്രമേയം കൊണ്ടുവന്നതെന്ന് ഞാൻ ആദ്യം തന്നെ വ്യക്തമാക്കികഴിഞ്ഞു. അതുകൊണ്ട് ഇത് ഈ രാജ്യത്ത് ജനാധിപത്യം രക്ഷിക്കാനുള്ള ഒരു പ്രമേയമാണ്. അതല്ലാതെ ഒരു ജോസിനെ നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം അല്ലെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ജീവൽ പ്രശ്നങ്ങളെ സംബന്ധിച്ച് ഈ ഗവൺമെൻറ് ശ്രദ്ധിക്കുന്നില്ല. കശുഅണ്ടി സംഭരണത്തെക്കുറിച്ച് സി. എച്ച്. മുഹമ്മദു കോയ പറഞ്ഞു. ഞാൻ അന്നേരം എഴുന്നേററ് ചോദിക്കാതിരുന്നത് മുഹമ്മദു കോയയുടെ ആരോഗ്യം മാത്രം ആലോചിച്ചിട്ടാണ്. അതല്ലെങ്കിൽ എഴുന്നേററ് ബഹളം കൂട്ടണമായിരുന്നു. അദ്ദേഹത്തിന് വാക്കുകൾ കിട്ടാത്ത വിഷമം മനസ്സിലാക്കിയിട്ടുമാത്രം എഴുന്നേൽക്കാതിരുന്നതാണ്. കണ്ണൂർ ജില്ലയിലാണ് ഏററവും നല്ലയിനം കശുവണ്ടി ഉള്ളത്. കശുവണ്ടി സംഭരണത്തിന് കാശില്ലെന്നാണ് പറയുന്നത്. 15,000 രൂപയാണ് ഒരു സൊസൈററിക്ക് കൊടുത്തിരിക്കുന്നത്. സൊസൈററികളുടെ ഓൺ ഫണ്ടിൽ നിന്ന് പണം എടുത്തുകൊണ്ട് കശുവണ്ടി സംഭരണം നടത്താൻ പാടില്ലെന്ന് സർക്കുലർ അയച്ചിരിക്കുകയാണ്. കശുവണ്ടി വാങ്ങാൻ ആളില്ല. കശുവണ്ടി കടത്തിക്കൊണ്ടുപോകുന്നു. അതാണ് അവിടെ നടക്കുന്നത്. അതിന് സ്പീക്കർ മറുപടി പറയണം. സ്പീക്കറുടെ ഗവൺമെൻറാണ് ഇത്. അതുകൊണ്ട് സ്പീക്കർ പറയണം. നിങ്ങൾക്ക് പറയാൻ നാണക്കേടായതുകൊണ്ടല്ലെ നിങ്ങൾ പറയാത്തത്. പറയുന്നില്ലെന്നു തീരുമാനിച്ചത്. അതാണ് കശുവണ്ടിയുടെ സ്ഥിതി. അതുപോലെ തന്നെയാണ് കയർ തൊഴിലാളികളുടെ സ്ഥിതിയും. കയർ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്.

മി. ചെയർമാൻ: ഇപ്പോൾ നമ്മൾ ഇവിടെ ചർച്ച ചെയ്യുന്ന റസല്യൂഷൻ സ്പീക്കറെ മാററുന്നതിനുള്ളതാണ്.

ശ്രീ. എം. വി. രാഘവൻ: അതെ സ്പീക്കറാണ് ഗവൺമെൻറ്. സ്പീക്കറുടെ ഗവൺമെൻറാണ്. അതുകൊണ്ടാണ് പറയുന്നത്. ഈ ഗവൺമെൻറ് മുഴുവൻ, നിങ്ങൾ ഉൾപ്പെടെ ചെയറിൽ ഇരിക്കുന്നത് കൊണ്ട് പറയാത്തതാണ്; സ്പീക്കറുടെ കാസ്ററിംഗ് വോട്ട് ഇല്ലെങ്കിൽ കരുണാകരൻ അവിടെ ഇരിക്കുമോ? ഇരിക്കുകയില്ല. അപ്പോൾ കാസ്ററിംഗ് വോട്ടിൻെറ ഗവൺമെൻറാണ്. അതുകൊണ്ടാണ് പറഞ്ഞത് കശുവണ്ടി തൊഴിലാളികൾ ഒന്നര ലക്ഷം, അഞ്ചുലക്ഷം കയർ തൊഴിലാളികൾ, അതുപോലെ രണ്ടരലക്ഷം കൈത്തറി തൊഴിലാളികൾ........ ....

മി. ചെയർമാൻ: അതെല്ലാം 19-ാം തീയതിക്ക് ശേഷം പറയാം. ഇപ്പോൾ സമയമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : അപ്പുറത്തെ സമയം ഇല്ലേ? പിന്നെന്തിനാ നമ്മൾ അത്ര ധൃതികൂട്ടുന്നത്. അവർക്ക് എതായാലും നാക്ക് പൊന്തുന്നില്ല. ഞങ്ങൾക്ക് ഏതായാലും നാക്കുണ്ട്. പിന്നെ നിങ്ങൾ എന്താണ് ബുദ്ധിമുട്ടുന്നത്. ചെയറിനെ ബുദ്ധിമുട്ടിക്കുന്നില്ല. കാരണം സമയമുണ്ട്.

അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് കശുവണ്ടി തൊഴിലാളികൾക്ക് കൊടുക്കാൻ പറഞ്ഞിട്ട് ഒരുകോടി രൂപ നീക്കിവച്ചു, സൗജന്യ റേഷന്. എന്നാൽ സി. എച്ച്. മുഹമ്മദുകോയ സൗജന്യ റേഷൻ കൊടുക്കുകയില്ലെന്നാണ് പറയുന്നത്. ബാലകൃഷ്ണപിള്ളയ്ക്കു അതിൽ അഭിപ്രായ വ്യത്യാസമുണ്ട്. എന്തായാലും അഭിപ്രായവ്യത്യാസം ഇപ്പോൾ ബാലകൃഷ്ണപിള്ളയ്ക്കുണ്ട്. മന്ത്രിയാവാത്തത് കൊണ്ടാണോയെന്ന് അറിഞ്ഞുകൂട. ഏതുകാരണം കൊണ്ടായാലും ബാലകൃഷ്ണപിള്ളയും അതിൽ പ്രതിഷേധിച്ചു. സി. എച്ച്. മുഹമ്മദുകോയ ഇപ്പോൾ ഇവിടെ ഇല്ല. കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി, അവരുടെ ദുരിതാശ്വാസത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള പണം അവർക്ക് കൊടുക്കണം. അതുപോലെ തന്നെ കയർ തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി നീക്കി വച്ചിട്ടുള്ളത് അവർക്ക് കൊടുക്കണം. 5 ലക്ഷം കയർ തൊഴിലാളികൾ പട്ടിണിയിലാണ്. കശുവണ്ടി തൊഴിലാളികൾ ഒന്നരലക്ഷം പട്ടിണിയിലാണ്. കൈത്തറിക്കാർക്ക് തൊഴിൽ ഇല്ല. മൽസ്യതൊഴിലാളികളുടെ ക്ഷേമ പദ്ധതിയ്ക്കു തുരങ്കം വച്ച് അവരെ മണ്ണുചുമപ്പിച്ചു. മൽസ്യഗ്രാമങ്ങൾ ഒന്നും നടന്നില്ല. എല്ലാം അവസാനിപ്പിച്ചിരിക്കുകയാണ്. ഇതല്ലേ നമ്മുടെ സ്ഥിതി. ഈ സ്ഥിതിയെല്ലാം വരുത്തി വച്ചത് സ്പീക്കർ തന്നെയാണെന്നാണ് ഞാൻ പറയുന്നത്.

സർ, ബോർഡ് എല്ലാം പിരിച്ചുവിട്ടു. ഇപ്പോൾ എന്താണ് പ്രധാന ജോലി. കഴിഞ്ഞ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള കോർപ്പറേഷനുകളും ബോർഡുകളും പിരിച്ചുവിടുക. എന്നിട്ട് സ്വന്തക്കാരെ നിശ്ചയിക്കുക. മന്ത്രിപ്പണി കിട്ടാത്തവരെ ബോർഡിൽ വയ്ക്കുക. അതല്ലേ നിങ്ങൾ തമ്മിലുള്ള വഴക്ക്. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ ഇപ്പോൾ ആന്റണിയും കരുണാകരനും തമ്മിൽ വഴക്കു തീർന്നോ? 28 ലക്ഷം രൂപ എസ്. കെ. പിള്ള കട്ടു എന്നു പറയുന്നു. ആ കട്ടവനെ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തു പിടിച്ചുപുറത്താക്കി. അയാളെ തന്നെ കരുണാകരൻ വിളിച്ചിരിക്കുകയാണ്. കരുണാകരന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ അളിയൻ ആണെന്നാണ് പറയുന്നത് ഈ പിള്ള. പിന്നെ വിളിക്കാതിരിക്കാൻ പററുമോ? അയാളെ വിളിച്ചിരിക്കുകയാണ്. അയാളെ തന്നെ വീണ്ടും നിയമിച്ചതിനാണ് സിദ്ധാർത്ഥൻ കാട്ടുങ്കൽ രാജി വച്ചത്. എന്നിട്ട് നമ്മുടെ ആന്റണി കോൺഗ്രസ് നേതാവ് ഫ്രാൻസിസ് ഇപ്പോൾ കോടതിയിൽ പോയിരിക്കുകയാണ്. ഇതല്ലേ നിങ്ങൾ തമ്മിൽ നടക്കുന്നത്. ഒരാൾ പോലീസ് സ്റേറഷന്റെ മുമ്പിൽ നിരാഹാരം. മറേറ ആൾ കള്ളനെ തിരിച്ചെടുത്തു. കരുണാകരൻ പറയുന്നതിലധികം നടക്കുന്നില്ല. അതാണ് കരുണാകരൻ പറയുന്നത്, ഞാനാ മുഖ്യമന്ത്രി. ഞാൻ പറയുന്നത് നടക്കും ; ആന്റണിയായാലും ശരി മാണിയായാലും ശരി. പിന്നെ ബാക്കിയുള്ള പാർട്ടിയെപ്പററി പറയാനുമില്ല. കരുണാകരൻ കല്പിക്കുന്നത് അനുസരിച്ച് നടന്നുകൊള്ളണം.

സർ, ഒരു ഇന്ദിരാകോൺഗ്രസ് നേതാവ് ഈയിടെ പറഞ്ഞു, ഞങ്ങളാണ് ഭരിക്കുന്നത്, ഞങ്ങൾ കല്പിക്കുന്നത് നടക്കണമെന്ന്. തെരഞ്ഞെടുപ്പു നിശ്ചയിച്ച മേയ് മാസത്തിൽ. എന്നിട്ട് ഇന്ദിരാഗാന്ധിയോട് ചോദിക്കാൻ പോയി. ഇപ്പോൾ ആന്റണിയുടെ ഒച്ച കേൾക്കാനില്ല. ഇന്ദിരാഗാന്ധിയോട്

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കാൻ പോയി കരുണാകരൻ. കരുണാകരൻ പത്രക്കാരോട് പറഞ്ഞു, ഞാൻ ഇന്ദിരാഗാന്ധിയോട് ചോദിക്കട്ടെ എന്ന്. ഇന്ദിരാഗാന്ധിയോട് ചോദിച്ചിട്ടാണ് ഇവിടെ പോളിസി രൂപീകരിക്കുന്നത്. അതല്ലേ നടക്കുന്നത്.

സർ, മിനിഞ്ഞാന്നത്തെ പത്രത്തിൽ കരുണാകരന്റെ ഒരു സ്റ്റേറ്റുമെന്റ്, പ്രസംഗം കണ്ടു. പ്രതിപക്ഷം തെരഞ്ഞെടുപ്പിനെപ്പറ്റി മിണ്ടുന്നില്ല എന്ന്. അവർ ഇപ്പോൾ ബേജാറായി, തെരഞ്ഞെടുപ്പിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞപ്പോൾ.

മി. ചെയർമാൻ : ശ്രീ. രാഘവൻ അനുവദിച്ച സമയം കഴിഞ്ഞ് 5 മിനിട്ട് കൂടുതൽ എടുത്തിരിക്കുന്നു. ഈ വാചകം പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. എം. വി. രാഘവൻ : ഞാൻ കരുണാകരനോട് പറയുന്നത്, ബടായി വെളിയിൽ പറയണ്ട. പ്രതിപക്ഷം തെരഞ്ഞെടുപ്പാണ് ആവശ്യപ്പെടുന്നത്. ഇ. കെ. നായനാർ രാജിവച്ച അന്നുമുതൽ ഇന്നുവരെ ഞങ്ങൾ ആവശ്യപ്പെടുന്നത് തെരഞ്ഞെടുപ്പാണ്. തെരഞ്ഞെടുപ്പ് നടത്താൻ ധൈര്യമുണ്ടോ എന്നാണ് ചോദിക്കുന്നത്. തെരഞ്ഞെടുപ്പ് കേരളത്തിൽ നടത്തുമെങ്കിൽ കാസ്റ്റിംഗ് വോട്ട് കൊണ്ട് പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയെ നാണം കെടുത്തി നശിപ്പിച്ച ഘാതകനായ ഈ സ്പീക്കറുടെ ഭരണം, ഇനിനെതിരായിട്ട് ജനങ്ങൾ വിധി എഴുതും; ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും തിരിച്ച് വരും. ധൈര്യമുണ്ടോ? തെരഞ്ഞെടുപ്പ് നടത്താൻ കരുണാകരനോട് ഞാൻ ആവശ്യപ്പെടുകയാണ്. അതാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ കാസ്റ്റിംഗ് ഭരണം അവസാനിപ്പിക്കാൻ വേണ്ടി സ്പീക്കറെ നീക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഇത്രമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. പാർലമെന്ററി ഡെമോക്രസിയുടെ ചരിത്രത്തിൽ തന്നെ പുതിയ വിവാദങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിലെ സ്പീക്കർ. ഇൻഡ്യയിലെന്നല്ല ലോകത്തെവിടെയും ഉണ്ടായിട്ടില്ലാത്ത ഒരു കീഴ്‌വഴക്കമാണിവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ശക്ധറോ കൗളോ ജനാധിപത്യത്തെക്കുറിച്ച് ഇന്നോളം വിവക്ഷിച്ചിട്ടുള്ള, മററാളുകളോ ഭാവനയിൽപ്പോലും കണ്ടിട്ടില്ലാത്ത ഒരു കീഴ്‌വഴക്കമാണിത്. സമുന്നതമായ സ്പീക്കർ പദവി ഒരു ഗവൺമെന്റിനെ സൃഷ്ടിക്കാൻവേണ്ടി ഉപയോഗപ്പെടുത്തുക എന്നുള്ളത് ഇന്നോളമുള്ള കീഴ്‌വഴക്കങ്ങളുടെ ലംഘനമാണ്. ഒരു ഗവൺമെന്റിനെ രക്ഷിക്കുന്നതിന് സ്പീക്കറിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചിട്ടുള്ള ചരിത്രമുണ്ട്. അതിന് ഭരണഘടനയുടെയും കീഴ്‌വഴക്കങ്ങളുടെയും അടിസ്ഥാനവുമുണ്ട്. പക്ഷേ ഒരു ഗവൺമെന്റിനെ സൃഷ്ടിക്കാൻ സ്പീക്കറെ ഉപയോഗപ്പെടുത്തുക എന്നുള്ളത് ജനാധിപത്യവിചക്ഷണന്മാർപോലും ഉദ്ദേശിച്ചിട്ടില്ലാത്ത കാര്യമാണ്. അതു സംഭാവന ചെയ്യുന്നതിന്മ വളരെ വലുതും ജനാധിപത്യമൂല്യലംഘനവും ആണ്. ഊർജ്ജസ്വലനായ ശ്രീ. എ. സി. ജോസ് ഈ കാര്യത്തിൽ ഭാഗഭാക്കായതിൽ എനിക്കതിയായ ഖേദമുണ്ട്. സർ, അദ്ദേഹത്തെ ഈ സ്ഥാനത്തു കയററിയിരുത്തിയ ആളുകൾ തന്നെ ഇന്നദ്ദേഹത്തെ പരിപൂർണ്ണമായി കൈയൊഴിഞ്ഞിരിക്കുകയാണ്. ആവനാഴിയിൽ അസ്ത്രങ്ങളൊന്നുമില്ലാതെ ആയുധം മുട്ടി നിൽക്കുകയാണെങ്കിൽപ്പോലും ഒരു മുട്ടുശാന്തിക്കുവേണ്ടിയെങ്കിലും എന്തെങ്കിലും പറഞ്ഞ് അദ്ദേഹത്തെ രക്ഷിക്കണമായിരുന്നു. മുഖ്യമന്ത്രി ഈയിടെ പറഞ്ഞു, ബ്രിട്ടനിൽ ക്ലമന്റ് ആററ്ലിയുടെ ഗവൺമെന്റ് കാസ്റ്റിംഗ് വോട്ടുകൊണ്ടു ജീവിച്ചിട്ടുണ്ടെന്ന്. എന്റെ ഇടതുഭാഗത്തിരിക്കുന്ന ചന്ദ്രശേഖരൻ അതിനെ അതിശക്തിയായി നിഷേധിച്ചിരിക്കുകയാണ്. അങ്ങനെയൊരു കീഴ്‌വഴക്കം ബ്രിട്ടനിൽ ഉണ്ടായിട്ടില്ലെന്നു മാത്രമല്ല ഗവൺമെന്റിനു ഭൂരിപക്ഷമുണ്ടായിരുന്ന അവസരത്തിൽ രണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നോ അംഗങ്ങൾ ഹാജരില്ലാതിരുന്നപ്പോൾമാത്രമാണ് അങ്ങനെയൊരു സംഭവം നടന്നിട്ടുള്ളത്. എന്നിട്ടുപോലും ആ സംഭവത്തിന്റെ പേരിൽ ക്ലമന്റ് ആററ്ലിയുടെ ഗവൺമെന്റ് രാജിവച്ചു മാതൃക കാണിക്കുകയാണു ചെയ്തിട്ടുള്ളത്. ഇവിടെ ഭരണഭാഗത്തുള്ള ആളുകളാണെങ്കിൽ ഇപ്പോൾ സ്പീക്കറെ കൈയൊഴിഞ്ഞു മാറിയിരിക്കുകയാണ്. യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ കെൽപ്പില്ലാതെ അവർ മാറിയിരിക്കുകയാണ്. കേരളത്തിൽ സൃഷ്ടിച്ചിരിക്കുന്ന ഈ പുതിയ കീഴ്വഴക്കത്തെക്കുറിച്ച് ലോകത്തെമ്പാടുമുള്ള പത്രങ്ങളും ഭരണവിശാരദന്മാരുമൊക്കെ അതിശക്തിമത്തായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജനാധിപത്യത്തെക്കുറിച്ച് പറയാൻ അധികാരമുള്ള ആളുകളും അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതൊക്കെ കേട്ടുകൊണ്ട് ശ്രീ. ജോസ് എന്തിന് ഈ പാപഭാരം പേറണമെന്നാണെനിക്കു ചോദിക്കാനുള്ളത്. ഈ ഗവൺമെന്റ് രൂപീകരിക്കപ്പെടുമ്പോൾ അതിനു ഭൂരിപക്ഷമുണ്ടായിരുന്നില്ലെന്ന് പിന്നീട് ഈ ഗവൺമെന്റിനു പിന്തുണ പ്രഖ്യാപിച്ച മൂന്നു നാലുകക്ഷികൾ പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. ചാക്കിട്ടുപിടിച്ച് ഭൂരിപക്ഷമുണ്ടാക്കാൻ ശ്രമിച്ചിട്ടുള്ള ഗവൺമെന്റാണിത്. മഹനീയമായ സ്പീക്കർ പദവി ഇങ്ങനെ ദുരുപയോഗപ്പെടുത്തുമെന്നു നേരത്തെ കണ്ടിരുന്നെങ്കിൽ ഇതെപ്പററിയൊക്കെ ആധികാരികമായി അഭിപ്രായം പറഞ്ഞിട്ടുള്ള ആളുകൾ അതിനുള്ള പഴുതുകളും കൂടി അടയ്ക്കുമായിരുന്നു.ഇനി അതെക്കുറിച്ച് കൂടുതൽ ആലോചിക്കേണ്ടതില്ല. സർ, ഈ ഗവൺമെന്റിന്റെ ചെയ്തികളെക്കുറിച്ചാലോചിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നടപ്പാക്കിയിരുന്ന പല പരിഷ്ക്കരണ നടപടികളും ഈ ഗവൺമെന്റ് തുടർന്നു നടത്താതിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നെന്നു പറയപ്പെടുന്ന ക്രമസമാധാനത്തകർച്ചയെക്കാൾ വലിയ ക്രമസമാധാനത്തകർച്ചയാണ് ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ളത്. വിദ്യാർത്ഥികളെയെല്ലാം തല്ലിച്ചതയ്ക്കുന്നു, ഹരിജനങ്ങൾക്കു പൊറുതിമുട്ടി. അവർക്ക് ജീവിക്കാൻതന്നെ നിവൃത്തിയില്ലാത്ത വിധത്തിലുള്ള കാര്യങ്ങൾ അനുദിനം നടന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു കൊണ്ടുവന്നിരുന്ന ബൃഹത്തായ പല പെൻഷൻ പദ്ധതികളും വ്യാഖ്യാനങ്ങളും ദുർവ്യാഖ്യാനങ്ങളും നൽകിക്കൊണ്ട് നിറുത്തൽചെയ്തു. ഉദാഹരണത്തിന് തൊഴിലില്ലായ്മവേതനം സ്വരൂപിച്ചെടുത്ത് വൻകിടവ്യവസായങ്ങൾ തുടങ്ങി പരിരക്ഷിക്കുമെന്നു വ്യാമോഹിപ്പിച്ചു. പക്ഷെ ഇന്ന് ആ രംഗത്തുനിന്നും ഈ ഗവൺമെന്റ് കുതറിച്ചാടുകയാണ്. ആ നിലയിലുള്ള നീക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കശുവണ്ടിയായാലും കൈത്തറിയായാലും മററു പരമ്പരാഗത വ്യവസായങ്ങളായാലും എല്ലാം ഈ നിലയിൽ തന്നെ തുടരുന്നു. ഇൻഡ്യാഗവൺമെന്റിന്റെ ഇറക്കുമതിനയം കേരളത്തിന്റെ നട്ടെല്ലായ കൃഷിക്കാരെ തകർത്തുകൊണ്ടിരിക്കുകയാണ്. കൊപ്രയുടെയും വെളിച്ചെണ്ണയുടെയും മററു കാർഷികോൽപ്പന്നങ്ങളുടെയും വില താണുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ നേരെയാക്കുന്നതിനുവേണ്ടി ഡൽഹിയിൽ സമ്മർദ്ദം ചെലുത്താൻ പ്രതിപക്ഷകക്ഷികൾ ഭരിച്ചാൽ സാധ്യമല്ലെന്നു പ്രചാരവേല നടത്തിക്കൊണ്ടിരുന്ന ആളുകൾ അധികാരത്തിൽ വന്നപ്പോൾ വെളിച്ചെണ്ണയുടെയും കൊപ്രയുടെയും വില നൂറു രൂപയിലധികം താണിരിക്കുന്നു. കുരുമുളകിന്റെ സ്ഥിതി പറയാതിരിക്കുകയാണു ഭേദം. കേന്ദ്രത്തിൽ ശക്തിയായ സമ്മർദ്ദം ചെലുത്തി പഞ്ചവൽസര പദ്ധതിക്കു പതിന്മടങ്ങുതുക വർദ്ധിപ്പിക്കുമെന്നു വീമ്പിളക്കിയിരുന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഈ വിധത്തിൽ ഒരററായ നിലയ്ക്കു ചലിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെ നിലനിറുത്തുന്നതിൽനിന്നും ഊർജ്ജസ്വലനായ ശ്രീ. ജോസ് നാടകീയമായി ഇന്നുതന്നെ പിൻതിരിയുമെന്നാണെന്റെ പ്രതീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

ഒരുവേളപഴക്കമേറിയാ
ലിരുട്ടും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം—
പരിശീലിപ്പതു കയ്പുതാനുമേ

എന്ന് കുമാരനാശാൻ പാടിയിട്ടുള്ളതാണെനിക്കിപ്പോൾ ഓർമ്മവരുന്നത്. ഇരുട്ടത്തിരുന്നു പരിശീലിച്ചാൽ ആ ഇരുട്ട് തന്നെ നമുക്കു വെളിച്ചമായിട്ടു തോന്നും. അതുപോലെതന്നെ കയ്പുതിന്നു ശീലിച്ചാൽ അത് ക്രമേണ മധുരിക്കുകയും ചെയ്യും. അതുപോലെയുള്ള ഒരു അനുഭവമാണ് നാമിവിടെ കണ്ടത്. ആദ്യത്തെ തവണ കാസ്റ്റിംഗ് വോട്ടുചെയ്യുന്ന അവസരത്തിൽ ഒരു വിജ്രംഭിതഭാവമാണ് ശ്രീ. ജോസിന്റെ മുഖത്തു കണ്ടത്. ഏഴു തവണയായപ്പോൾ അതൊരു ശീലമായി മാറി. ഏഴുതവണയായയില്ലേ ഇനി എന്തായാലെന്ത് എന്ന ധാരണയിലായിരിക്കാം ഇപ്പോൾ തുടരുന്നത്. മുൾക്കിരീടമിതെന്തിനു നൽകി സ്വർഗ്ഗസ്ഥനായ പിതാവേ എന്നു ചോദിക്കാനാണെനിക്കു തോന്നുന്നത്. ഈ മുൾക്കിരീടത്തിൽ ഒരാണികൂടി തറച്ചിരിക്കുന്നു. അങ്ങയോടിതു ചെയ്തതു നീതിയാണോ ? അങ്ങയെപ്പററി അല്പമെങ്കിലും ന്യായീകരിക്കാൻ ആ ഭാഗത്തുള്ളവർ തയ്യാറാകാത്തതെന്ത് ? ന്യായമൊന്നും പറയാനില്ലെങ്കിലും എന്തെങ്കിലുമൊക്കെ ഒന്നും പറയേണ്ടേ? ഈ കുരിശിന്റെ ഭാഗത്തിൽ നിന്നും ഇന്നുതന്നെ ബഹുമാനപ്പെട്ട ജോസ് പിന്തിരിയുമെന്നാണെന്റെ ഉറച്ച വിശ്വാസം. അങ്ങ് പിന്തിരിയണം. ചാക്കിട്ടുപിടിത്തത്തിൽക്കൂടിപ്പോലും ഭൂരിപക്ഷമുണ്ടാക്കാൻ സാധിക്കാത്ത ഈ കീഴ്വഴക്കത്തിൽനിന്നു മാറി അങ്ങ് ജനാധിപത്യത്തിലേക്കു മടങ്ങി വരണമെന്നഭ്യർത്ഥിച്ചു കൊണ്ട് ഞാനീ പ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. സർ, ഈ നിയമസഭയിൽ സഭയുടെ ഭൂരിപക്ഷം കരുണാകരമന്ത്രിസഭയ്ക്ക് ഇന്നുവരെ ഉണ്ടായിട്ടില്ല. സ്പീക്കറുടെ കാസ്ററിംഗ് വോട്ടു കൊണ്ട് ഒരു മന്ത്രിസഭ തുടരാൻ ആഗ്രഹിക്കുന്നത് തികച്ചും അപഹാസ്യമാണ്. പാർലമെന്ററി ജനാധിപത്യ ഭരണ സംവിധാനത്തിന്റെ നീണ്ട ചരിത്രത്തിൽ ഇത്രയും നാണംകെട്ട നടപടി ഒരിടത്തും ഉണ്ടായിട്ടില്ല. സ്പീക്കർ നിഷ്പക്ഷനാണ്. കക്ഷികൾക്കതീതനാണ്. അങ്ങനെയുള്ള സ്പീക്കറെക്കൂടി ഭരണകക്ഷിയിലെ അംഗമായി ഉൾപ്പെടുത്തി ഒരു മന്ത്രിസഭയെ മുന്നോട്ടു കൊണ്ടുപോകാമെന്നാഗ്രഹിക്കുന്നത് ഇൻഡ്യൻ ഭരണഘടനയുടെ അന്തസ്സത്തയ്ക്കു നിരക്കാത്ത നടപടിയാണ്. പാർലമെന്ററി ജനാധിപത്യ ഭരണസംവിധാനത്തിന്റെതന്നെ നാരായവേരറുക്കുന്ന നടപടിയുമാണ്. ഇൻഡ്യയുടെ ഭരണസംവിധാനത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തിരിക്കുന്നു, സ്പീക്കർ ഭരണം. ഇന്നീ ഭരണത്തിൻകീഴിൽ ജനദ്രോഹ നടപടികളും പോലീസ് തേർവാഴ്ചയുമാണ് നടക്കുന്നത്. ജനദ്രോഹ നടപടിയും പോലീസ് തേർവാഴ്ചയുമാണ് കേരളത്തിൽ ഇന്നു നടമാടുന്ന സ്പീക്കർ ഭരണകൂടത്തിന്റെ മുഖമുദ്രയെന്ന് ആരോപിക്കുന്നതിന് ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

സർ, കശുവണ്ടി വ്യവസായ പ്രശ്നത്തെ സംബന്ധിച്ച് ശ്രീ. ആർ. എസ്. ഉണ്ണി ഇവിടെ വിശദീകരിച്ചതാണ്. കയർ വ്യവസായ മേഖലയിൽ 10 ലക്ഷത്തിൽപ്പരം തൊഴിലാളികൾ ഇന്നു പട്ടിണിയിലാണ്. ആ വ്യവസായം തകർക്കുന്ന നടപടിയാണ് സ്പീക്കർ ഭരണത്തിൽകീഴിൽ ഇന്നു കേരളത്തിൽ നടക്കുന്നത്. കേരളത്തിലെ 500-ൽപ്പരം വരുന്ന പ്രൈമറി സഹകരണ സംഘങ്ങളിൽ ഒരുകോടിയിൽപ്പരം രൂപയുടെ കയർ കെട്ടിക്കിടക്കുകയാണ്. കയർ

മാർക്കററിംഗ് ഫെഡറേഷൻ കയർ വാങ്ങിച്ച ഇനത്തിൽ ഒരുകോടിരൂപ കഴിഞ്ഞ വർഷം കൊടുക്കേണ്ടിയിരിക്കുന്നു. ആ വ്യവസായത്തെ സഹായിക്കുന്ന യാതൊരു നടപടിയും ഈ ഗവൺമെൻറ് സ്വീകരിക്കുന്നില്ല. തൊണ്ട് സംഭരണംതന്നെ ഇല്ലാതാക്കി. കയർ വ്യവസായത്തെ തകർക്കുന്ന നടപടിയുമായി ഈ ഗവൺമെൻറ് പോകുന്നു. 400 ഗ്രാമ സംഘങ്ങളിലൂടെ 70 കോടി രൂപ 3 കൊല്ലം കൊണ്ട് ചെലവഴിക്കുന്ന ഒരു പദ്ധതി മൽസ്യത്തൊഴിലാളികൾക്കു വേണ്ടി നായനാർ ഗവൺമെൻറ് കൊണ്ടുവന്നത് ഈ ഗവൺമെൻറ് മാററി വച്ചിരിക്കുന്നു. ബഡ്ജററിൽപോലും ഉൾക്കൊള്ളിച്ചിരുന്ന പണം ഈ ഗവൺമെൻറ് ഡൈവർട്ടു ചെയ്തിരിക്കുന്നു. ലക്ഷക്കണക്കിന് തൊഴിലാളികളെ ദ്രോഹിക്കുന്ന നടപടിയാണ് ഈ ഭരണത്തിൻ കീഴിൽ നടക്കുന്നത്. കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന നടപടികൾ സ്വീകരിച്ചിരിക്കുന്നു. കൊപ്രായും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്തുകൊണ്ട് കേരളത്തിലെ കൃഷിക്കാരുടെ നട്ടെല്ലൊടിക്കുന്ന നിലപാട് ഇന്ന് സ്പീക്കർ ഭരണത്തിൻ കീഴിൽ കേരളത്തിൽ നടക്കുന്നു.

മറെറാന്ന് പറയാനുള്ളത് പോലീസ് രാജിനെക്കുറിച്ചാണ്. സ്പീക്കർ ഭരണത്തിൻകീഴിൽ കരുണാകരൻ ഇവിടെ ആഭ്യന്തരവകുപ്പുമന്ത്രിയുടെ പുറകിലുണ്ടല്ലോ? പോലീസുകാർക്ക് എന്തുമാകാം, എന്തും ചെയ്യാനുള്ള ലൈസൻസ് കൊടുത്തിരിക്കുകയാണ്. കഴിഞ്ഞ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചില കാര്യങ്ങൾ വിശദീകരിച്ചു. അതിനുശേഷം ആലപ്പുഴയിലും ചേർത്തലയിലും ഉണ്ടായ സംഭവങ്ങൾ ആരെയും ഞെട്ടിപ്പിക്കുന്നതാണ്. കോട്ടയത്തെ വോളീബാൾ കളി കാണാനെത്തിയ പതിനായിരക്കണക്കിനാളുകളുടെ നേരെയാണ് സർ, അവിടെ പോലീസ് തേർവാഴ്ച നടത്തിയത്. മലയാള മനോരമയുടെയും ദീപികയുടെയും റിപ്പോർട്ടർമാരടക്കമുള്ള പത്ര റിപ്പോർട്ടർമാർ പോലും പോലീസിൻെറ ഭീകരമായ താണ്ഡവത്തിന് വിധേയരായി. പത്രപ്രവർത്തന സ്വാതന്ത്ര്യംപോലും കേരളത്തിലെ ഈ സ്പീക്കർ ഭരണത്തിൻകീഴിൽ ഇല്ല. ഭരണകക്ഷിയിൽപ്പെട്ട ശ്രീ. ഒ. ലൂക്കോസ് എം. എൽ. എ. പോലീസിൻെറ ഈ തേർവാഴ്ചക്കെതിരായി നിരാഹാര സത്യാഗ്രഹം നടത്തേണ്ട സ്ഥിതി ഉണ്ടായി. കഴിഞ്ഞ സ്കൂൾ കായിക മൽസരത്തിൽ കേരളത്തിൽ ചാമ്പ്യൻഷിപ്പ് നേടിയ ഒരു വിദ്യാർത്ഥിയാണ് നറോണ. ജോസഫ് ഗ്രൂപ്പ് കേരളാ കോൺഗ്രസ് പ്രവർത്തകനാണ്. ആ വിദ്യാർത്ഥിയെ നടുറോഡിലിട്ട് രണ്ടുമൂന്നു പോലീസുകാർ തല്ലി. തല്ലിച്ചതയ്ക്കുന്നതുകണ്ടു ആ വിദ്യാർത്ഥിയുടെ അദ്ധ്യാപകൻ ജേക്കബ് ഓടിയെത്തി. ജേക്കബിനെയും നടുറോഡിലിട്ടു അടിച്ചു. എന്നിട്ട് ഒരു നടപടിയും ഉണ്ടായിട്ടില്ല സർ. മൂന്നുദിവസം ആലപ്പുഴയിൽ സ്കൂളുകൾ പ്രവർത്തിച്ചില്ല. എൻെറ നിയോജകമണ്ഡലത്തിൽ തങ്കപ്പൻ എന്നുപറയുന്ന ഒരു മുറുക്കാൻ കടക്കാരനെ കഴിഞ്ഞദിവസം ഒരു കള്ളക്കേസ് ഉണ്ടാക്കിക്കൊണ്ടു പരസ്യമായി നടുറോഡിലിട്ടു അടിച്ചു. തങ്കപ്പന് ഒരു കക്ഷി രാഷ്ട്രീയവും ഇല്ല. ആ തങ്കപ്പനെ അടിച്ചതിൻെറ പേരിൽ ആയിരക്കണക്കിനു പാവപ്പെട്ട ആളുകൾ മാരാരിക്കുളം പോലീസ് സ്റേറഷൻ വളയുകയുണ്ടായി. ആ നിലയിലേയ്ക്ക് ഇതു മാറി സർ. മറെറാന്നു ആലപ്പുഴയിൽ തങ്കപ്പൻ എന്നു പറയുന്ന ഒരു സൈക്കിൾ റിപ്പയർകാരനെ കഴിഞ്ഞ 24-ാം തീയതി ആലപ്പുഴ സൗത്ത് പോലീസ് സ്റേറഷനിൽ വിളിച്ചുകൊണ്ടുപോയി, അവിടത്തെ എസ്. ഐ. യെ അപമാനിച്ചു എന്നതിൻെറ പേരിൽ 26-ാം തീയതിവരെ ആലപ്പുഴ സൗത്ത് പോലീസ് സ്റേറഷനിൽ ഇട്ടിരുന്നു. 26-ാം തീയതി ആലപ്പുഴ മെഡിക്കൽ കോളേജിൽ അഡ്മിററു ചെയ്തു. 28-ാം തീയതി തങ്കപ്പൻ മരിച്ചു. സ്പീക്കർ ഭരണത്തിൻകീഴിൽ രാഷ്ട്രീയത്തിനതീതരായ തൊഴിലാളികളെയും പാവപ്പെട്ടവരെയും എന്നുമാത്രമല്ല, ഭരണകക്ഷിയിൽപ്പെട്ട ആളുകളെപ്പോലും

LIBRARY ARCHIVES Kerala Legislative Assembly

അടിച്ചു ചതയ്ക്കുന്നു സർ. ഇതാണ് സ്പീക്കർ ഭരണത്തിൻകീഴിൽ നടക്കുന്നത്. നായനാർ ഗവൺമെൻറ്, തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് നൽകിയിരുന്ന തൊഴിലില്ലായ്മാ വേതനം ഇന്നീ ഗവൺമെൻറ് നടപ്പിലാക്കുകയില്ലെന്ന് പറയുന്നു. സ്പീക്കർ മറുപടി പറയണം. ഇന്നു കേരളത്തിൽ നടക്കുന്നത് സ്പീക്കർ ഭരണമാണ്. ഈ ഭരണത്തിൻകീഴിൽ കയർ തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, മൽസ്യത്തൊഴിലാളികൾ തുടങ്ങിയുള്ളവർക്ക് രക്ഷയില്ല. ഈ മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെ അടിച്ചമർത്തുന്നതിന് ഉള്ള ഒരു നയമാണ് ഇവിടെ നടക്കുന്നത്. ഇതിനെ സംബന്ധിച്ച് വ്യക്തമായ ഒരു മറുപടി പറയണം. ഓരോ ജില്ലയിലും കരുണാകരൻ ചെന്ന് പോലീസ് ഉദ്യോഗസ്ഥൻമാരെ വിളിച്ചിട്ട് പറയുന്നു, നിങ്ങൾ അടിച്ചമർത്തു, ഞാനല്ലേ ഭരിക്കുന്നത് നിങ്ങളൊന്നുകൊണ്ടും ഭയപ്പെടേണ്ട എന്ന്. ആലപ്പുഴയിൽ നടന്ന സംഭവത്തെ സംബന്ധിച്ച് ഈ സഭയിൽ ബഹുമാനപ്പെട്ട പി. കെ. വി. പറഞ്ഞു. ഉമ്മൻചാണ്ടി ആലപ്പുഴയിൽ വന്ന് അന്വേഷിച്ചു. ഉമ്മൻചാണ്ടി സഖാവ് പി. കെ. വി. പറഞ്ഞത് ശരിയാണെന്ന് അംഗീകരിക്കുന്നു. സർ, എന്താണ് അവിടെ സംഭവിച്ചത്? ഒരു നടപടിയും ഉണ്ടായില്ല സർ. ലോക്കപ്പു മർദ്ദനങ്ങളും തൊഴിലാളി മർദ്ദനങ്ങളും ഇന്നീ സ്പീക്കർ ഭരണത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു സർ. ജനങ്ങളൊക്കെ ഭയവിഹ്വലരാണ്. ഈ സ്പീക്കർ ഭരണം അവസാനിപ്പിക്കാൻ വേണ്ടിയുള്ള പ്രക്ഷോഭണത്തിൽ എല്ലാ വിഭാഗങ്ങളും അണിനിരക്കുകയാണ്. ഒരു നിമിഷംപോലും ഭരിക്കാനുള്ള അവകാശം ഇല്ല സർ. ഞാനീ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: ചെയർമാൻ സർ, മിസ്റ്റർ സ്പീക്കർ എ. സി. ജോസ് ഈ സംസ്ഥാനത്തിലെ കിംഗ് മേക്കറാണ്. കിംഗ് മേക്കറുടെ പദവി പരിപൂർണ്ണമായും രാഷ്ട്രീയപരമാണ്. ആ സ്ഥാനം അദ്ദേഹം സ്വയം ഉണ്ടാക്കി ആ സ്ഥാനത്തിരിക്കുന്നതുകൊണ്ട് ആ സ്ഥാനത്തുനിന്നും അദ്ദേഹത്തെ നീക്കം ചെയ്യുകയാണ് എന്നു പറഞ്ഞിട്ടുള്ള പ്രമേയത്തെ ജനതാപാർട്ടി പിന്താങ്ങുകയാണ്. സർ, സ്പീക്കർ അദ്ദേഹത്തിന്റെ എന്തു പ്രവർത്തനമായാലും കൊള്ളാം, കാസ്റ്റിംഗ് വോട്ടിന്റെ കാര്യമായാലും കൊള്ളാം, പക്ഷപാതപരമാണ് എന്നുള്ളതായ ഒരു ആരോപണവും വരാത്ത നിലയിൽ പെരുമാറണം. (ഈ സമയം നിയമസഭയിലെ വൈദ്യുതി പ്രവാഹം നിലച്ചിരുന്നു)

മി. ചെയർമാൻ: വിദ്യുച്ഛക്തി വരുന്നതുവരെ സഭ ഇപ്പോൾ പിരിയുന്നതാണ്.

(11 മണിക്ക് സഭ പിരിഞ്ഞു).

(11.04 നു സഭാനടപടികൾ പുനരാരംഭിച്ചു).

ശ്രീ. കെ. ചന്ദ്രശേഖരൻ: മി. ചെയർമാൻ സർ, പാർലമെൻററി കാര്യങ്ങളിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള എഴ്സ്കിൻ മേ അദ്ദേഹത്തിന്റെ പ്രസിദ്ധി നേടിയിട്ടുള്ള പുസ്തകത്തിൽ രണ്ടു സ്ഥലങ്ങളിലായി ഇത്തരത്തിൽ പറയുന്നുണ്ട്. In order to avoid the least imputation on his impartiality it is usual for Mr. Speaker when practicable to vote in such a manner as not to make the decision of the House final. Casting vote should be exercised so that the House will have an opportunity for a further decision. The Speaker should not vote with an expression of opintion on the merits of a question. സർ. അവസാന തീരുമാനമാക്കുന്ന രീതിയിൽ വോട്ടുചെയ്യാൻ പാടില്ല; വീണ്ടും തീരുമാനമുണ്ടാകുന്ന തരത്തിൽ വോട്ടുചെയ്യണം; വോട്ടു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുമ്പോൾ പ്രശ്നത്തിന്റെ ഉള്ളിലേയ്ക്കു കടക്കരുത്—ഇതെല്ലാമാണ് പാർലമെന്ററി നിലവാരത്തിൽ പുലർത്തേണ്ട ഗൈഡ്‌ലൈൻസ്, അതൊക്കെയുപേക്ഷിച്ച്, ഒരു ഗവൺമെന്റിനെ നിലനിറുത്തുക എന്നുള്ള ഏർപ്പാടുമാത്രം ഉണ്ടാകുന്ന സമയത്ത് ഭരണഘടനയുടെ വാക്കുകൾ എന്തുതന്നെയായാലും ഭരണഘടനയുടെ ആശയത്തെ അത്തരത്തിലുള്ള പ്രവർത്തനം പിൻതാങ്ങുന്നില്ല എന്നു പറയാതെ നിവൃത്തിയില്ല. മൂന്നു കൂറുമാററക്കാരെ കൂട്ടിയിട്ടും ഗവൺമെന്റിനു ഭൂരിപക്ഷം കിട്ടുന്നില്ല. സാധാരണഗതിയിൽ ജനാധിപത്യസമ്പ്രദായത്തിൽ ഈ ഭരണകക്ഷികൾ എല്ലാം കൂടിയാൽ ഭൂരിപക്ഷം ഇല്ലേയില്ല ; പിന്നെ ഒരു ദേശീയ കക്ഷിയിൽ നിന്നു മൂന്നു കൂറുമാററക്കാരെ കിട്ടി. അവരെ കിട്ടിയിട്ടും ഭൂരിപക്ഷമില്ല. ഭൂരിപക്ഷമുണ്ടാകുന്നതു സ്പീക്കറുടെ വോട്ടുകൊണ്ടു മാത്രമാണെന്നുള്ള ഒരു നിലപാടു വന്നിരിക്കെ ഈ ഗവൺമെന്റ് നിലനിൽക്കുന്നതു സ്പീക്കറെക്കൊണ്ടുമാത്രമായിരിക്കുകയാണ്. സ്പീക്കർ ഏതാണ്ട് കിംഗ്മേക്കറുടെ പദവിയാണിന്നലങ്കരിക്കുന്നത്. സ്പീക്കറുടെ സ്വതന്ത്രമായ, പക്ഷപാതപരമല്ലാത്ത, നിലപാടു സ്വീകരിക്കാൻ അദ്ദേഹത്തിന്റെ ഇന്നത്തെ നിലപാട് തീർച്ചയായും പ്രോൽസാഹിപ്പിക്കുന്നില്ല. ആ നിലയിൽ ഈ സ്പീക്കറെ മാററണമെന്നുള്ള ഈ പ്രമേയത്തെ എന്റെ പാർട്ടി പിൻതാങ്ങുകയാണ്.

ശ്രീ. പി. കെ. വാസുദേവൻനായർ : സർ, ഈ ചർച്ച ഇതുപോലെ ഏകപക്ഷീയമാകുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. എന്തുകൊണ്ടോ ഭരണകക്ഷി ആയുധം വച്ച് കീഴടങ്ങാൻ കാലേക്കൂട്ടി തന്നെ തീരുമാനിച്ചു. മനസ്സിലാക്കാൻ കഴിയും സർ, അവർക്കു ധാർമ്മികമായോ രാഷ്ട്രീയമായോ ഏതെങ്കിലും തരത്തിലോ ഈ ചർച്ചയിൽ പങ്കെടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതുകൊണ്ട് പരാജയം സമ്മതിച്ച് ഒളിച്ചോട്ടം നടത്തിയിരിക്കുകയാണ്. എന്നാലും മുഖ്യമന്ത്രി അവസാനം രണ്ടുവാക്കു പറയുമോ എന്നറിഞ്ഞുകൂടാ. അങ്ങനെ പറയുന്നെങ്കിൽ അപ്പോഴോ അല്ലെങ്കിൽ ഇപ്പോഴെങ്കിലുമോ ഒരു കാര്യം ഒന്നു വിശദീകരിച്ചാൽ തരക്കേടില്ല. മാർച്ച് 1-ാം തീയതിയിലെ കേരളകൗമുദി, അദ്ദേഹം തിരുവനന്തപുരം ഡി. സി. സി. പ്രവർത്തകരോടു ചെയ്തതായി ഒരു പ്രസംഗം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നു; “നിയമ സഭയിൽ ഇന്ന് 71 പേരുടെ പിൻതുണയുള്ളത് എപ്പോൾ വേണമെങ്കിലും കൂട്ടാനുള്ള സ്റേറാക്കുണ്ട്.” ഇതിൽ രണ്ടു കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. ഒന്ന്: ‘അദ്ദേഹത്തിന്റെ ഗവൺമെന്റിനു നിയമസഭയിൽ 71 പേരുടെ പിൻതുണയുണ്ട്.’ ഇതു റിപ്പോർട്ടു ചെയ്തു വന്നിട്ടുള്ളത് മാർച്ചു മാസം 1-ാം തീയതിയാണ്. അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചോ ? പ്രസംഗിച്ചെങ്കിൽ മി. ജോസിനെക്കൂടി ചേർത്ത് അദ്ദേഹം പിൻതുണയവകാശപ്പെടുന്നുവെന്നുള്ളതു ശരിയാണോ ? അദ്ദേഹത്തിന്റെ ഗവൺമെന്റ് ഇപ്പോൾ നിലനിൽക്കുന്നത് സ്പീക്കർ ശ്രീ. ജോസുകൂടിയുൾപ്പെട്ട 71 പേരുടെ പിൻതുണകൊണ്ടാണോ ? ഈ കാര്യം അദ്ദേഹം ഒന്നു വിശദീകരിച്ചാൽ തരക്കേടില്ല. അല്ലെങ്കിൽ ഈ പ്രസംഗം അദ്ദേഹം ചെയ്തതല്ലെന്നു പറഞ്ഞാലും തരക്കേടില്ല. അതിനൊക്കെ കഴിയുന്ന ആളാണദ്ദേഹം. അഭ്യാസങ്ങൾ നല്ലതുപോലെ അറിയാവുന്നതുകൊണ്ട് ഇപ്പോൾ എഴുന്നേററുനിന്ന് അങ്ങനെ പറഞ്ഞാലും വലിയകുഴപ്പമൊന്നുമില്ല. പിന്നെ, ആ വാചകത്തിലുള്ള രണ്ടാമത്തെ കാര്യം. അദ്ദേഹത്തിന്റെ കൈയിൽ ഇഷ്ടംപോലെ സ്റേറാക്കുണ്ടെന്നാണു പറഞ്ഞത്; എം. എൽ. എ. മാരുടെ സ്റേറാക്കു ഉണ്ടെന്ന്. അതിനെപ്പററി ഞാൻ പിന്നെ രണ്ടു വാചകം പറയാം. ഇവിടെ വളരെ സാങ്കേതികമായ വാദങ്ങൾ നടത്തി എന്തെങ്കിലും സ്ഥാപിച്ചെടുക്കാൻ ഞങ്ങളോ ഇപ്പോഴൊന്നും പറയുന്നില്ലെങ്കിലും എന്തെങ്കിലും സാങ്കേതികമായിപ്പറഞ്ഞു തടിതപ്പാൻ അവരോ ശ്രമിച്ചിട്ട എന്തു കാര്യം സർ? അതാണോ ഇവിടെ പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഗവൺമെന്റിന് ഭൂരിപക്ഷമില്ല. ഭരണഘടന അനുശാസിക്കുന്ന മാതിരി ഈ നിയമസഭയിൽ ഭൂരിപക്ഷം അംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കുകയും അങ്ങനെ നിയമസഭയ്ക്ക് കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കുകയും ചെയ്യേണ്ട ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടായിട്ടില്ല. പകൽവെളിച്ചംപോലെ ആ സത്യം അവശേഷിക്കുന്നു. അതു മൂടിവയ്ക്കാൻവേണ്ടി എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എ. സി. ജോസിനെ ഒരു ഉപകരണം ആക്കുന്നു. അദ്ദേഹത്തോട് എനിക്ക് സഹതാപം ഉണ്ട്. അങ്ങനെ ഭൂരിപക്ഷമില്ലാത്ത ഒരു ഗവൺമെന്റ് എന്തിന് ഇവിടെ ഭരിക്കണം. എന്തിന് ഈ നാട്ടിലെ ജനങ്ങളുടെ തലയിൽ അത്തരം ഒരു ഭരണം അടിച്ചേൽപ്പിക്കണം. മര്യാദയായി ജനാധിപത്യപരമായി ഒക്ടോബർമാസം 20-ാം തീയതി ശ്രീ. നായനാർ രാജിവച്ചപ്പോൾതന്നെ ഇവിടെ അംഗീകരിക്കാമായിരുന്ന ഒരു നടപടി വീണ്ടും ജനവിധി തേടുകയെന്നുള്ളതായിരുന്നു. അങ്ങനെ ജനവിധി തേടാൻ പോയാൽ ഉണ്ടാകുന്ന ഫലത്തെപ്പറ്റി അവർക്കാർക്കും ഒരു സംശയവുമില്ല; തൂത്തുവാരിക്കളയുമെന്നാണ് പറയുന്നത്. അങ്ങനെ വാരി എടുക്കരുതോ. പിന്നെ എന്തിനാണ് ശ്രീ. ജോസിനെയിട്ട് ഈ കളി കളിപ്പിക്കുന്നത്. അങ്ങനെ വളരെയധികം ആത്മവിശ്വാസം അവർക്ക് ഉണ്ടെന്നുപറയുന്ന ആ ഗവൺമെന്റിന്റെ നേതാവായ ശ്രീ. കെ. കരുണാകരൻ മാളവിട്ട് ഗുരുവായൂർക്കോ നേമത്തോ മലപ്പുറത്തോ എങ്ങോട്ടാണ് പോകേണ്ടതെന്ന് ആലോചിക്കുന്നു എന്നും ഞങ്ങൾ കേൾക്കുന്നുണ്ട്. ഞാൻ ആ കാര്യത്തെപ്പറ്റി കൂടുതൽ പറയുന്നില്ല. ഇവിടെ പ്രശ്നം നമ്മുടെ ഭരണഘടന അനുശാസിക്കുന്നത് അനുസരിച്ച് നിയമസഭയോട് കൂട്ടുത്തരവാദിത്വമുള്ള ഭൂരിപക്ഷമുള്ള ഗവൺമെന്റ് വരണം. അങ്ങനെയൊരു ഗവൺമെന്റ് ഉണ്ടാക്കാൻ കഴിയാത്ത ഇന്ദിരാകോൺഗ്രസ് ഇവിടെ അവർതന്നെ പാവനമെന്ന് അവകാശപ്പെടുന്ന ജനാധിപത്യത്തിന്റെ കടയ്ക്കൽ കത്തി വച്ചിരിക്കുന്നു. അവർതന്നെ അത് കുഴിച്ചുമൂടിക്കൊണ്ടിരിക്കുകയാണ്. ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്, അവരെപ്പോലെ ഈ ജനാധിപത്യമാണ് ജനാധിപത്യത്തിന്റെ അവസാന വാക്ക് എന്ന് ഞങ്ങളിൽ ചിലരൊന്നും വിശ്വസിക്കുന്നില്ല എന്ന് ഞങ്ങൾ ഒരു കാലത്തും അങ്ങനെ അവകാശപ്പെട്ടിട്ടില്ല, ഇന്നും അവകാശപ്പെടുന്നില്ല. നാളെയു അവകാശപ്പെടാൻ പോകുന്നില്ല. ലോകത്തിലേയ്ക്കുവച്ച് ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമാണ് ഭാരതം. ഈ പരിമിതികളൊക്കെ ബോധ്യമുള്ളവരാണ് ഞങ്ങളെന്ന് ഇവരാണ് പറയുന്നത്. ഇതിൽ കവിഞ്ഞ് മറ്റൊന്നുമില്ല. ഈ പറയുന്നതിനകത്ത് ആത്മാർത്ഥതയുടെ കണികയെങ്കിലും ഉണ്ടോ? എന്നു മാത്രമല്ല അവർ അവകാശപ്പെടുന്ന ഈ ജനാധിപത്യത്തെ വികസിപ്പിക്കുന്നതിനു പകരം അതിനെ ചുരുക്കി ചുരുക്കി അതിനെ നശിപ്പിച്ച് നശിപ്പിച്ച് അതിനുള്ളിൽ ഒന്നുമില്ലാതാക്കിയിട്ടുണ്ട്. തൊണ്ടുമാത്രമാണ് ബാക്കിയുള്ളത്. ആ തൊണ്ടുപോലും കുഴിച്ചുമൂടാൻ ശ്രീമതി ഗാന്ധിയും അവരുടെ പാർട്ടിയും നടത്തുന്ന കരുതിക്കൂട്ടിയുള്ള ശ്രമത്തിന്റെ ഒരു മുഖം നാം ഇവിടെ കാണുന്നുണ്ട്. ഇത് അവസാനിപ്പിക്കണം, ഇത്തരത്തിൽ പരിമിതമായ ഇൻഡ്യയിലെ പാർലമെന്ററി ജനാധിപത്യത്തെപ്പോലും നശിപ്പിക്കാനുള്ള ഭരണകക്ഷിയുടെ പരിശ്രമത്തിനെതിരായി ഈ രാജ്യത്ത് ഈ ജനാധിപത്യമെങ്കിലും നിലനിൽക്കണമെന്നും വളരണമെന്നും ആഗ്രഹമുള്ളവരെല്ലാം ഒരുമിച്ച് ചേർന്ന് പരിശ്രമിക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങളുടെ ആ ആഗ്രഹത്തിന്റെ പ്രതിഫലനമാണ് ഇന്നത്തെ ഈ പ്രമേയം. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഇവിടെ വ്യക്തികൾ പ്രശ്നമല്ല. ശ്രീ. ജോസിനോട് ഞങ്ങൾക്ക് സഹതാപമുണ്ട്. സത്യം പറഞ്ഞാൽ ഇപ്പോൾ ആ കസേരയിൽ ഇരിക്കുന്നത് സ്പീക്കറല്ല. സ്പീക്കർ ഇരിക്കേണ്ട കസേരയിൽ ഇരിക്കുന്നത് മിസ്റ്റർ എ. സി. ജോസ് എന്നു പറയുന്ന ഒരു വ്യക്തി സ്പീക്കർ ഇവിടെ ഇരിക്കുന്നില്ല. ശ്രീ. എ. സി. ജോസ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ നിലനിൽപ്പിനുവേണ്ടി ആദ്യമായി കാസ്ററിംഗ്വോട്ട് പ്രയോഗിച്ച നിമിഷത്തിൽ ആ കസേരയിൽ സ്പീക്കർ എന്ന മഹാൻ ഇരിക്കാതെയായി. അതാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. സ്പീക്കർ പദവി തരംതാഴ്ത്തപ്പെട്ടു. സ്പീക്കർ എന്ന പദവിയുടെ മുഖത്ത് കരി വാരിത്തേച്ചു. അതിന് വ്യക്തിപരമായി ഇട നൽകിയ ശ്രീമാൻ എ. സി. ജോസിന് ഒരു വ്യക്തി എന്നുള്ള നിലയിൽ രാഷ്ട്രീയ പ്രസ്ഥാനത്തിൽ കുറച്ചെല്ലാം പാരമ്പര്യമുള്ള ഒരു വ്യക്തി എന്നുള്ള നിലയിൽ ലജ്ജിക്കാനെങ്കിലും കഴിയണം. അല്ലെങ്കിൽ പശ്ചാത്തപിക്കാനെങ്കിലും കഴിയണം. അങ്ങനെയൊരു ഭൂരിപക്ഷമില്ലാത്ത ഗവൺമെൻറിനെ ഇവിടെ നിലനിർത്താൻവേണ്ടി ഈ സ്പീക്കറുടെ പദവിപോലും ദുരുപയോഗപ്പെടുത്തിയെന്നുള്ളതാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഇതിൽനിന്നും രക്ഷപ്പെടാൻ രണ്ടു മാർഗ്ഗമേ ഉള്ളൂ. ഒന്ന് ശ്രീമാൻ എ. സി. ജോസിനുതന്നെ കാണിച്ചുതരാവുന്നവഴി. ഇത് മനസ്സിലാക്കി അദ്ദേഹത്തിന് സ്ഥാനം ഒഴിയാം. ഇനിയും അദ്ദേഹത്തിന് ആ കാര്യം ആലോചിക്കാൻ കഴിയും. നേരത്തെ ആലോചിക്കേണ്ടതായിരുന്നു. ഒരു പക്ഷേ അദ്ദേഹം ഈ പദവി ഏറ്റെടുക്കുന്ന സമയം മററു പ്രതീക്ഷകൾ ഉണ്ടായിരുന്നിരിക്കാം. ശ്രീ. കരുണാകരൻെറ പ്രതീക്ഷകൾ കഴിഞ്ഞ ഒക്ടോബർ 20-ാം തീയതിമുതൽ ഇങ്ങോട്ട് എന്തെല്ലാമായിരുന്നു ? കണക്കു കൂട്ടലുകളെല്ലാം തെററിയല്ലേ ഇങ്ങനെ വന്നത്. 22 ഹോൾസെയിലായിട്ടു കിട്ടുമെന്നായിരുന്നില്ലേ വിചാരം. ശ്രീ. ചന്ദ്രശേഖറിൻെറ പാർട്ടിയെപ്പററിയും എന്തെല്ലാമോ പ്രതീക്ഷകൾ ഉണ്ടായിരുന്നു. ഇങ്ങനെ പല കണക്കുകൂട്ടലുകൾ ഉണ്ടായിരുന്നു. എല്ലാം തെററി. പിന്നെ പടിപടിയായി അധഃപതിച്ചു അധഃപതിച്ചു ഇവിടെ ചെന്ന് എത്തി പിന്നെ മിസ്ററർ ജോസ് സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുമ്പോൾ പിന്നെയും പ്രതീക്ഷ ഉണ്ടായിരിക്കും. അദ്ദേഹത്തിന് ഇപ്പോഴും പ്രതീക്ഷകൾ ഉണ്ടെന്നുള്ളതിൻെറ തെളിവാണല്ലോ സ്റേറാക്കിനെപ്പററിയുള്ള വർത്തമാനം. എം. എൽ. എ. മാരുടെ സ്റേറാക്കിനെപ്പററി ഒരു മുഖ്യമന്ത്രി സംസാരിക്കുന്നതിൽ കവിഞ്ഞ് വിലകുറഞ്ഞ എന്തുണ്ട് മിസ്ററർ കരുണാകരൻ ഒരു മുഖ്യമന്ത്രിക്ക്. ഈ നാടാകെ നടന്ന് എനിക്ക് എം. എൽ. എ. മാരെ പിടിക്കാൻ ഇനിയും കഴിയും. ആ കുതിരക്കച്ചവടത്തിന് കഴിവുള്ളവനാണ് ഞാൻ. എനിക്ക് ലക്ഷങ്ങൾ കൈവശമുണ്ട്, താലൂക്ക് വേണോ താലൂക്ക്, ജില്ല വേണോ ജില്ല, കള്ളുഷാപ്പ് വേണോ കള്ളുഷാപ്പ്, ആശുപത്രി വേണോ ആശുപത്രി, ഫോറിൻ ലിക്കർ ഷോപ്പ് വേണോ ഫോറിൻ ലിക്കർ ഷോപ്പ് ഇങ്ങനെ എന്തുവേണമെങ്കിലും കൊടുക്കാമെന്നു പറഞ്ഞുകൊണ്ട് ലേലം ചെയ്തുകൊണ്ട് നടക്കുകയല്ലേ മിസ്ററർ കരുണാകരൻ നിങ്ങൾ. ഇപ്പോൾ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് അതല്ലേ? എന്നിട്ടും ജനാധിപത്യത്തെപ്പററി വലിയ വർത്തമാനം പറയുന്നു. ഇങ്ങനെയുള്ള കണക്കുകൂട്ടലുകൾകൊണ്ട് നിങ്ങൾ ഇപ്പോഴും തുടരുന്നു. ശ്രീമാൻ ജോസ്സിന് രാജിവച്ചു ഒഴിയാൻ കഴിയും ഇല്ലെങ്കിൽ കരുണാകരന് അദ്ദേഹത്തിൻെറ മന്ത്രിസഭ രാജിവച്ച് ഈ പ്രതിസന്ധി ഒഴിവാക്കാൻ കഴിയും. ജനാധിപത്യപരമായ മാർഗ്ഗം ഇത് രണ്ടും ആണ്. ഗവർണ്ണർക്ക് നടപടി എടുക്കാം. അത് മൂന്നാമത് ഒരു മാർഗ്ഗമാണ്. അതൊന്നും ചെയ്യാതെ വീണ്ടും കേരളം പോലുള്ള പ്രബുദ്ധമായ ഒരു സംസ്ഥാനത്തുപോലും ഇതുപോലുള്ള ഒരു ജനാധിപത്യ ആഭാസം നടത്തുന്നത് യാദൃശ്ചികമല്ല. അതാണ് എനിക്ക് പറയാനുള്ള കാര്യം. അവർക്കാർക്കും അത്ഭുതമില്ല. ശ്രീമതി ഇന്ദിരാഗാന്ധിയുടെ വാഴ്ച നടക്കുന്ന ഭാരതത്തിൽ കുത്തക മുതലാളിമാർക്കും ജനദ്രോഹികൾക്കുംവേണ്ടി നാണമില്ലാതെ പാദസേവ നടത്തുന്ന ആ കേന്ദ്രഗവൺമെൻറ് ആ വർഗ്ഗങ്ങൾക്കും ആ താൽപര്യങ്ങൾക്കും വേണ്ടി ഇൻഡ്യൻ ജനാധിപത്യത്തെ കുഴിച്ചു മൂടുകയല്ലാതെ വേറെ മാർഗ്ഗമില്ല. ആ ഗവൺമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗമെന്നു പറയുന്നത് ഇൻഡ്യൻ ജനതയുടെ താൽപ്പര്യത്തിനനുസരിച്ച് രാജ്യത്തെ വികസിപ്പിക്കുകയല്ല, ജനാധിപത്യത്തെ അതിനനുസരിച്ച് വികസിപ്പിക്കുകയല്ല നേരെമറിച്ച് ഈ രാജ്യത്തെ പടിപടിയായി ഒററി കൊടുക്കുകയാണ് ചെയ്യുന്നത്. ഈ രാജ്യത്തെ ജനദ്രോഹികൾക്കും കുത്തകക്കാർക്കും അവിടെയും കഴിഞ്ഞ് വിദേശശക്തികൾക്കുവരെ ഈ രാജ്യത്തെ ഒററു കൊടുക്കുകയാണ് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. അങ്ങോട്ടൊന്നും പോകാൻ ഞാൻ ഈ ചർച്ച ഉപയോഗിക്കുന്നില്ല. അത്തരമൊരു വാദപ്രതിവാദത്തിന് ഇവിടെ വലിയ പ്രസക്തിയില്ല. അതുകൊണ്ട് അത് ചുരുക്കമായി ചൂണ്ടിക്കാണിച്ചു എന്നേയുള്ളൂ. ഏററവും ഒടുവിലായി കേന്ദ്രഗവൺമെൻറ് വീണ്ടും അതിൻെറ ബീഭത്സമായ മുഖം പുറത്തു കാണിച്ചു. കേന്ദ്രബഡ്ജററ് വന്നപ്പോൾ.

സർ, ശ്രീ. ശിവദാസിനെപ്പോലുള്ള വിപ്ലവകാരികൾ അപ്പുറത്തിരിക്കുന്നു. വിപ്ലവ വർഗ്ഗത്തിൻെറ താൽപ്പര്യം സംരക്ഷിക്കാൻ അദ്ദേഹം മന്ത്രിസഭയിൽ ചേർന്നില്ലെങ്കിൽ പററുകയില്ലെന്നു പറഞ്ഞുകൊണ്ടാണ് ചേർന്നത്. ശ്രീ. സുന്ദരത്തെപ്പോലുള്ള പഴയ സോഷ്യലിസ്ററുകാരും അവിടെ ഇരിക്കുന്നുണ്ട്. ഇവരെല്ലാം തൊഴിലാളി വർഗ്ഗത്തിൻെറ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയാണ് മന്ത്രിസഭയിൽചേർന്നത്. എന്താണ് ഈ ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുന്നത്? സാമ്പത്തികമായി, രാഷ്ട്രീയമായി, സാമൂഹ്യമായി എല്ലാ മേഖലകളിലും ഉള്ള നമ്മുടെ രാജ്യത്തെ ദുർബ്ബലരിൽ ദുർബ്ബലരായ ജനവിഭാഗം ശ്രീമതി ഇന്ദിരാഗാന്ധി അധികാരത്തിൽ വന്നുകഴിഞ്ഞ് 24 മാസത്തിനുള്ളിൽ അനുഭവിച്ച കാര്യങ്ങളുടെ കഥ പറയണമോ? ഇവിടെ ഇപ്പോൾ അതിനൊന്നും സമയമില്ല. ഇൻഡ്യൻ പാർലമെൻറിൽ ദിവസേന അതിനെസംബന്ധിച്ചുള്ള ചർച്ചകൾ നടക്കുന്നുണ്ട് ഇന്നിവിടെ പ്രധാനമായി ഉന്നയിക്കുന്നത് ജനാധിപത്യത്തിൻെറ പ്രശ്നമാണ്. സാമ്പത്തിക കാര്യങ്ങളെക്കാൾ എല്ലാം പ്രധാനമായി ഈ ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന കാഴ്ച നാം കാണുന്നു. അതിനെതിരായ ശബ്ദം ഉയരണം. ഇന്നലെ സുപ്രീം കോടതിൽ നടന്ന സംഭവവും മിനിഞ്ഞാന്ന് നടന്ന സംഭവവും നാം കണ്ടിരിക്കുകയാണ്. ഇന്ദിരാകോൺഗ്രസ്സിനുവേണ്ടി എ. കെ. സെന്നിനെപ്പോലെ ബാർ അസോസിയേഷൻ പ്രസിഡൻറുപോലും ആയ ഒരു മാന്യൻ, കേന്ദ്രത്തിൽ മന്ത്രിയായിരുന്ന മാന്യൻ എന്താണ് അവിടെ വായിച്ചു കേൾപ്പിച്ച സ്ററേററുമെൻറ്? ഇന്ന് അത് പത്രത്തിൽ പ്രസിദ്ധീകരിക്കാൻ വീണ്ടും അനുവദിച്ചിരിക്കുകയാണ്. ശരിയാണ്. ശ്രീ. എ. കെ. സെൻ സുപ്രീം കോടതിയുടെ മുമ്പിൽ മാപ്പു പറഞ്ഞു. മാപ്പ് പറഞ്ഞു തൽക്കാലം ആ അദ്ധ്യായം അവസാനിപ്പിച്ചെങ്കിലും ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറ് ബോധപൂർവ്വം ജുഡീഷ്യറിയെ താഴ്ത്തിക്കെട്ടാനും അവരുടെ കീശയിൽ ആക്കാനും വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന ഗൂഢാലോചനയുടെ ഭാഗമല്ലേ സുപ്രീംകോടതിയിൽ എ. കെ. സെന്നും കൂട്ടരും അരങ്ങേറിയ നാടകം ? എന്തിന് കരുണാകരനെപ്പററി മാത്രം പറയുന്നു. അദ്ദേഹത്തിൻെറ സുഹൃത്ത് മിസ്ററർ കേശവഗോഗോയി ആസ്സാമിൽ മുഖ്യമന്ത്രി എന്നു പറഞ്ഞുകൊണ്ട് അവിടെ ഇരിക്കുകയാണ്. 119 പേരുള്ള നിയമസഭയിൽ 54 പേരുടെമാത്രം പിന്തുണ ഉണ്ടായിരുന്നപ്പോഴാണ് ഗോഗോയിയെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചത്. അവിടെയും മിസ്ററർ കരുണാകരനെപ്പോലെ ഗോഗോയ് സ്ട്രോക്ക് ഉണ്ടാക്കുവാൻ നടക്കുകയാണ്. അവിടത്തെ ഗവർണ്ണറോട് എന്തുപറഞ്ഞു, നിയുക്ത മുഖ്യമന്ത്രിയോട് എന്തുപറഞ്ഞു. ആറാഴ്ചക്കുള്ളിൽ നിയമസഭ വിളിച്ചുകൂട്ടണം എന്ന്. ഇതിനുമുമ്പ് ഈ രാജ്യത്ത് അപൂർവ്വമായി ഇങ്ങനെ ചില മുഖ്യമന്ത്രിമാരെ അവരോധിച്ചിട്ട് നിയമസഭകൂടി ഉടനെതന്നെ ഭൂരിപക്ഷം തെളിയിക്കുവാൻ പറഞ്ഞ അനുഭവം കണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതായത് അൽപ്പം ദിവസങ്ങൾ മാത്രം. മാർച്ച് 17-ാം തീയതി നിയമസഭ കൂടാൻ പോവുകയാണ്. ഇപ്പോൾ മിസ്റ്റർ ഗോഗോയ് ഒരുപക്ഷേ ഓവർടൈം വർക്ക് ചെയ്യുന്നുണ്ടായിരിക്കാം; 17-ാം തീയതിക്ക് മുമ്പ് ആളുകളെ പിടിക്കുവാൻ വേണ്ടി. അത് അവിടെ കണ്ടുകൊണ്ടിരിക്കുകയാണ്.

ഈ രാജ്യത്തെ പത്രങ്ങൾക്കെതിരായി ജുഡീഷ്യറിക്ക് എതിരായി പാർലമെൻറിൻെറയും നിയമസഭകളുടെയും പരമാധികാരത്തിനെതിരായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു ഭാഗമാണ് ഇന്ന് നമ്മൾ കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. അതിനകത്ത് ഒരു കരുവാകാൻ മിസ്റ്റർ ജോസിനെപ്പോലുള്ള ആളുകൾ തയ്യാറായതിൽ ഖേദമുണ്ട്. ശ്രീ. വക്കം പുരുഷോത്തമനെ അവിടെ കാണുന്നില്ല. ഈ സ്ഥാനം അദ്ദേഹത്തിന് ഉദ്ദേശിച്ചതായിരുന്നുവെന്നാണ് ഞങ്ങൾ ആദ്യം കേട്ടത്. ഒരു കണക്കിന് പറഞ്ഞാൽ അദ്ദേഹം രക്ഷപ്പെട്ടിരിക്കുന്നുവെന്നു മാത്രമേ അദ്ദേഹത്തോട് പറയുന്നുള്ളു. എന്തായാലും ഈ കുരിശ് അദ്ദേഹത്തിന് ചുമക്കേണ്ടതായി വന്നില്ല. ശ്രീ. എ. സി. ജോസ് ഈ രാജ്യത്ത് കണ്ണുതുറന്നു നടക്കുന്ന ഒരാളാണ്. അദ്ദേഹം ഇതുപോലുള്ള ജനാധിപത്യ ധ്വംസനത്തിന്, പാർലമെൻററി ജനാധിപത്യത്തിൻെറ കടയ്ക്കൽ കത്തിവയ്ക്കുന്ന പ്രക്രിയക്ക് കൂട്ടുനിൽക്കുമ്പോൾ അതിൻെറ സാങ്കേതികമായ അർത്ഥംമാത്രം നോക്കിയാൽപോലും ഭരണഘടനാപരമായി വോട്ട് ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കാണ് പറയാൻ കഴിയാത്തത്? സമംസമമായി വോട്ട് വന്നാൽ ഒരു സ്പീക്കർക്ക് വോട്ടുചെയ്യാൻ അവകാശമില്ലായെന്ന് ആർക്കെങ്കിലും ഇവിടെ പറയാൻ കഴിയുമോ ? അദ്ദേഹം എന്തിനുവേണ്ടി വോട്ട് ചെയ്യുന്നു? അദ്ദേഹം വോട്ട് ചെയ്യുന്നതിൻെറ ഫലം എന്താണെന്നാലോചിക്കുകയാണെങ്കിൽ ഒരു പൊതുപ്രവർത്തകൻ എന്ന നിലയ്ക്ക്, ഈ രാജ്യത്ത് വിദ്യാർത്ഥിപ്രസ്ഥാനത്തിലും യുവജന പ്രസ്ഥാനത്തിലും അതിൻെറ പുരോഗതിക്കുവേണ്ടി ചിന്തിച്ച, കോൺഗ്രസ്സിലും എല്ലാംതന്നെ പ്രവർത്തിച്ച ഒരാൾ എന്ന നിലയ്ക്ക് അദ്ദേഹത്തിന് കടമയുണ്ട് എന്നുപറയുകയാണ്. കരുണാകരൻെറ ഗവൺമെൻറ് ഈ കേരളത്തിലും കേരളത്തിലെ ജനങ്ങൾക്കും ഒരു ശാപമാണ്. ഈ ഗവൺമെൻറ് കേരളത്തിലെ ജനങ്ങൾക്ക് ഒരു ശാപമാണെന്നു പറയുമ്പോൾ ഈ നാട്ടിൽ നടക്കുന്ന ക്രൂരമായ പോലീസ് തേർവാഴ്ചയെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. അതുകൊണ്ട് ഞാൻ അതാവർത്തിക്കുന്നില്ല. ഞങ്ങളൊക്കെ കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് പ്രസംഗിച്ചപ്പോൾ അപ്പുറത്തിരിക്കുന്ന പല സുഹൃത്തുക്കളും വിചാരിച്ചുകാണും ഗവൺമെൻറിനെതിരായി രാഷ്ട്രീയോദ്ദേശത്തോടുകൂടി പ്രതിപക്ഷത്തനിന്നും രാഷ്ട്രീയമായ ആക്രമണം നടത്തുന്നുവെന്ന്. കോട്ടയത്ത് തിരുനക്കരയിൽ ഒരു സംഭവം നടന്നു. എൻെറ സ്നേഹിതൻ ശ്രീ. ഒ. ലൂക്കോസ്സിന് അങ്ങനെയൊരു നിരാഹാര സത്യാഗ്രഹം നടത്തുന്നതിൽനിന്നും ഒഴിയുവാൻ കഴിയുമായിരുന്നില്ല, രാഷ്ട്രീയ പ്രശ്നം വല്ലതുമുണ്ടോ അതിനകത്ത് ? ആലപ്പുഴയിലെ ലിയോ തേർട്ടീൻത് ഹൈസ്കൂളിലെ നെറോണ എന്ന വിദ്യാർത്ഥിയെ സംബന്ധിച്ച് അറിയാമോ? സ്റ്റേററ് അത്ലററിക് മീററിൽ നാല് ഇവൻറ്സിന് ഫസ്ററ് പ്രൈസ് വാങ്ങിയ വിദ്യാർത്ഥി ആണ്. അതുപോലെതന്നെ ആ സ്കൂളിലെ അധ്യാപകരും പറഞ്ഞു, ഞങ്ങളെല്ലാം അഭിമാനിക്കുന്ന വിദ്യാർത്ഥിയാണ് ആ വിദ്യാർത്ഥിയെന്ന്. ആ വിദ്യാർത്ഥിയെ തല്ലിച്ചതച്ചു എന്നു മാത്രമല്ല, ആ കുട്ടിയെ എന്തിനു പിടിച്ചുകൊണ്ടുപോകുന്നുവെന്ന് ചോദിക്കാൻ പോയ ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർ ജേക്കബ്ബിൻെറ പുറത്ത് ഏത്തക്കാ വലുപ്പത്തിലാണ് മാണി അടിമുഴച്ചുകിടന്നത്. ഇത് നിങ്ങളുടെ പോലീസിൻെറ വിശേഷമാണ്. ശ്രീ. കെ. കരുണാകരൻ ശ്രീ. ഉമ്മൻചാണ്ടിയാകുന്ന കുട്ടിക്കുരങ്ങിനെക്കൊണ്ട് ചൂടുചോറ് മാന്തിക്കുകയാണെല്ലോ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത്. വിദ്യാർത്ഥികൾക്കെതിരായി, അധ്യാപകർക്കെതിരായി, കേരളാ കോൺഗ്രസ്സിന്റെ പ്രവർത്തകർക്കെതിരായി, പന്തുകളി കാണാൻവന്ന പാവപ്പെട്ട നാട്ടുകാർക്കെതിരായി ശ്രീ. കെ. കരുണാകരന്റെ ജനാധിപത്യഭരണത്തിൻ കീഴിൽ എന്താണ് നടക്കുന്നത് ? അവിടെ പന്തുകളി കാണാൻവന്ന ഒരു കാഴ്ചക്കാരൻ കരുണാകരന്റെ ജനാധിപത്യ ഭരണത്തിൻകീഴിൽ ഒരു മഹാ അപരാധം ചെയ്തു ; ബീഡിവലിച്ചു. ജനാധിപത്യത്തിൽ ബീഡിവലിക്കാമോ ? പാടില്ല. അപ്പോൾ തന്നെ തുടങ്ങി അടി. ഒരുദിവസം മലയാളമനോരമ പത്രം വായിച്ചപ്പോൾ അതിൽ എഴുതിയിരിക്കുന്നു, ഞങ്ങളുടെ ഫോട്ടോഗ്രാഫറുടെ കൈയിൽ ഇരുന്ന ക്യാമറ തൊഴിച്ച് തെറിപ്പിച്ചു ദീപികയുടെ ക്യാമറ പിടിച്ചു വാങ്ങിച്ചു എന്ന്. പോലീസിന്റെ തേർവാഴ്ച എന്നു പറഞ്ഞാൽ, എപ്പോഴും പോലീസിനെ അഴിച്ചുവിട്ടാൽ, കയറൂരിവിട്ടാൽ ഇതേ സംഭവിക്കൂ. ഞങ്ങളെ അടിച്ചമർത്താനും തല്ലാനുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നത്. ബഹുജന പ്രസ്ഥാനങ്ങളേയും പ്രതിപക്ഷങ്ങളേയും തകർക്കാനാണ് നിങ്ങളുടെ ഉദ്ദേശം. എന്നാൽ അത് നിങ്ങളെ തല്ലും. അത് നടന്നുകഴിഞ്ഞു. ഇത് നിറുത്തണം എന്നാണ് ഗവൺമെന്റിനോട് പറയാനുള്ളത്. ഈ ഗവൺമെന്റ് അടുത്ത നാലോ അഞ്ചോ ദിവസംകൂടി ഇരിക്കുമെങ്കിൽ അല്ലെങ്കിൽ വോട്ട് ഓൺ അക്കൗണ്ട് എന്നുപറയുന്ന അഭ്യാസമോ പ്രതിസന്ധിയോ, ഞാണിൻമേൽ കളിയോ നടക്കുമ്പോൾ അന്ന് ഞങ്ങൾക്ക് അദ്ദേഹത്തിന്റെ മറുപടി കേൾക്കുവാൻ താൽപ്പര്യം ഉണ്ട്. ഈ രാജ്യത്ത് ലക്ഷക്കണക്കിന് പാവപ്പെട്ട ജനങ്ങളെ അലട്ടുന്ന കയറിന്റെയും കശുവണ്ടിയുടേയും കൈത്തറിയുടേയും മൽസ്യത്തൊഴിലാളികളുടേയും, തൊഴിലില്ലാത്ത ചെറുപ്പക്കാരുടേയും കർഷകത്തൊഴിലാളികളുടേയും ഏതു പ്രശ്നത്തിലായാലും ഈ ഗവൺമെന്റ് അൽപ്പം ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. ഇവർക്ക് അതിനു വല്ലതിനും സമയമുണ്ടോ ? ശ്രീ. കരുണാകരന്റെ ഭരണം നടക്കുമ്പോൾ സർവ്വ മന്ത്രിമാരും ഓച്ഛാനിച്ച് സ്വേഛാധിപത്യ ഭരണത്തിന്റെ മുമ്പിൽവന്ന് മുട്ടുമടക്കി നിൽക്കുകയല്ലേ. പോലീസിനെക്കൊണ്ട് തല്ലിക്കാൻ അല്ലേ അദ്ദേഹത്തിന് സമയമുള്ളു. ഇവിടെ സ്ട്രോക്കിന്റെ കാര്യം പറഞ്ഞു..........

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു. സഭാനേതാവിനു സംസാരിക്കണമെന്നുണ്ടെങ്കിൽ അദ്ദേഹത്തിന് സംസാരിക്കുവാൻ സമയം നൽകണം, പിന്നെ സ്പീക്കർക്ക് സംസാരിക്കണമെങ്കിൽ അദ്ദേഹത്തിന് സമയം നൽകണം. പ്രതിപക്ഷനേതാവ് സംസാരിക്കാനുണ്ട്. അതുകൊണ്ട് അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. കെ. വാസുദേവൻ നായർ : ഈ രാജ്യത്ത് എന്തൊക്കെ അഭിപ്രായവ്യത്യാസങ്ങളുണ്ടായാലും നമ്മളെല്ലാവരും ഉയർത്തിപ്പിടിക്കുവാൻ ആഗ്രഹിക്കുന്ന ചില ജനാധിപത്യ മാനദണ്ഡങ്ങളും മര്യാദകളും മൂല്യങ്ങളും ഉണ്ട്. ഈ രാജ്യത്തെ ഏററവും ഉത്തരവാദിത്വപ്പെട്ട ഒരു പൗരനാണല്ലോ മുഖ്യമന്ത്രി. പുറം വാതിലിൽകൂടി കയറിയാലും വളഞ്ഞവഴിയിൽകൂടി കയറിയാലും അപ്പുറത്ത് ന്യൂനപക്ഷമായി കേറിയാലും എങ്ങനെയായിരുന്നാലും ഇപ്പോൾ ആ കസേരയിലിരിക്കുന്ന ആ മുഖ്യമന്ത്രി എം. എൽ. എ. മാരെ ഇങ്ങനെ വിലയ്ക്ക് വാങ്ങാമെന്ന് പരസ്യമായി പറഞ്ഞു നടക്കുന്ന സ്വഭാവം അവസാനിപ്പിക്കണം, അദ്ദേഹത്തിന്റെ ഈ നടപടി, അദ്ദേഹം ഇങ്ങനെ പറഞ്ഞുനടക്കുന്നുണ്ടോ, അദ്ദേഹത്തിന്റെ പ്രസ്താവന ആണോയെന്ന് ഉള്ള കാര്യം അദ്ദേഹം ഇവിടെ പ്രസംഗിക്കുന്നില്ലെങ്കിലും അതിനെക്കുറിച്ച് വിശദീകരിക്കണം. അദ്ദേഹം പറഞ്ഞാലും പറഞ്ഞില്ലെങ്കിലും ഈ നാട്ടിൽ ജീവിച്ചിരിക്കുന്ന ഞങ്ങൾക്കെല്ലാവർക്കും അറിയാവുന്ന പല കാര്യങ്ങളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ ഇവിടെ പറഞ്ഞ മാതിരി ഒരു പാർട്ടിയിൽ നിന്നും ജനതാപാർട്ടിയിൽ നിന്നും രണ്ടുമൂന്നു എം. എൽ. എം. മാരെ പിടിച്ചെടുക്കുവാൻ കഴിഞ്ഞു. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്നു പറയുന്ന, കേരളത്തിലെ തൊഴിലാളികളും കൃഷിക്കാരും ജനാധിപത്യവിശ്വാസികളും കെട്ടിപ്പടുത്ത ഈ പ്രസ്ഥാനത്തിന്റെ നേർക്ക് കാലിച്ചാക്കുകളുമായി ഇനിയും മി. കരുണാകരൻ നടക്കുമ്പോൾ ഞങ്ങൾ പറയുന്നു ഞങ്ങൾ ഈ നാട്ടിലെ ജനങ്ങളോട് ചെയ്ത പ്രതിജ്ഞയിൽ ഉറച്ചുനിന്നു കൊണ്ട് നിങ്ങളുടെ പ്രലോഭനങ്ങളേയും ഭീഷണികളേയും നിങ്ങളുടെ എല്ലാററിനേയും വെല്ലുവിളിച്ചുകൊണ്ട് അഭിമാനപുരസ്സരം തലയുയർത്തി നിൽക്കുക തന്നെ ചെയ്യുമെന്ന്. ആ കളിയും പിച്ചിലാട്ടവും ഒന്നും ഈ പ്രസ്ഥാനത്തോട് വേണ്ട. നേരേമറിച്ച് ഞങ്ങൾ തയ്യാറാണ്, ഇന്ന് തയ്യാറാണ് നാളെ ആകേണ്ട. ഈ രാജ്യത്തെ ജനങ്ങളെ നേരിടാൻ ജനവിധിക്കുവേണ്ടി ജനങ്ങളുടെ കോടതിയിൽ പോകാൻ. അത് മി. കരുണാകരൻ നാളെ ആക്കേണ്ട നമുക്ക് ഇന്നു തന്നെ ആകാം. ജനങ്ങൾ തീരുമാനിക്കട്ടെ. ആ മര്യാദയെങ്കിലും കാണിക്കാൻ ഒന്നുകിൽ മി. കരുണാകരനോ അല്ലെങ്കിൽ മി. ജോസോ തയ്യാറാകണം. ഈ ചർച്ചയ്ക്ക് ആ ഫലം ഉണ്ടായാൽ അത് ഈ രാജ്യത്തിന് നല്ലതാണെന്നുമാത്രം പറഞ്ഞു കൊണ്ടും ഈ പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : സർ, ഇൻഡ്യയിൽ വളർന്നു വരുന്ന സ്വേച്ഛാധിപത്യത്തിന്റെ ഭാഗമാണ് കേരളത്തിൽ കാസ്ററിങ്ങ്വോട്ടോടുകൂടിയ മന്ത്രിസഭയെ ജനങ്ങളുടെ തലയിൽ അടിച്ചേല്പിച്ചിരിക്കുന്നത്. എന്റെ സ്നേഹിതൻ ശ്രീ. എ. സി. ജോസിനെ അനുകൂലിച്ച് പ്രസംഗിക്കാൻ അപ്പുറത്ത് നിന്ന് തയ്യാറാകാതിരുന്നത് ഞാൻ മനസ്സിലാക്കുന്നത്, ലോകസഭയിൽ ഇതെപ്പററി ചർച്ചവന്നപ്പോൾ നമ്മുടെ അസംബ്ലിസെക്രട്ടറിയും ശ്രീ. ജോസും ഗ്യാലറിയിൽ ഉണ്ടായിരുന്നു; അതിന് പിന്തുണ നൽകാൻ ആരും ഉണ്ടായിരുന്നില്ല എന്ന് ഉള്ളതു കൊണ്ടാണ്. ലോകസഭയിൽ ഇതെപ്പററി പ്രതിപക്ഷങ്ങളൊക്കെ എതിർത്തപ്പോൾ ഒരു പാർട്ടിയും കാസ്ററിങ്ങ്വോട്ട് സംപ്രദായത്തെ പിന്തുണ ചെയ്തില്ല. ശ്രീ. ജോസ് അവിടെ ഉണ്ടായിരുന്നോ ഇല്ലയോയെന്ന് മറുപടി പറയും. ഏതായാലും ഞാൻ മനസ്സിലാക്കിയതാണ് പറയുന്നത്. ഭരണകക്ഷിയിൽ നിന്ന് ആരും ന്യായീകരിക്കാൻ വന്നില്ല. കാരണം പ്രസംഗിച്ചാൽ നാളെ അവരുടെ പേര് വരും. അങ്ങനെയൊരു ഗതികെട്ട സ്റേറജിലാണ് ഭരണകക്ഷി ഭാഗത്തുനിന്ന് ആരും പ്രസംഗിക്കാതിരുന്നത്. ഇപ്പോഴത്തെ കറുത്ത അദ്ധ്യായത്തിന്റെകൂടെ ശ്രീ. മാണിയോ മററ് നേതാക്കൻമാരോ പ്രസംഗിച്ചാൽ അവരുടെ പേരു വരും. അതുകൊണ്ടാണ് അവർ പങ്കെടുക്കാതിരിക്കുന്നത്. ഏതായാലും ശ്രീ. ജോസിന്റെ രാഷ്ട്രീയജീവിതത്തിൽ ഒരു കറുത്ത അദ്ധ്യായം എഴുതിച്ചേർക്കും. ഇൻഡ്യയിൽ ആദ്യമായി ഇവിടെ ഏഴു പ്രാവശ്യം കാസ്ററിങ്ങ്വോട്ട് നടത്തി. അസംബ്ലി സസ്പെൻറ് ചെയ്തുകൊണ്ട് നിയമസഭ ഉപ്പിലിട്ട് വച്ചിട്ട് 69 ദിവസം കഴിഞ്ഞ് വീണ്ടും അസംബ്ലി വിളിച്ചുകൂട്ടാനും ഒരു ന്യൂനപക്ഷഗവൺമെൻറിനെ വാഴിക്കാനുമുള്ള പരിശ്രമമാണ് ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് സ്വീകരിച്ചത്, പിരിച്ചുവിട്ട് ഉപ്പിലിടുക. മുമ്പ് ഇത് ഉണ്ടായിരുന്നില്ല. പിരിച്ചുവിട്ട് രണ്ടാഴ്ചയോ ആറ് ആഴ്ചയോ രണ്ടുമാസമോ ഉപ്പിലിട്ട് പാകത്തിൽ വരുമ്പോൾ ചാക്കുമായി നടക്കുക. അങ്ങനെ ചാക്കുമായി നടന്ന് എം. എൽ. എ. മാരെ ചാക്ക് രാഷ്ട്രീയത്തിൽ കടത്തിയും അഴിമതി നടത്തിയും ഭൂരിപക്ഷം കിട്ടുമോയെന്ന് പരീക്ഷിക്കുക. അതിന്റെ രണ്ട് ഉദാഹരണങ്ങൾ ഇവിടെ പറഞ്ഞു. കേരളവും ആസ്സാമും. ഇതുമാത്രമല്ല ന്യൂനപക്ഷത്തിന് ഭൂരിപക്ഷമാക്കാൻവേണ്ടിയുള്ള ചാക്ക് രാഷ്ട്രീയം. 1980-ൽ ശ്രീമതി ഇന്ദിരാഗാന്ധി അധികാരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോൾ തുടങ്ങിയതാണ്. ഭജൻലാലിന്റെ ഉദാഹരണം ഇവിടെയുണ്ട്. എന്റെ സ്നേഹിതൻ ഗുണ്ടുറാവുവിന്റെ കുപ്പായം മാറിയ ഉദാഹരണം ഇവിടെയുണ്ട്. തുടർന്ന് ശ്രീ. കരുണാകരന്റെ ഉദാഹരണം. ഇതൊക്കെ ചാക്ക് രാഷ്ട്രീയമാണ്. ഏകാധിപത്യം ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ സ്ഥാപിക്കാൻ നടത്തിയ പരിശ്രമത്തിന്റെ ഫലമായി രാഷ്ട്രീയ കച്ചവടം നടത്തി, അഴിമതി നടത്തി കൂട്ടുകാരെ അധികാരത്തിൽ കൊണ്ടുവന്നു. ഇത്തരത്തിലുള്ള ചാക്ക് രാഷ്ട്രീയത്തിന്റെ ഭാഗമാണ് ഇവിടേയും നടന്നിട്ടുള്ളത്. ഇവിടെ അധികം കിട്ടിയില്ല. കണക്കുകൂട്ടിനോക്കി. ശ്രീമതി ഇന്ദിരാഗാന്ധി ഡിസംബർ മാസം 30-ാം തീയതി ലക്നൗവിൽ വച്ച് പറഞ്ഞു ഭൂരിപക്ഷമുണ്ടെന്ന്. രണ്ടാംതീയതി കേരളത്തിൽ വന്നപ്പോൾ പറഞ്ഞു ഭൂരിപക്ഷമുണ്ടെന്ന് ഗവർണ്ണർക്ക് തോന്നിയെന്ന്. ഇവിടെ വന്നപ്പോൾ സംഗതി മനസ്സിലായി ഭൂരിപക്ഷമില്ലെന്ന്. 73 ആളുകളുണ്ടെന്ന് കരുണാകരൻ പറഞ്ഞു. പിന്നീട് പറഞ്ഞത് ഇനിയും ആളെ പിടിക്കാൻ കഴിയുമെന്നാണ്. കണക്കുകൂട്ടിനോക്കിയപ്പോൾ ഭൂരിപക്ഷമില്ല. പിന്നെ ഒരു നായരെ കിട്ടി, പത്തനംതിട്ട ജില്ലയ്ക്കുവേണ്ടി. മുഖ്യമന്ത്രിസ്ഥാനം ഏറ്റെടുക്കുന്ന സമയത്ത് ഗവർണ്ണർ സത്യവാചകം ചൊല്ലിക്കൊടുക്കുന്ന സമയത്ത് 67 പേരുടെ പിന്തുണമാത്രമായിരുന്നു ഉണ്ടായിരുന്നത്. അന്ന് ജനതാപാർട്ടിയിലെ രണ്ടു ഭാഗത്തുള്ളവരും തീരുമാനിച്ചിരുന്നില്ല പിന്തുണ നൽകാൻ. കഴിഞ്ഞ അസംബ്ലിസമ്മേളനത്തിൽ ശ്രീമതി കമലം ചെയ്ത പ്രസംഗവും ശ്രീ. ചന്ദ്രശേഖരൻ ചെയ്ത പ്രസംഗവും എടുത്തു പരിശോധിച്ചാൽ ഭൂരിപക്ഷമുണ്ടായിരുന്നില്ല അവർ ഉറപ്പ് കൊടുത്തിരുന്നില്ല എന്ന് വ്യക്തമാകും. ഭരണഘടനയെ തന്നെ ലംഘിച്ചുകൊണ്ട് കേരള ഗവർണ്ണർ കേന്ദ്രത്തിന്റെ ചട്ടുകമായി ഇവിടെ പ്രവർത്തിച്ചു. ന്യൂനപക്ഷങ്ങളുടെ അധികാരത്തിന് ഇവിടെ സത്യവാചകം ചൊല്ലിക്കൊടുത്തു. അതിനുശേഷമാണ് ചാക്ക് രാഷ്ട്രീയം നടത്തി ജനതാപാർട്ടിയിൽ നിന്ന് മൂന്ന് ആളിനെ പിടിച്ചത്. അങ്ങനെയാണ് ശ്രീ. ജോസിനെ സ്പീക്കറാക്കി വച്ചുകൊണ്ട് കാസ്റ്റിങ്ങ് വോട്ടുകൊണ്ട് അധികാരത്തിൽ വന്നത്. ന്യൂനപക്ഷ മന്ത്രിസഭയാണ് ഇവിടെ അധികാരത്തിലുള്ളത്. ഗവർണ്ണർ സത്യവാചകം ചൊല്ലിക്കൊടുത്തപ്പോൾ ഭൂരിപക്ഷം ഉണ്ടായിരുന്നില്ല. ഇപ്പോൾ ഭരണകക്ഷിയിൽ 70 ഉം പ്രതിപക്ഷത്ത് 70 ഉം ആണ് ഉള്ളത്. കാസ്റ്റിങ്ങ് വോട്ടിന്റെ ഭൂരിപക്ഷമാണുള്ളത്. ഭരണഘടനയുടെ 159 (2)-മത്തെ ഐറ്റത്തിലാണ് കാസ്റ്റിങ്ങ് വോട്ട് ഉപയോഗിക്കാമെന്ന് പറയുന്നത്. ആ അടിസ്ഥാനത്തിൽ ഭരണഘടനയെ ലംഘിച്ചുകൊണ്ട് ന്യൂനപക്ഷ മന്ത്രിയെ അധികാരത്തിൽ വരുത്താൻ ശ്രമം നടത്തിയത് ഏകാധിപത്യത്തിന്റെ ഭാഗമാണ്. ജനാധിപത്യത്തെ കുഴിച്ചുമൂടി ഏകാധിപത്യവാഴ്ച അടിച്ചേല്പിച്ചു. ഇൻഡ്യാരാജ്യത്തെ ഏതെങ്കിലുമൊരു പത്രം ഇതിന് പിന്തുണ നൽകിയിട്ടുണ്ടോ? ഇല്ല. ഇൻഡ്യയിലെ ഒരൊററ പത്രവും പിന്തുണ നൽകിയിട്ടില്ല. കാസ്റ്റിങ്ങ് വോട്ട് സംപ്രദായത്തെ ആക്ഷേപിക്കുകയും ഈ സംപ്രദായം തുടരരുതെന്നും ഈ മന്ത്രിസഭ രാജി വച്ച് പോകണമെന്നും സ്റ്റേറ്റ്സ്മാൻ, ഹിന്ദുസ്ഥാൻ ടൈംസ് ഇവ പറഞ്ഞിട്ടുണ്ട്. കാസ്റ്റിങ്ങ് വോട്ടിന്റെ ബലത്തിൽ അധികാരത്തിൽ തുടരുന്ന കേരളത്തിലെ കരുണാകരൻ മന്ത്രിസഭ രാജ്യത്തെ നിയമനിർമ്മാണസഭകളുടെ ചരിത്രത്തിൽ വളരെ മോശമായ കീഴ്വഴക്കമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് സ്റ്റേറ്റ്സ്മാനും ഹിന്ദുസ്ഥാൻ ടൈംസും മുഖപ്രസംഗമെഴുതി. അതുപോലെതന്നെ കക്ഷിരഹിതനായി പ്രവർത്തിക്കേണ്ട സ്പീക്കർ ഭരണകക്ഷിയിലെ അംഗത്തെ പോലെ നിയമസഭയിൽ വോട്ടിങ്ങ് നടക്കുമ്പോഴെല്ലാം ഗവൺമെന്റ് രക്ഷയ്ക്ക് എത്തേണ്ടി വരുന്ന അനുഭവം ലോകത്തൊരിടത്തും കാണാൻ കഴിയുകയില്ലെന്നും പറഞ്ഞിട്ടുണ്ട്. ശ്രീ. കരുണാകരൻ ഈയിടെ കണ്ടുപിടിച്ചു ലണ്ടനിൽ ഉണ്ടായിരുന്നുവെന്ന്. ഇൻഡ്യയിൽ ഒരിടത്തുമില്ല. അതുപോലെ തന്നെ ബ്രിട്ടനിൽ ഉണ്ടെന്ന് കണ്ടുപിടിച്ചിരിക്കുന്നു. അത് ഏതോ ഒരു മൂന്നാം ക്ലാസ്സ്

LIBRARY ARCHIVES Kerala Legislative Assembly

വക്കീൽ പറഞ്ഞുകൊടുത്തിട്ടുണ്ടാകും. 1953-ൽ ബ്രിട്ടനിൽ അങ്ങനെ ഉണ്ടായിരുന്നുവെന്ന് കണ്ടുപിടിച്ചിരിക്കുന്നു. അങ്ങനെയില്ല. പച്ചക്കള്ളമാണ്. ഹൈക്കോടതിയിൽ അടക്കം കളവ് പറയുന്ന ഒരാൾ ഇവിടെ കളവ് പറയുന്നതിൽ അതിശയമുണ്ടോ? രാജൻ കേസ്സിൽ കളവ് പറഞ്ഞു. മന്ത്രിസഭയിൽ തുടരാനുള്ള അർഹത തീർത്തും ഇല്ലാതായിരിക്കുകയാണെന്നും ഉടനടി നിയമസഭ പിരിച്ചുവിട്ട് സംസ്ഥാനത്തെ പ്രസിഡൻറ് ഭരണത്തിൻകീഴിലാക്കിയതിനുശേഷം ഇടക്കാലതെരഞ്ഞെടുപ്പ് നടത്തേണ്ടതാണെന്നും ഈ പത്രങ്ങൾ അഭിപ്രായപ്പെടുന്നു. മാത്രമല്ല ഇൻഡ്യൻ എക്സ്പ്രസ്സ് എഴുതിയ ഒരു മുഖപ്രസംഗമുണ്ട്.

"Article 189 of the Constitution which gives the right of a Casting Vote to the Speaker does not spell out the purposes for which it can be used but it would be an insult to the framers of the Constitution to suggest that the casting Vote would be invoked for defeating the no confidence motion against the Government or for passing a motion of thanks. അത് മാത്രമല്ല

To drag the Speaker into the mire of party politics is an insult to his Office." എന്നും എഴുതിയിരിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : പക്ഷെ നമ്മുടെ ബഹുമാനപ്പെട്ട ജോസിന് അത് ഇൻസൾട്ടായി തോന്നുന്നില്ല, അത് ഒരു അഭിമാനമായി തോന്നുകയാണ്. പിൻഭാഗത്തുകൂടി ഒരു ആല് മുളച്ചാൽ തണലാ ചിലർക്ക് എന്നുപറഞ്ഞപോലെ. ഇൻഡ്യയിലെ ഒരൊററ പത്രംപോലും നിങ്ങളുടെ ഈ നടപടിയെ ന്യായീകരിക്കാനോ പിന്തുണയ്ക്കാനോ തയ്യാറായിട്ടില്ല. ലോകസഭയിൽപ്പോലും പിന്തുണക്കാനാളില്ല. അതുകൊണ്ടാണ് നിങ്ങളും നിശബ്ദമായിരിക്കുന്നത്. ആരെങ്കിലും ഒരാളെ് പിന്തുണയ്ക്കാൻ ഒന്നു പ്രസംഗിച്ചുകൂടെ അപ്പുറത്ത്. ജോസേ : നിങ്ങൾക്കറിഞ്ഞുകൂടാ ബൂർഷ്വാ പൊളിററിക്സ്, കരുണാകരൻെറ പൊളിററിക്സ്. അവസാനം പഴയ ചെരുപ്പുപോലെ തള്ളും കരുണാകരൻെറ ആവശ്യം കഴിഞ്ഞാൽ. ഇത് ഞങ്ങൾക്ക് അറിയാവുന്നതാണ്. ഞങ്ങൾ രാഷ്ട്രീയം കൈകാര്യം ചെയ്യാൻ തുടങ്ങിയത് ഇന്നും ഇന്നലെയും ആണോ ?

ശ്രീ. കെ. എം. മാണി: ഒരു ഭരണഘടനാ ലംഘനം ഞങ്ങളായിട്ട് കാണിക്കണ്ട എന്നുവച്ചുകൊണ്ടാണ് ഞങ്ങൾ മിണ്ടാത്തത്.

ശ്രീ. ഇ. കെ. നായനാർ : മാണി ഈ പഴയ ചെരുപ്പ് ഇനി പോരണ്ട. ഈ പഴയ ചെരുപ്പ് പേറികൊണ്ട് മാണി നടക്കണ്ട. കാരണം മാണിയുടെ ആഫീസിലെ ഉദ്യോഗസ്ഥനെ, ട്രാൻസ്ഫർ ചെയ്ത കാര്യം നമുക്ക് അറിയാവുന്നതാണ്. ഇതിനിടയ്ക്ക് ഈ ഫിനാൻഷ്യൽ ഡിപ്പാർട്ടുമെൻറിലെ ഒരു ഉദ്യോഗസ്ഥനെ, അതു പറയണ്ട; മാണിക്കു തന്നെ അറിയാം. അതുകൊണ്ട് മാണി ഇനി ഈ പഴയ ചെരുപ്പും കൊണ്ട് നടക്കണ്ട. കാരണം ലൂക്കോസിന് ഇവിടെ സത്യാഗ്രഹം കിടക്കേണ്ടിവന്നു കാരണം എന്താ?. ഈ വക കാര്യങ്ങൾ പറഞ്ഞു കൂടുതൽ കൂടുതൽ പറയിപ്പിക്കുന്നത് മോശമാണ്. നിയമം പറയുകയാണെങ്കിൽ അത് പാഠവക്കീലിനെപ്പോലെ പറയരുത്. മലബാറിൽ പാഠവക്കീല് എന്നു പറയും, ഈ രീതിയിൽ നമ്മൾ പറയുന്നത് ഈ രാജ്യത്തിലെ ഒരൊററ പത്രങ്ങളോ ഒരൊററ നേതാവോ ലോകസഭയിലുള്ള ഒരു പ്രതിപക്ഷ നേതാവോ ഭരണകക്ഷിനേതാവോ ജോസിൻെറ പ്രവൃത്തിക്കു പിന്തുണ നൽകിയിട്ടില്ല. കേന്ദ്രം മന്ത്രിസഭ ഉണ്ടാക്കുന്നതും മുഖ്യമന്ത്രിയെ മാററുന്നതും ജനാധിപത്യ രീതിയിലാണോ ? ഇവിടെ സ്പീക്കറുടെ കാര്യം കാസ്ററിംഗ് വോട്ടുകൊണ്ട് മുഖമന്ത്രി സ്ഥാനം നിലനിറുത്തുന്നു. ആന്ധ്രയിൽ രണ്ടു മുഖ്യമന്ത്രിയെ മാററി. അഞ്ജയ്യ എന്താണ് തെററ് ചെയ്തിരുന്നത് മാററി.

LIBRARY ARCHIVES Kerala Legislative Assembly

എവിടുന്നാ; ഡൽഹിയിൽനിന്ന്. ചെന്നറെഡ്ഡിയെ മാററിയത് എങ്ങനെ അതുപോലെ ആന്തുലയെ മാററി. കണ്ടമാനം അഴിമതി നടത്തി എന്നു ജനങ്ങൾ പറഞ്ഞു അവസാനം കോടതി വിധി വരേണ്ടി വന്നു. ഇങ്ങനെ മാററിയതെല്ലാം ജനാധിപത്യ രീതിയിലാണോ ? ഏകാധിപത്യപരമായി തങ്ങളുടെ ഇഷ്ടം പോലെ മന്ത്രിമാരെ മാററുക ഇതല്ലേ?

വോട്ടേഴ്സ് ലിസ്ററിന്റെ പ്രശ്നം കരുണാകരൻ ഇവിടെ ഉന്നയിച്ചു. വോട്ടേഴ്സ് ലിസ്ററിൽ കൃത്രിമം കാണിച്ചു, രാഷ്ട്രീയമായി എന്ന്. എന്റെ കാലത്ത് ഉണ്ടായിട്ടില്ല, കരുണാകരന്റെ കാലത്താണ് അതുണ്ടായത്. മൂപ്പനാർ അതിനു നേതൃത്വം കൊടുത്തു; ബംഗാളിലെ മാതൃക പററും എന്നു വിചാരിച്ചിട്ട്. ബംഗാളിൽ വോട്ടേഴ്സ് ലിസ്ററിൽ മുപ്പതു ശതമാനം കൃത്രിമം ഉണ്ട് എന്ന് ഇന്ദിരാഗാന്ധി പറഞ്ഞപ്പോൾ ഇലക്ഷൻ കമ്മീഷണർ ശക്ധർ പറഞ്ഞു—ഞങ്ങളുടെ ലോകസഭാ സെക്രട്ടറിയായിരുന്നു, ഞാൻ ലോകസഭാ മെമ്പറായിരുന്നപ്പോൾ, അദ്ദേഹം പറഞ്ഞു അങ്ങനെ ഇല്ല, അങ്ങനെ ഇല്ല എന്ന്, മുപ്പതു ശതമാനം അഴിമതിയാണെന്നു ഇന്ദിര പറഞ്ഞപ്പോൾ ശക്ധർ പറഞ്ഞു അതില്ല. ഞാൻ പരിശോധിച്ചു. എന്റെ സെക്രട്ടറി പോയി പരിശോധിച്ചു. അതില്ല. എന്നിട്ടു കൽക്കത്തായിലെ ഹൈക്കോർട്ടിനെ പിടിച്ചു. സവ്യസാചി മുക്കർജിയെ പിടിച്ചു പറഞ്ഞു ഇത് പബ്ലിഷ് ചെയ്യാൻ പാടില്ല എന്ന്. അവസാനം സുപ്രീംകോടതിയിൽ പോയി. മുൻ കേന്ദ്ര മന്ത്രിമാരും കോൺഗ്രസ്സ് ഐ നേതാക്കന്മാരുമായ എ. കെ. സെന്നും സിദ്ധാർത്ഥ ശങ്കർറേയും ഈ കേസ് വാദിച്ചു. തുറന്ന മനസ്സല്ല ജസ്ററീസ് ചന്ദ്രചൂഡന്റെ കോടതി സുപ്രീം കോർട്ടിന് തുറന്ന മനസ്സല്ല ഉള്ളതെന്ന് വാദിച്ചു. ആർക്കു വേണ്ടിയാണ് ഇതു നടത്തിയത്. കോടതി മാപ്പു പറയിപ്പിച്ചു.

ജനാധിപത്യ വിരുദ്ധ രീതിയിൽ ജുഡീഷ്യറിയെ തകർക്കാനും ജനാധിപത്യത്തെ തകർക്കാനും വോട്ടേഴ്സ് ലിസ്ററ് പൊളിക്കാനും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ഗൂഡാലോചനയും പരിശ്രമവും ഏകാധിപത്യം സ്ഥാപിക്കാനുള്ള നടപടിയുടെ ഭാഗമാണ്. അതിന്റെ ഭാഗമാണ് കാസ്ററിംഗ് വോട്ടെന്ന വൃത്തികെട്ട പണി നമ്മുടെ ജോസിനെകൊണ്ട് എടുപ്പിച്ചത് കാരണം മകപാനയെകൊണ്ട് എടുപ്പിച്ചപ്പോലെ തനിക്ക് ചെയ്യാൻ കഴിയാത്ത വൃത്തികെട്ട പണിയൊക്കെ മററൊരാളെക്കൊണ്ട് എടുപ്പിക്കുക. മകപാനയെ ഇപ്പോൾ തള്ളിയില്ലേ? അതുപോലെതന്നെ ഇപ്പോൾ ജോസിനെകൊണ്ട് വൃത്തികെട്ട പണി എടുപ്പിച്ച് അവസാനം ജോസിനെ തള്ളും. ജോസേ സൂക്ഷിച്ചോളണം. രാഷ്ട്രീയ ജീവിതത്തിൽ ഇവരെയൊന്നും നമ്പിക്കൂടാ സൂക്ഷിച്ചോളണം. അതുകൊണ്ടാണ് എന്റെ പ്രിയപ്പെട്ട സുഹൃത്തായ ജോസിന്റെ കാര്യം പ്രത്യേകം ഞാൻ പറയുന്നത്; ജീവിതത്തിൽ ഒരു കറുത്ത അദ്ധ്യായം എഴുതും. കാസ്ററിംഗ് വോട്ടു ഏഴു തവണ ചെയ്തതു. ഇനി വരാൻ പോകുന്നുവെന്ന് പറയുന്ന വോട്ട് ഓൺ അക്കൗണ്ട് എന്ന സാധനം വരുമെങ്കിൽ നൂറു തവണ സംശയമില്ല. ഞങ്ങൾ ഒരൊററ എണ്ണം വിടുമോ വോട്ടു ചെയ്യിക്കാതെ, ഒരൊററ ഒന്ന് വിടാൻ പോകുന്നില്ല. ഈ കൈയ്യിൽ കയറുകെട്ടി കരുണാകരന്റെ അടുത്തു പിടിച്ചു വയ്ക്കണം. കരുണാകരൻ ഇങ്ങനെ വലിക്കുക, കയ്യ് ഇങ്ങനെ പൊക്കുക. ഞങ്ങൾ ഒരൊററ അമൻറുമെൻറ് വിടുമോ വോട്ടു ചെയ്യാതെ അപ്പോൾ ആ രീതിയിലുള്ള അധഃപതനത്തിൽ എത്താതെ അതിനുമുമ്പ് രക്ഷപ്പെടുന്നതാണ് നല്ലത്. ഞങ്ങളൊക്കെ രാഷ്ട്രീയ ജീവിതക്കാരാണ് നിങ്ങളും അതെ. വളർന്നു വരുന്ന ചെറുപ്പക്കാരനാണ്. സൂക്ഷിച്ചു കളിച്ചില്ലെങ്കിൽ കുഴിയിൽ ചെന്നു വീഴും. ഇവിടെ വീണതു് കുഴിയിലേക്കാണ്. അവിടെ നിന്ന് രക്ഷപ്പെടുത്താൻ ഞങ്ങൾ സൗഹാർദ്ദത്തോടുകൂടി പറയുകയാണ്. ഈ കാസ്ററിംഗ് വോട്ടിന് കൂട്ടു നിൽക്കരുതെന്ന്. ഈ വൃത്തികെട്ട പണി നമ്മൾ ചെയ്യരുത്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിൽ ആരെങ്കിലും വോട്ടേഴ്സ് ലിസ്ററ് ഒരു രാഷ്ട്രീയ പ്രശ്നമായി ഉയർത്തിയിട്ടുണ്ടോ? കോൺഗ്രസ്സ് (ഐ) നേതാക്കൻമാരെ ജുഡീഷ്യറിയെ താഴ്ത്തികെട്ടാൻ വേണ്ടി പഠിപ്പിച്ചു. അവസാനം എന്തുപററി? മാപ്പു പറയിപ്പിച്ചു ജസ്ററീസ് ചന്ദ്രചൂഡൻ "വെക്കടൊ മാപ്പ്" ഇല്ലെങ്കിൽ നിങ്ങളുടെ കേസ് കേൾക്കൂല്ല. മാപ്പു പറയിപ്പിച്ചു സിദ്ധാർത്ഥ ശങ്കർറേയും മാപ്പു പറഞ്ഞു, എ. കെ. സെന്നും മാപ്പു പറഞ്ഞു. ഇല്ലെങ്കിൽ നിങ്ങളുടെ കേസ് കേൾക്കൂല്ല. മാപ്പു പറഞ്ഞു വന്നിരിക്കുകയാണ്. കാരണം ജുഡീഷ്യറിയിൽ കുറച്ചുപേരെങ്കിലും അവിടെ സെൻസോടുകൂടി ഈ ജുഡീഷ്യറിയ്ക്കുവേണ്ടി നിൽക്കുന്നുണ്ട് എന്ന് മനസ്സിലായി. ഇന്ദിരാഗാന്ധി തന്റെ ആളുകളോട് പറഞ്ഞു, ജുഡീഷ്യറിയെ അററാക്കു ചെയ്യാൻ. ഞാൻ ചോദിക്കട്ടെ, നിങ്ങൾ അത് അംഗീകരിക്കുന്നുണ്ടോ? ഇതാണ് ഇന്ദിരാ കോൺഗ്രസ്സിന്റെ നയം. അവിടെയിരിക്കുന്ന ഏതെങ്കിലും പാർട്ടികൾ ആ നയം അംഗീകരിക്കുന്നുണ്ടോ? എനിക്കു തോന്നുന്നത് മാണി അത് അംഗീകരിക്കാനിടയില്ല, കാരണം ഒരു വക്കീലുകൂടിയായതുകൊണ്ട്. ആ പശ്ചാത്തലത്തിൽ മൂപ്പനാർ പറഞ്ഞു.

ഇനി എടുക്കേണ്ടത് നിങ്ങളുടെ വോട്ടിംഗ് സംപ്രദായമാണ്. കൃത്രിമമായി വോട്ട് ഉണ്ടെന്നു പറഞ്ഞു. തുടങ്ങിക്കോ. കരുണാകരൻ ഉടനെ പറഞ്ഞു കൃത്രിമ വോട്ടുണ്ടെന്ന്. കരുണാകരൻ നോക്കിയില്ല ഇത് ആരുടെ കാലത്താണ് ഉണ്ടായതെന്ന്. നോക്കിയപ്പോൾ കരുണാകരന്റെ കാലത്താണ് വോട്ടേഴ്സ് ലിസ്ററ് പുതുക്കി കൊണ്ടുവന്നത്. ഫെബ്രുവരിയിൽ പിന്നെ മുഴുവൻ ചേർക്കാൻവേണ്ടി സമയം കൊടുത്തു. കൃത്രിമ വോട്ട് ഇവർതന്നെയാണ് ചേർത്തിട്ടുണ്ടാവുക. രാഷ്ട്രീയമായി ഈ നിലപാടാണ് എടുത്തുകൊണ്ടിരിക്കുന്നത്. ക്യാബിനററ് കൂട്ടായിട്ടാണോ പ്രവർത്തിക്കുന്നത് ഇവിടെ? ഇവിടെ ഉദ്യോഗസ്ഥൻമാരുടെ ട്രാൻസ്ഫർ ഉദ്യോഗസ്ഥൻമാരുമായി ആലോചിച്ചിട്ടാണോ നടത്തുന്നത്. ഒററയ്ക്കു നടത്തിയിട്ടുണ്ട് ഇവിടെ. ഫൈനാൻസ് വകുപ്പ് നടത്തിയിട്ടുണ്ട്. പേരൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കണ്ട. ഈ രീതിയിൽ ഒററയ്ക്കു കരുണാകരൻ കൈകാര്യം ചെയ്തിട്ടുണ്ട് ഈ പ്രശ്നം. കൂട്ടായ പ്രവർത്തനം ഇല്ല. ഏകാധിപത്യപരമായി ക്യാബിനററിനകത്ത് നടക്കുന്നതായിട്ടുള്ള കോൺഗ്രസ് (ഐ.) യുടെ കരുണാകരന്റെ നേതൃത്വത്തിൽ നടക്കുന്നതായിട്ടുള്ള പ്രവർത്തനമാണ്. ഒരു ഫുൾഫ്ളെഡ്ജ്ഡ് മെജോറിററിയുള്ള ഒരു ഗവൺമെൻറാണോ ഇവിടെയുള്ളത്? അല്ലെന്ന് നമുക്കറിയാം. ഈ ഗവൺമെൻറ് മുൻകാലത്ത് വരുത്തിയ മാററങ്ങൾക്കു നേരെ വിപരീതമായി പെരുമാറുന്നു.

കർഷകത്തൊഴിലാളികളുടെ പ്രശ്നം പറഞ്ഞു. കയർ തൊഴിലാളികളുടെ പ്രശ്നം പറഞ്ഞു. ലക്ഷക്കണക്കിന് കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നം ഇവിടെ പറഞ്ഞു. അതുപോലെതന്നെ ലക്ഷക്കണക്കിന് ഹാൻഡ്ലൂം വർക്കേഴ്സിന്റെ പ്രശ്നം പറഞ്ഞു. അതുപോലെതന്നെ തൊഴിലില്ലായ്മവേതനം കൊടുക്കുന്ന കാര്യം. ഇത് എല്ലാം മാററി മറിച്ചുള്ള നയപരമായി അവസരവാദപരമായ കുത്തകകൾക്ക് സഹായം നൽകുന്ന ഒരു സമീപനമാണ് ഈ ഗവൺമെൻറിന്റേത്. ഇത് മാത്രമാണോ? ശിഥിലീകരണ പ്രവർത്തനം വർദ്ധിച്ചില്ലേ? ക്രൂരമായ മർദ്ദനമുറകൾ ഞാൻ ചോദിക്കട്ടെ പത്തനംതിട്ട ജില്ല കൊടുക്കുമെന്നു പറഞ്ഞു. ഉടനേതന്നെ ചെങ്ങന്നൂർ ജില്ല വേണമെന്നു വന്നില്ലേ, തിരുവല്ലാജില്ല വേണമെന്നുവന്നില്ലേ, കാസർകോട് ജില്ല വേണമെന്നു വന്നില്ലേ. മിനിഞ്ഞാന്നത്തെ മീററിംഗിൽ അദ്ധ്യക്ഷം വഹിച്ചിരുന്ന ബഹുമാനപ്പെട്ട മെമ്പറല്ലേ അവിടെ ഇരിക്കുന്നത്, ചെങ്ങന്നൂർ ജില്ല കിട്ടിയോ? കിട്ടൂല്ലേ. കിട്ടിയില്ലെങ്കിൽ അവർ ഇപ്പുറം വോട്ടു ചെയ്യും. കാരണം ഒരാൾക്ക് ഹാർട്ട് ഫെയിലുവർ വന്നാൽ പോരെ പൊളിഞ്ഞില്ലേ നിങ്ങളുടെ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

അപ്പോഴം. ആ രൂപത്തിൽ ചെങ്ങന്നൂർ ജില്ല നിങ്ങൾക്ക് കിട്ടൂല്ല. മറ്റേതും കിട്ടൂല്ല. വണ്ടി ഓടിക്കുന്ന കുതിരയുടെ വായിനു താഴെ പുല്ലിട്ടു കൊടുക്കും. ഈ കുതിര വിചാരിക്കും ഇപ്പോഴം തിന്നാൻ കിട്ടുമെന്ന്. മരണംവരെ ഓടിയാലും പുല്ല് കിട്ടുകയില്ല. അതുപോലെ ചെങ്ങന്നൂർ ജില്ല, കാസർകോട് ജില്ല, പത്തനംതിട്ട ജില്ല, മൂവാററുപുഴ ജില്ല ഇതെല്ലാം ആവശ്യപ്പെടും. ഓരോ താലൂക്കും ജില്ലക്കും കിട്ടും. കാരണം ഒരാഴം എനിക്ക് വോട്ടു ചെയ്താൽ ഗവൺമെൻറ് പോയി. എല്ലാപേർക്കും സാംഗ്ഷൻ ചെയ്തിരിക്കുകയാണ് ജില്ല. സരസ്വതിയമ്മാ വിടരുത്. കാരണം ഈ മന്ത്രിസഭ വീഴുന്നതിന് മുമ്പ് കിട്ടിയില്ലെങ്കിൽ പിന്നെ കിട്ടൂല്ല. വിടാൻ പാടില്ല. ചെങ്ങന്നൂർ ജില്ലക്ക് ഒരു കൈയ് നോക്കണം. ഈ കുതിരയുടെ മുമ്പിൽ പുല്ലിടുന്നതുപോലെ ഇപ്പോഴം ഇല്ലെങ്കിൽ അത് കിട്ടുകയില്ല. അതാണു സ്ഥിതി.

അതുപോലെതന്നെ ഹരിജനങ്ങഴക്ക് എതിരായുള്ള ആക്രമണം. തിരുവല്ലത്ത് ഹരിജനങ്ങഴക്ക് എതിരായുള്ള പോലീസിൻെറ ആക്രമണം നടക്കുന്നു. എന്താണ് നടക്കുന്നത്? തീകത്തിക്കുകയാണ് ഹരിജനങ്ങളുടെ കുടിലുകളെ അതുപോലെതന്നെ വയനാട്ടിലെ ഗിരിജനങ്ങളെപ്പററി കഴിഞ്ഞതവണ ഇവിടെ പറഞ്ഞതാണ്. ആലപ്പുഴയിൽ അവലൂക്കുന്നു മുസ്ലീംപള്ളി ആക്രമിച്ചു. ഒരു മുസ്ലീംപള്ളിയിൽ പോലീസ് പാഞ്ഞുകയറി. ഇത് എങ്ങനെ നടന്നു. ഇതു മാത്രമാണോ? ഇന്ത്യാരാജ്യത്ത് ന്യൂനപക്ഷങ്ങഴക്ക് എതിരായി ഹിന്ദുക്കഴക്ക് എതിരായി, മുസ്ലീങ്ങഴക്ക് എതിരായി, ക്രിസ്ത്യാനികഴക്ക് എതിരായി ആക്രമം നടക്കുന്നു. മണക്കാടു നടന്നിട്ടുള്ള വെടിവയ്പ്പിൽ ആരാണ് മരിച്ചത്? മരിച്ച ആറുപേരും കിസ്ത്യാനികളാണ്. പേരു നോക്കിയിട്ടുണ്ടോ? ഈ അമ്പലത്തിൽ നടന്നിട്ടുള്ളതിൻെറ പിന്നിൽ ആർ. എസ്. എസ്.കാർ പോയിട്ടുണ്ട് ഇവിടന്ന്. ക്രിസ്ത്യാനികഴ അവിടെ മാത്രമാണോ? തമിഴ് നാട് ബോർഡറാണ്, പണ്ടത്തെ സൗത്ത് ട്രാവൻകൂറാണ്.

ശ്രീ. പി. സീതിഹാജി : ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് തമിഴ്നാട് തെരഞ്ഞെടുപ്പിൽ എം. ജി. ആർ. ജയിച്ചുവന്നപ്പോഴം ഇടതുപക്ഷ പ്രസ്ഥാനമാണ് അവിടെ ജയിച്ചതു എന്നു പറഞ്ഞു. ആ ഗവൺമെൻറ് തന്നെയാണ് അവിടെ വെടിവച്ചത് എന്ന് അറിയാമോ ?

ശ്രീ. ഇ. കെ. നായനാർ : അതു ഞാൻ പറയാം. ഏതായാലും സീതീഹാജിക്ക് ഇങ്ങനെയൊക്കെ ഒന്ന് സംസാരിക്കണമെന്ന് തോന്നിയല്ലോ ? സീതീഹാജി ചോദിച്ചതിനു ഞാൻ മറുപടി പറയാം. തമിഴ്നാട്ടിൽ എം. ജി. ആറിൻെറ നിയോജക മണ്ഡലത്തിലടക്കം ഞാൻ പോയി പ്രസംഗിച്ചതാണ്. അവിടത്തെ കോൺഗ്രസിനെ തോൽപ്പിക്കാൻ വേണ്ടിയാണ് ഞാൻ പോയി പ്രസംഗിച്ചത്. അതേ സമയത്ത് ഇടതുപക്ഷ ജനാധിപത്യ പാർട്ടിയാണ് എൻെറ പാർട്ടി ഇപ്പോഴും, നാളെയും, എം. ജി. ആറിൻെറ ഗവൺമെൻറിനെപ്പററിയും കരുണാനിധിയുടെ ഗവൺമെൻറിനെപ്പററിയും അങ്ങനെ പറയുകയില്ല. അത് ഒരിക്കലും ഞാൻ പറഞ്ഞിട്ടില്ല. ഇടതിനെയും വലതിനെയും പററി സീതിഹാജിക്ക് അറിയാത്തതു കൊണ്ടുള്ള ബുദ്ധിമുട്ടാണിത്.

ശ്രീ. പി സീതി ഹാജി : നിങ്ങഴപോയി പ്രസംഗിച്ച് എം. ജി. ആറിനെ ജയിപ്പിച്ചതുകൊണ്ടാണ് ഇപ്പോഴം ഈ വെടിവയ്പ്പുണ്ടായതെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ഞങ്ങൾ പറയുന്നത് അതൊരു ബൂർഷ്വ ഗവൺമെൻറ് തന്നെയാണെന്നാണ്. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ തൊപ്പിപ്പാളയുമേന്തിയ മാണി ഇപ്പോൾ അപ്പുറത്താണെങ്കിലും അദ്ദേഹം ഒരു ഡെമോക്രാററിക് പാർട്ടിക്കാരനാണെന്ന് ഞങ്ങൾ കരുതുന്നു. ഇപ്പോൾ പിൻതിരിപ്പൻ കുത്തകക്കാരുടെ പാർട്ടിയാണെന്ന് ഞങ്ങൾ കാണുന്നില്ല. ശ്രീമാൻ ലൂക്കോസ്, സത്യാഗ്രഹം കിടന്നപ്പോൾ ഞങ്ങൾക്ക് സഹതാപം തോന്നി. എന്തിനിങ്ങനെ കിടക്കേണ്ടിവന്നു. പോലീസ് മർദ്ദനം കാരണമല്ലേ? ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. ഇവിടെ ന്യൂനപക്ഷങ്ങൾക്ക് രക്ഷയില്ല. ഞാൻ ചോദിക്കട്ടെ. ബെന്നത്വാലയുടെ പ്രസംഗം കേരളത്തിലെ ഒരു പത്രവും പ്രസിദ്ധപ്പെടുത്തിയില്ല. തല്പ് ഫോട്ടോഗ്രാഫർക്ക് കിട്ടിയെങ്കിലും ആ വാർത്ത മനോരമപോലും പ്രസിദ്ധപ്പെടുത്തിയില്ല. അതുപോലെ തന്നെ മാതൃഭൂമി പ്രസിദ്ധപ്പെടുത്തിയില്ല. ഒരു പത്രവും പ്രസിദ്ധപ്പെടുത്തിയില്ല. ലോക്സഭയിൽ ബെന്നത്വാല പറയുന്നു, 'ഇന്ദിരാഭരണത്തിൻകീഴിൽ ഇൻഡ്യയിലെ മുസ്ലീങ്ങളുടെ ജീവനും സ്വത്തിനും രക്ഷയില്ലെന്ന്'. ഇതാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് നേതാവ് ബനാത്വാല ലോക്സഭയിൽ പ്രസംഗിച്ചത്; പ്രസിഡൻറിൻെറ പ്രസംഗത്തിൻെറ ചർച്ചാസമയത്ത്. ഇന്ദിരാഗാന്ധി വീണ്ടും അധികാരത്തിൽ വന്നതിനുശേഷം 960 ഹരിജനങ്ങളാണ് കൊലചെയ്യപ്പെട്ടത്. ഹരിജനങ്ങൾക്കും മററു ന്യൂനപക്ഷങ്ങൾക്കുമെതിരെ നടന്ന അക്രമങ്ങളുടെ എണ്ണം 26,748 ആണ്.................. ....(ബഹളം)

ഇവിടെ മുസ്ലീങ്ങളുടെ സ്വത്തിനും ജീവനും രക്ഷയില്ല. വർഗ്ഗീയ ലഹളകൾ കൂടിവരികയാണ്. 1977-ൽ 188 ലഹളകളാണുണ്ടായത്. 1980-ൽ 427 ലഹളകളായി. ഇതിൽ 375 പേർ കൊല്ലപ്പെടുകയുണ്ടായി. 2800 പേർക്ക് പരിക്ക് പററി. ദിവസേന ഒരു സാമുദായിക ലഹള എന്നതാണ് ഇൻഡ്യയിലെ ഇന്നത്തെ സ്ഥിതി. എന്താണ് ഇതിന് കാരണം? മുസ്ലീങ്ങൾ മരിച്ചാലും രാജാവിനേക്കാൾ രാജഭക്തി കാണിക്കുന്നവരാണ് നിങ്ങൾ. ഷോളാപ്പൂരിലെ ലഹളകൾ ഇതിന് ഒരുദാഹരണമാണ്. ഹിന്ദു പരിഷത്ത് സമ്മേളനം നാഗപ്പൂരിൽ നടന്നു. അതുപോലെ ഇവിടെ മണ്ടയ്ക്കാട്ട് നടന്നിട്ടുള്ള ലഹള. ഇവിടെ തിരുവല്ലത്ത് ഹരിജനങ്ങൾക്കെതിരായിട്ടു നടന്നു. അതുപോലെ ആലപ്പുഴയിൽ മുസ്ലീം പള്ളിയിൽ പോലീസ് കയറി. ഗിരിജനങ്ങൾക്കെതിരായി വയനാട്ടിൽ ആക്രമണം നടന്നു. ചവറ നിയോജക മണ്ഡലത്തിൽ ക്രിസ്ത്യാനികൾക്കെതിരായിട്ട് നടന്നു. എൻ. ഡി. പി. യുടെ നേതാവായ തേറമ്പിൽ രാമകൃഷ്ണൻ ഇന്ദിരാ കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ ആർ. എസ്. എസ്സുമായി ഒരു കൂട്ടുകെട്ടു നടത്തി. അതിന് നേതൃത്വം കൊടുത്തത് കരുണാകരനാണ്. ആ തരത്തിൽ ആർ. എസ്. എസ്സു. മായിട്ടുള്ള കൂട്ടുകെട്ട് ഈ രാജ്യത്തിലെ ന്യൂനപക്ഷങ്ങളെ കശാപ്പുചെയ്യുന്നു. ഷോളാപ്പൂരിലും പൂനയിലും ലഹളകൾ നടന്നിട്ടുള്ളത് എങ്ങിനെയാണ്? ഹിന്ദു പരിഷത്തിൻെറ സമ്മേളനം നടന്നതിനു ശേഷമാണ്. അതുപോലുള്ള ഒരു ഗൂഢാലോചന കേരളത്തിലും നടക്കുകയാണ്. കൊച്ചിയിൽവച്ച് ഹിന്ദുപരിഷത്തിൻെറ സമ്മേളനം നടക്കാൻ പോകുന്നു. എൻ. ഡി. പി. അതുമായി കൂട്ടുചേർന്നിരിക്കുകയാണ്. അതുപോലെ അതിന് ഡയറക്ഷൻ കൊടുത്തിരിക്കുകയാണ് മുഖ്യമന്ത്രി കരുണാകരൻ. ആ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു ഏകാധിപത്യ വീഴ്ച അടിച്ചേൽപ്പിക്കാൻ വേണ്ടി നമ്മുടെ ജോസിനെ ഒരു കുട്ടിക്കുരങ്ങാക്കുകയോ, കരുവാക്കുകയോ ചെയ്യരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. ജോസേ, തൻെറ രാഷ്ട്രീയ ജീവിതം ഭാവിയിൽ നന്നാകണം. ഈ കറുത്ത അദ്ധ്യായം പുസ്തകത്തിൽനിന്ന് മാററിത്തീർക്കാൻ ഇന്നെങ്കിലും ഒരു തീരുമാനം എടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവരോടൊന്നും ആലോചിച്ചാൽ തീരുമാനമെടുക്കാൻ സാധിക്കുകയില്ല.
ഇവരെല്ലാം നിങ്ങളെ കുരങ്ങുകളിപ്പിക്കുകയാണ്. മരിച്ചാൽ പിന്നെ തിരിഞ്ഞു
നോക്കുകയില്ല. അതുകൊണ്ട് ഈ രീതിയിൽ മുന്നോട്ടുപോകാതെ കേരള
ത്തിലെ ഈ മന്ത്രിസഭ രാജിവയ്ക്കുന്നതാണ് നല്ലത് ഗവർണ്ണർ പിരിച്ചു
വിടണം. ഗവർണ്ണർ ചെയ്തത് ഭരണഘടനയ്ക്ക് വിരുദ്ധമാണ്. ഒരു
ചട്ടുകമായിട്ടാണ് ഗവർണ്ണർ പ്രവർത്തിച്ചത്. കേരളത്തിലെ ജനങ്ങളുടെ മേൽ
ഒരു ന്യൂനപക്ഷ മന്ത്രിസഭ അടിച്ചേൽപ്പിക്കുകയാണ് ചെയ്തത്. ഈ മന്ത്രി
സഭ രാജിവച്ചുകൊണ്ട് തെരഞ്ഞെടുപ്പു നടത്തണം. വിദ്യാർത്ഥികളെ തല്ലി
ച്ചതയ്ക്കാൻ നേതൃത്വം കൊടുത്ത കരുണാകരൻ മാനമായിട്ട് രാജിവയ്ക്കു
ന്നതാണ് നല്ലത്. കൊല്ലത്ത് എസ്. എൻ കോളേജിൽ ഞാൻ ഇന്നലെ
പോയി സത്യാഗ്രഹം നടത്തുന്ന അവിടത്തെ വിദ്യാർത്ഥികളെ കണ്ടു. ഉമ്മൻ
ചാണ്ടി ഞങ്ങളുടെ ഇടതുപക്ഷ മുന്നണിയിൽ മുൻപ് വാദിച്ചതാണ്. കോളേ
ജുകളിൽ പോലീസിനെ അയയ്ക്കരുതേയെന്ന്. ഇന്നിപ്പോൾ അഞ്ഞൂറു
പോലീസാണ് നിലയുറപ്പിച്ചിട്ടുള്ളത്. അവിടെ നിങ്ങൾ ആയിരക്കണക്കി
നാളുകളെ വെടിവച്ചു കൊന്നാലും മർദ്ദനംകൊണ്ട് ഈ രാജ്യത്തെ
വിദ്യാർത്ഥി പ്രസ്ഥാനത്തെ അടിച്ചമർത്താൻ കഴിയുകയില്ല. അതിനെതി
രായി ധീരമായി പോരാടുമെന്ന് താക്കീതു നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.
ന്യായമായി കൂടിയാലോചിച്ച് പ്രശ്നം പരിഹരിക്കാതെ ഒരു കോളേജിലും
പോലീസിനെ ഉപയോഗിച്ച് നിങ്ങൾക്ക് സമാധാനാന്തരീക്ഷത്തിൽ പഠിത്തം
നടത്താൻ സാധിക്കുകയില്ല. 500 പോലീസുകാരെയാണ് കൊല്ലത്ത് എസ്.
എൻ. കോളേജിൽ ഇറക്കിയിട്ടുള്ളത്. മിനിഞ്ഞാന്ന് ഞാനും പി. കെ. വി.യും
പോയപ്പോൾ ഇത് കണ്ടതാണ്. അവിടത്തെ സത്യാഗ്രഹ പന്തൽ തല്ലിപ്പൊ
ളിച്ചു: നാസർ എന്ന കുട്ടിയെ കണ്ടു. രാജനെ കണ്ടു. ചവുട്ടി ദേഹം മുഴുവൻ
ഇഞ്ചി പോലെയാക്കിയിരിക്കുകയാണ്. ആ തരത്തിൽ ക്രൂരമായി അവിടെ
കൊല നടത്തിയിട്ടുള്ള ആർ. എസ്. എസ്. കാരായ കുററവാളികളെ ഇതുവരെ
പിടികൂടിയിട്ടില്ല. ശ്രീകുമാരൻെറ പിതാവിനെ ഞാൻ കണ്ടു, കരയുന്ന
സഹോദരിയെ കണ്ടു. അമ്മയെ കണ്ടു. പത്തിരുപത്തഞ്ചു വയസ്സായ
ചെറുപ്പക്കാരനെ ആ കോളേജിൻെറ ഗേററിൽവച്ച് കഠാരി ഉപയോഗിച്ച് കുത്തി
ക്കൊന്ന കൊലയാളികൾക്കെതിരായി ഇന്നുവരെ നടപടിയെടുത്തിട്ടില്ല.
പോലീസിനറിയാം; ആരാണ് കുത്തിക്കൊന്നതെന്ന്. ആർ. എസ്.
എസ്സ്.ൻെറ ആളുകളാണ്. അതുപോലെ നിലമേൽ കോളേജിലും ആർ.
എസ്. എസ്. കാർ പ്രവേശിച്ചു. ഇത്തരത്തിലുള്ള സമീപനം ശ്രീമാൻ
ഉമ്മൻചാണ്ടിയുടെ ഭരണത്തിൽത്തന്നെ നടത്തണം. കാരണം, ഉമ്മൻചാണ്ടി
ഞങ്ങളുടെയടുക്കൽ വാദിച്ചതാണ്, കോളേജിൽ പോലീസിനെ അയയ്ക്കരു
തെന്ന്. 500 പോലീസാണ് എസ്. എൻ. കോളേജിൻെറ ഗേററിൽ നിൽക്കു
ന്നത്, ഞാൻ പോയി കണ്ടതാണ്. അവരെ പിൻവലിക്കാൻ തയ്യാറില്ലെങ്കിൽ
ഞങ്ങൾ പറഞ്ഞു, ഇടതുപക്ഷ പ്രസ്ഥാനവും മററ് ജനാധിപത്യ വാദികളും
അതിനെതിരായി യോജിച്ചുനിന്ന് പോരാടുമെന്ന്. വെടിവച്ചു മരിക്കേണ്ടി
വന്നാലും ഇത്തരത്തിലുള്ള മർദ്ദന മുറയെ ചെറുക്കുമെന്ന് ഞങ്ങൾ പ്രഖ്യാ
പിച്ചിട്ടുണ്ട്. സമാധാനപരമായി കോളേജ് നടക്കണം. പണ്ട് 1975-ൽ
കരുണാകരൻ ഇവിടെ 12 ക്യാമ്പുണ്ടാക്കിയതാണ്. ഈ രാജ്യത്തെ പോലീസ്
ഉദ്യോഗസ്ഥൻമാരെ കെട്ടഴിച്ച് വിട്ടതിൻെറ അനുഭവം ഞങ്ങൾക്കറിയാം.
അത് ചെറുത്തവരാണ് ഞങ്ങൾ. അവസാനം കരുണാകരൻ രാജിവയ്ക്കേണ്ടി
വന്നു. ഇങ്ങനെയൊരു സാഹചര്യം, ഹിന്ദു മുസ്ലീം വർഗ്ഗീയ ലഹള,
ക്രിസ്ത്യാനികൾക്കെതിരായ ലഹള, ഇതെല്ലാം ഈ രാജ്യത്ത് ഇന്ന് നടക്കുക
യാണ്. ഇവിടെ മുസ്ലീങ്ങൾക്ക് രക്ഷയില്ല. ക്രിസ്ത്യാനികൾക്ക് രക്ഷയില്ല.
അതുപോലെ ന്യൂനപക്ഷങ്ങൾക്ക് ഇവിടെ രക്ഷയില്ല. ഈ സമീപനത്തിനെതി
രായി, ഏകാധിപത്യത്തിനെതിരായി പോരാടുന്ന ജനങ്ങൾ ഒന്നിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുകയാണ്, ജോസേ, രാജിവയ്ക്കണം, രാജിവയ്ക്കണം എന്ന്. ഈ മന്ത്രിസഭ രാജിവച്ചിട്ട് തെരഞ്ഞെടുപ്പിനെ നേരിടണം. അത്രയും പ്രസ്താവിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട സ്പീക്കറെ നീക്കം ചെയ്യാനുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ട് നടന്ന ചർച്ചകളെല്ലാം നിർഭാഗ്യവശാൽ രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി മാത്രമായി മറെറാരു വേദിയിൽ പ്രയോജനപ്പെടുത്താവുന്ന ചർച്ചകൾ ആയിപ്പോയതിൽ വാസ്തവത്തിൽ എനിക്ക് കുണ്ഠിതമുണ്ട്. സർ, ഇവിടെ പരാമർശിച്ചതുപോലെ സ്പീക്കർചെയ്ത നടപടിയുടെ പേരിലാണ് സ്പീക്കറെ നീക്കംചെയ്യുന്നതെങ്കിൽ 3-ാം തീയതിയാണ് സ്പീക്കറെ തെരഞ്ഞെടുത്തത്; മൂന്നാം തീയതി സ്പീക്കറെ തെരഞ്ഞെടുത്തത് എതിരില്ലാതെയാണ്. എതിരില്ലാതെ സ്പീക്കറെ തെരഞ്ഞെടുത്തതിനുശേഷം 24 മണിക്കൂറിനുള്ളിൽ 4-ാം തീയതി ആ സ്പീക്കർക്കെതിരായി അവിശ്വാസപ്രമേയം ഈ ലെജിസ്ലേച്ചർ സെക്രട്ടേറിയററിൽ കൊടുക്കാൻ എന്തു പ്രേരണയാണ് സർ, പ്രതിപക്ഷത്തിനുണ്ടായത്? ഇവിടെ പ്രധാനമായ ചർച്ചകളെല്ലാം നടന്നിരുന്നത് ഗവർണ്ണറുടെ അഡ്രസ്സിൻമേലാണ്. അവിശ്വാസപ്രമേയത്തിൻമേലും ചർച്ചകൾ നടന്നു. അവിടെ പരാമർശിച്ച കാര്യങ്ങളുടെ ഒരു ആവർത്തനം മാത്രമാണ്. സർ, ഈ ഗവൺമെൻറ് എന്നുപറയുന്നത്, ഈ സഭയെക്കുറിച്ച് പറയുമ്പോൾ, ഈ സഭയെയും ഭരണകൂടത്തേയും നിയന്ത്രിക്കുന്നത് ഭരണഘടനയും ഈ സഭയുടെ നിയമനടപടിയുമാണ്. സർ, ഭരണഘടന അനുശാസിക്കാത്ത, ഭരണഘടനാവിരുദ്ധമായ ഏതെങ്കിലും ഒരു നടപടി ഈ സമയംവരെ സ്വീകരിച്ചതായി തൃപ്തികരമായി ആർക്കും ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടില്ല. സർ, അത് പരിശോധിക്കണം. ഭൂരിപക്ഷത്തെക്കുറിച്ച് അപ്പുറത്തിരിക്കുന്ന ചില സ്നേഹിതൻമാരുടെ ധാരണയിൽ പാകപ്പിഴകൾ ഉണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സഭയുടെ നടപടിച്ചട്ടങ്ങൾ വായിച്ചുനോക്കണം. ഇവയെല്ലാം ഈ സഭയുടെ തീരുമാനങ്ങളാണ്. ഈ സഭയുടെ തീരുമാനം എങ്ങനെയായിരിക്കണം എന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഭരണഘടന പ്രകടമായും നിർദ്ദേശിക്കുന്നുണ്ട്. ആ ഭരണഘടനയെക്കുറിച്ചുള്ള മാന്യത ഇപ്പോഴെങ്കിലും നിങ്ങൾക്ക് ബോദ്ധ്യമാകുന്നുണ്ടെങ്കിൽ ആ ഭരണഘടനയുടെ വകുപ്പുകൾ കഴിഞ്ഞ നിയമസഭയുടെ യോഗം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. സർ, ആ ഭരണഘടനയിൽ പറയുന്നത് തുല്യമായി വോട്ടിംഗ് വരുമ്പോൾ സ്പീക്കർ എന്തു നിലപാട് സ്വീകരിക്കണമെന്നാണ്. ഇതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് നമ്മുടെ നിയമസഭ ചട്ടങ്ങളിൽ അവിശ്വാസപ്രമേയം ഉൾപ്പെടെയുള്ള, ബഡ്ജററ് ഉൾപ്പെടെയുള്ളകാര്യങ്ങൾ തീരുമാനിക്കുന്നത്. വോട്ടിനിട്ട് ഭൂരിപക്ഷപ്രകാരമെന്നല്ല നിയമ പുസ്തകത്തിൽ എഴുതിയിട്ടുള്ളത്. സഭ തീരുമാനിക്കണമെന്നാണ്. സഭ തീരുമാനിക്കാനുള്ള നടപടിക്രമമാണ് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നത്. ഭരണഘടനാപരമായി നിയമവിധേയമായി ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, 141 അംഗങ്ങളുള്ള നിയമസഭയിൽ ഒരു തീരുമാനം സഭ സ്വീകരിക്കണമെങ്കിൽ ആ തീരുമാനത്തിന് 71 അംഗങ്ങളുടെ പിന്തുണ ഉണ്ടാകണം. ആ അംഗം എവിടെ ഇരിക്കുന്നുയെന്നല്ല, മന്ത്രിയായാലും ശരി, മന്ത്രി എന്നു പറയുന്നത് സഭയിലെ ഒരംഗമാണ്. സ്പീക്കർ ഈ സഭയിലെ ഒരംഗമാണ്. നാമെല്ലാം ഈ സഭയിലെ അംഗങ്ങളാണ്. (ബഹളം) അവിടെയാണ് ഞാൻ പറഞ്ഞത് ഇൻഡ്യൻ ഭരണഘടന വ്യക്തമായി അനുശാസിക്കുന്നത് 71 അംഗങ്ങളുടെ ഭൂരിപക്ഷത്തെ സംബന്ധിച്ചിടത്തോളം എഴുപതും, എഴുപതും വന്നാൽ എഴുപത്തൊന്നാമത്തെ വോട്ട് വോട്ടല്ല എന്നു പറയുന്നതാണ് ഒരു തീരുമാനമെങ്കിൽ അതിനെക്കുറിച്ച് എനിക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. അതിനെക്കുറിച്ച് അപ്പുറത്തിരിക്കുന്നവർക്ക് അവകാശപ്പെടാൻ സാധിക്കുമോയെന്ന് ഞാൻ ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ : അങ്ങ് നേതൃത്വം കൊടുക്കുന്ന ഭരണകക്ഷിയിൽ എത്ര അംഗങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കരുണാകരൻ : മന്ത്രിസഭ രൂപീകരിക്കാൻ പോകുമ്പോൾ ആരെയാണോ ഭരണഘടനാപരമായി ബോദ്ധ്യപ്പെടുത്തേണ്ടത്, ആ വ്യക്തിയെ ഗവർണ്ണറെ, ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. നേരെമറിച്ച് ഞാൻ ചോദിക്കട്ടെ, 141 അംഗങ്ങളുള്ള നിയമസഭയിൽ ഒരു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു ഭാഗത്ത് 71 പേരും മറുഭാഗത്ത് 70 പേരും വരുന്നു എന്നു തീരുമാനിക്കുക. ആ നിലയിൽ വന്നുകഴിഞ്ഞാൽ ഞാൻ ചോദിക്കുന്നത് മിസ്റ്റർ വാര്യർ, നിങ്ങളുടെ ഭരണഘടനാപരമായ നിഗമനത്തെക്കുറിച്ചാണ്. നമ്മുടെ നിയമസഭയിൽ അംഗസംഖ്യ നിശ്ചയിക്കുന്നത് ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അംഗസംഖ്യ നിശ്ചയിക്കുമ്പോൾ 141 എന്ന് നിശ്ചയിക്കുന്നത് ഭൂരിപക്ഷം ശരിയായി നിശ്ചയിക്കുന്നതിന് വേണ്ടിയാണ്. ഒരാളിന്റെ ഭൂരിപക്ഷം.........

ശ്രീ. പി. സീതിഹാജി : ബഹുമാനപ്പെട്ട സ്പീക്കർ ഒരു വോട്ടു ചെയ്തതിനെപ്പററിയാണ് തർക്കം. ബഹുമാനപ്പെട്ട എസ്തോസ് രണ്ട് വോട്ടു ചെയ്ത് ആണ് അവിടെ ചെയർമാൻ ആയത് എന്നറിയാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : അവർ ചെയ്ത കാര്യങ്ങളെപ്പററി ഞാൻ എന്തു പറയാനാണ്. ഇവിടെ ഒരു വോട്ടിന്റെ ഭൂരിപക്ഷം ഒരു തെരഞ്ഞെടുപ്പിൽ ഉണ്ടായി കഴിഞ്ഞാൽ എന്താണപ്പുറത്തിരിക്കുന്ന ആളുകളുടെ നിഗമനം. ഉടനെ തെരഞ്ഞെടുപ്പാണോ, അല്ല, അതു ജനാധിപത്യമല്ല.......................(ബഹളം).. ....അതിന്റെ ബാലപാഠം അറിയില്ലെങ്കിൽ പോയി പഠിക്കണം. അപ്പോൾ 71 അംഗങ്ങളുടെ ഭൂരിപക്ഷമുള്ള കക്ഷിയെ മന്ത്രിസഭ രൂപീകരിക്കാൻ ഗവർണ്ണർ വിളിച്ചാൽ, ഗവൺമെന്റിന് ഒരു ചുമതലയുണ്ട്; ഭരണകക്ഷിക്ക് ഒരു ചുമതലയുണ്ട്, സഭയിൽ സ്പീക്കറെ നിശ്ചയിക്കുക എന്നത്. ആ സ്പീക്കറെ നിശ്ചയിക്കാൻ പ്രതിപക്ഷം സഹകരിക്കാത്ത ഒരു സാഹചര്യത്തിൽ ഭരണകക്ഷിയിൽനിന്നും ഒരു അംഗത്തെ കൊടുത്ത് സ്പീക്കർ ഉൾപ്പടെ ഈ സഭ പൂർത്തീകരിക്കേണ്ടത് ഭരണകക്ഷിയുടെ കടമയാണ്. ഒരു തെരഞ്ഞെടുപ്പിൽ ജനങ്ങളോട് ചെയ്യുന്ന വാഗ്ദാനത്തിന്റെ ഫലമാണത്. സ്പീക്കർ ഒരിക്കലും ഞങ്ങളുടെ പാർട്ടിക്കാരൻ ആയിട്ടില്ലെന്നാണ് ഞങ്ങൾ കരുതുന്നത്. സ്പീക്കർ എന്ന നിലയിലുള്ള ഫംഗ്ഷൻ എന്താണെന്നുള്ളത് ഭരണഘടന അനുശാസിക്കുന്നുണ്ട്. സർ, ഈ നിയമസഭയുടെ നടപടി ചട്ടങ്ങളെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും ഘോരഘോരം പ്രസംഗിക്കുന്ന അതേ അവസരത്തിൽ തന്നെ ഭരണഘടനാപരമായി ആ നിയമസഭയുടെ നടപടി ചട്ടങ്ങൾക്കു വിധേയമായി പ്രവർത്തിക്കുമ്പോൾ അതിനുനേരെ തിരിഞ്ഞു കൊഞ്ഞണം കാണിക്കുന്നത് ഏതു നിലയിലാണ് എന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അദ്ദേഹം ഒരു പണ്ഡിതവര്യനാണ്. സ്പീക്കറുടെ വോട്ടുകൊണ്ട് ആററ്ലി ഗവൺമെൻറ് നിലനിന്ന കാര്യത്തെക്കുറിച്ച് ഞാൻ പരാമർശിച്ചത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നാണ് പറയുന്നത്. സർ, ബാസുവിന്റെ പാർലമെൻററി പ്രൊസീഡുവറിൽ ഈ കമൻറുണ്ട്. ഈ കമൻറിൽ 1950 മാർച്ചുമാസം 31-ാം തീയതി എന്തു സംഭവിച്ചു എന്ന് അതിൽ സൂചിപ്പിക്കുന്നു.

In 1950 when the Speaker said the Attle Government from defeat by casting his vote against the motion to reduce the estimate of supplies for the Minister for Transport alleging discrimination against the road transportation service which had not been nationalised.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: അപ്പോൾ ഈ പുസ്തകം കാണുന്നതിനു മുമ്പ് ആരോ പറഞ്ഞുകൊടുത്തതാണെന്ന് ഞാൻ പറഞ്ഞത് ഇപ്പോൾ തെളിഞ്ഞു. എന്താ കാരണം. കോഴിക്കോട്ടുവച്ച് പത്രസമ്മേളനം നടത്തിയതിൽ 1953-ലെ ആററ്ലി ഗവൺമെൻറ് എന്നാണ് പറഞ്ഞത്. ഇപ്പോൾ വായിച്ചത് 1950 ആണ്. അപ്പോൾ ആരോ 3-ാം ക്ലാസ്സുകാരുടെ ഉപദേശപ്രകാരമാണ് പറഞ്ഞത്. പിന്നെയാണ് പുസ്തകം നോക്കിയത്. അപ്പോൾ ഞാൻ നേരത്തെ പറഞ്ഞത് ശരിയാണെന്നു തെളിഞ്ഞില്ലേ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): തന്റെ പത്രത്തിൽ വരുന്നതൊക്കെ താൻ വേദവാക്യമാക്കിയെടുത്ത് അതാണ് വേദമെന്നു വിശ്വസിച്ച് പ്രവർത്തിക്കുന്ന ഒരു പ്രതിപക്ഷ നേതാവിനോട് എത്ര പറഞ്ഞിട്ടും പ്രയോജനമില്ലെന്ന് എനിക്കറിയാം.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, സഭയിൽ ബഹുമാനപ്പെട്ട ശ്രീ. കരുണാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചത് 1950-ൽ ഇംഗ്ലണ്ടിലെ ഒരു നടപടിക്രമമാണ്. അന്ന് അവിടെ ഭൂരിപക്ഷമുള്ള ഒരു ഗവൺമെൻറ് നിലവിലുണ്ടായിരുന്നു. ആ ഗവൺമെൻറ് കൈകാര്യം ചെയ്ത ഒരു പ്രശ്നത്തിൽ ഒരു സ്നാപ്പ് വോട്ടിങ്ങ് ആവശ്യമായിവന്നപ്പോൾ ഭരണകക്ഷിയുടെ ആളുകൾ സഭയിൽ ഇല്ലാതിരുന്ന അവസരത്തിൽ ഗവൺമെൻറിന് അനുകൂലമായി വോട്ടുചെയ്തതാണ് സർ ആ നടപടിക്രമം. നിയമവിരുദ്ധമായി ഒരു ഗവൺമെൻറ് രൂപീകരിക്കുന്നതിനു അനുകൂലമായി വ്യാഖ്യാനിച്ച് സ്പീക്കറുടെ കാസ്ററിംഗ്വോട്ട് ന്യായീകരിക്കുവാൻവേണ്ടി ഇവിടെ ചൂണ്ടിക്കാണിക്കുന്നത് ശരിയാണോ സർ.

ശ്രീ. ഇ. അഹമ്മദ്: അവിടെ സ്നാപ്പിംഗ് വോട്ടു വന്നതു ഗവൺമെൻറ് രൂപീകരിച്ചശേഷമാണല്ലോ. ഇവിടെ കാസ്ററിംഗ് വോട്ടു വന്നത് ഗവൺമെൻറ് വന്നതിനുശേഷമാണ്. അതുകൊണ്ട് കാസ്ററിംഗ്വോട്ട് നിയമവിരുദ്ധമെന്നു പറയുന്നത് തെററാണ്, അൺകോൺസ്ററിറ്റ്യൂഷണൽ ആണ്.

മിസ്ററർ ചെയർമാൻ: ബഹുമാനപ്പെട്ട സഭാ നേതാവ് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, എന്റെ പ്രസംഗം ഒന്ന് പൂർത്തിയാക്കട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടക്കാത്ത സംഭവത്തെക്കുറിച്ച് ഞാൻ എന്തോ പ്രചരിപ്പിച്ചുവെന്ന് അർത്ഥം വരത്തക്ക നിലയിൽ സംസാരിക്കുന്നു. ആററ്ലി ഗവൺമെൻറിനു ഉണ്ടായ അല്ലെങ്കിൽ ബ്രിട്ടീഷ് പാർലമെൻറിലുണ്ടായ ഒരു അനുഭവമാണ് ഞാൻ നേരത്തെ ചൂട്ടിക്കാണിച്ചത്. ഇതിനുശേഷം നമ്മുടെ രണ്ടു ജനാധിപത്യ രാജ്യങ്ങളിൽ കാനഡയിലും, ആസ്ട്രേലിയായിലും തുല്യമായ വോട്ടുവന്നാൽ സ്പീക്കർക്ക് വോട്ടുചെയ്യാനുള്ള അവകാശങ്ങളെ സംബന്ധിച്ച് അവരുടെ നടപടിക്രമത്തിൽത്തന്നെ ഭേദഗതി വരുത്തിക്കൊണ്ട് ഉറപ്പുവരുത്തിയിരിക്കുകയാണ്. നമ്മുടെ ഇൻഡ്യൻ ഭരണഘടന ഉണ്ടാക്കിയ വിദഗ്ധൻമാരായ നിയമജ്ഞൻമാർ ഭരണഘടന ഉണ്ടാക്കുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവോ ഞാനോ അവിടെ ഉണ്ടായില്ലയെന്നുള്ളത് ഒരു നല്ല കാര്യമാണ്—വിദഗ്ധൻമാരായ ഡോക്ടർ അംബേദ്ക്കറെ പോലുള്ള ആളുകൾ നമ്മുടെ ഈ വ്യവസ്ഥിതിയിൽ വരാവുന്ന ഭാവിയിൽ ഉണ്ടാകാവുന്ന സംഭവങ്ങളെ വിലയിരുത്തി കണക്കിൽ എടുത്തതിനുശേഷം തുല്യമായ വോട്ടുവന്നു കഴിഞ്ഞാൽ സ്പീക്കർ വോട്ടു ചെയ്തേ തീരൂ എന്ന അനുശാസനം ഉണ്ടാക്കിയിട്ടുള്ളത് ജനാധിപത്യത്തിന്റെ ഭരണ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ കാഴ്ചപ്പാടും ധാരണയും ഉണ്ടാക്കാൻ വേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : സർ, അംബദ്കറും മററു വിദഗ്ധൻമാരും ഇൻഡ്യയിൽ ഭരണഘടന തയ്യാറാക്കുന്ന സമയത്ത് ആസ്ട്രേലിയൻ മാതൃകയും കാനഡ മാതൃകയും അല്ല സ്വീകരിച്ചത്, ബ്രിട്ടീഷ് മാതൃകയാണ്.

ശ്രീ. കെ. കരുണാകരൻ : പ്രതിപക്ഷഭാഗത്തുനിന്നുള്ള വാദഗതിയാണോ ഇത്. ആണെങ്കിൽ തമിഴ്നാട്ടിൽ രാജാജിയുടെ കാലത്തും കേരളത്തിൽ കെ. പി. നീലകണ്ഠപിള്ളയുടെ കാലത്തും ശ്രീ. എ. ജെ. ജോണിന്റെ കാലത്തുമെല്ലാം സ്പീക്കറുടെ കാസ്ററിംഗ് വോട്ട് എന്നുള്ളത് നടപടിക്രമത്തിന്റെ ഭാഗമായി അംഗീകരിച്ചിട്ടുള്ളതാണ്; സ്വീകരിച്ചിട്ടുള്ളതാണ്. 1952-ൽ, ബഹുമാനപ്പെട്ട ബേബിജോൺ ഓർക്കുമെങ്കിൽ, മൊത്തസംഖ്യയിൽ ഭൂരിപക്ഷമുണ്ടായല്ലേ, അന്നത്തെ ഗവൺമെൻറ് രൂപീകരിച്ചത്. നേരെമറിച്ച് ഇവിടെ കേരളത്തിൽ ഇപ്പോൾ മന്ത്രിസഭ രൂപീകരിച്ച അവസരത്തിൽ 71 അംഗങ്ങളുടെ പിന്തുണ ഉണ്ടായിരുന്നുയെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് എ.കെ.ജി. സ്മാരകത്തിൽ പോയിട്ടല്ല ഞാൻ സമ്മതിപ്പിക്കേണ്ടത്. രാജഭവനിൽ ഞങ്ങൾ അതു ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഏതായാലും ശരി, സർ ഇവിടെ ബഹുമാനപ്പെട്ട.........................

(ബഹളം)

മിസ്ററർ ചെയർമാൻ : സഭാ നേതാവ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ എന്തെങ്കിലും അത്യാവശ്യകാര്യങ്ങൾ ചോദിക്കാനുണ്ടെങ്കിൽ ചോദിക്കുന്നുണ്ട്; അദ്ദേഹം അതിനു വഴങ്ങുന്നുമുണ്ട്. എല്ലാ അംഗങ്ങളും ഒരേ സമയത്ത് എണീററുനിന്നു ചോദ്യം ചോദിച്ചാൽ നിങ്ങൾ ചോദിക്കുന്നത് കേൾക്കാനും ഒക്കുകയില്ല. അദ്ദേഹം പറയുന്നത് കേൾക്കാനും ഒക്കുകയില്ല. അതുകൊണ്ട് ദയവായി ഒന്നു സഹകരിച്ചു പോകുക. അദ്ദേഹം ചോദ്യങ്ങൾക്ക് വഴങ്ങുന്നുണ്ട്; അദ്ദേഹം വഴങ്ങുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ : സർ, ഈ സഭയുടെ തീരുമാനത്തിനുള്ള സാദ്ധ്യതയും സൗകര്യങ്ങളും ഈ സഭയിൽ ഉള്ളിടത്തോളംകാലം ഒരു ഗവൺമെൻറ് തുടരുന്നത് നിയമ വിധേയമാണ്; ഭരണഘടന വിധേയമാണ്, ധാർമ്മികമാണ്. ഗവൺമെൻറിനെതിരായുള്ള ഒരു നിലപാട് എന്നുള്ള നിലയിലാണല്ലോ ഈ ഗവൺമെൻറിനെതിരായി അവിശ്വാസപ്രമേയം കൊണ്ടുവന്നത്. അതിൽ നിങ്ങൾക്ക് സൗകര്യം പോലെ സംസാരിക്കാൻ അവസരം ഈ മാസം തന്നെ ഉണ്ടാകുന്നുണ്ട്. നമ്മുടെ ബഡ്ജററ് സമ്മേളനം വരുന്നു, ഇവിടെ പറഞ്ഞ എന്തെങ്കിലും ഒരു കാര്യം ഈ സ്പീക്കറുടെ നടപടിക്രമത്തെക്കുറിച്ച് ആയിരുന്നില്ല. വളരെ വ്യക്തമായും അങ്ങയുടെ വോട്ടിംഗിനെക്കുറിച്ചുമാത്രമാണ് സാർ ഇവിടെ പരാമർശിച്ചത്. നേരെമറിച്ച് സ്പീക്കർ ആ നിലയിലല്ല പ്രവർത്തിച്ചിരുന്നതെങ്കിൽ ഒരുപക്ഷേ ഇൻഡ്യയിലെ ജനാധിപത്യ വിശ്വാസികൾ......

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, അങ്ങ് സംസാരിക്കുമ്പോൾ സഭാനേതാവെന്നു പറഞ്ഞു. സഭാ നേതാവ് 71 പേരുടെ നേതാവാണോ 70 പേരുടെ നേതാവാണോ.

Mr. Chairman : Shri Karunakaran is accepted as the Leader of the house. So I have mentioned that.

ശ്രീ. കെ. കരുണാകരൻ : സഭാ നേതാവ് സഭയുടെ നേതാവാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ പ്രവർത്തനം തികച്ചും ന്യായീകരിക്കാവുന്നതാണ്. ഒരു കാര്യം എനിക്കു പ്രതിപക്ഷത്തോടു പറയാനുള്ളത് യാഥാർത്ഥ്യം കണക്കിലെടുക്കൂ. യാഥാർത്ഥ്യബോധത്തോടെ നിങ്ങൾ പ്രശ്നങ്ങൾ കൈകാര്യം ചെയ്യൂ. ഇവിടെ ചില വെല്ലുവിളി

LIBRARY ARCHIVES Kerala Legislative Assembly

കളൊക്കെ നടന്നു. തെരഞ്ഞെടുപ്പിനു പോകാൻ തയ്യാറാണോ എന്ന്. എത്ര പ്രാവശ്യം ഞങ്ങൾ പറഞ്ഞിട്ടുണ്ടു സർ, ഞങ്ങൾക്കു യാതൊരു മടിയുമില്ല എന്ന്. ഏതവസരത്തിലാണ് തെരഞ്ഞെടുപ്പിനു പോകേണ്ടതെന്നു ഗവൺമെൻറിന് നിർദ്ദേശിക്കാൻ അവകാശമുണ്ട്. ആ നിർദ്ദേശം എപ്പോൾ സമർപ്പിക്കണമെന്ന് അപ്പുറത്തുവന്നു ചോദിക്കേണ്ട ഗതികേട് ഞങ്ങൾക്ക് വന്നിട്ടില്ല. അതുകൊണ്ട് അതിൻെറ ആവശ്യമില്ല. ഞങ്ങൾ എപ്പോൾ വേണമെന്നു തീരുമാനിക്കും.

പക്ഷേ അതേ അവസരത്തിൽ ഒരു കാര്യം ഞാൻ പറയാം. ഇവിടെ ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ തൻെറ പാർട്ടിയിൽ നടന്ന ചില കാര്യങ്ങളെക്കുറിച്ച്, ഈ സഭയിൽ വച്ച് എം. എൽ. എ. മാരെ വിലയ്ക്കു വാങ്ങിക്കാനുണ്ടെന്നു പറഞ്ഞു. ഞാനല്ല ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ ആണെന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. സർ, ചാക്കിട്ടു പിടിക്കുന്ന ഏർപ്പാട് ഞങ്ങൾക്കില്ല. നേരെമറിച്ച്....................

ശ്രീ. പി. കെ. വാസുദേവൻ നായർ : പോയിൻറ് ഓഫ് ഓർഡർ, സർ, യാതൊരു തെളിവോ രേഖയോ ഒന്നുമില്ലാതെ പി. കെ. വാസുദേവൻ നായർ, എം. എൽ. എ. മാരെ ചാക്കിട്ടു പിടിക്കുമെന്നു പറയുന്ന ഈ സഭാനേതാവോ മുഖ്യമന്ത്രിയോ ആയ മിസ്റ്റർ കരുണാകരൻ അതിന് എന്തെങ്കിലും ഒരു തെളിവ് ഇവിടെ ഹാജരാക്കാതെ സ്വീപ്പിംഗ് ആയിട്ട് അലിഗേഷൻ നടത്തരുതെന്ന് ഞാൻ അങ്ങയിൽ കൂടെ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മിസ്റ്റർ കരുണാകരൻ ഇവിടെ പറഞ്ഞത് ഞാൻ വായിച്ചു, അത് നിഷേധിക്കുന്നുണ്ടോ ? എം. എൽ. എ. മാരുടെ സ്റ്റോക്കു എൻെറ കൈയിൽ ഉണ്ടെന്നു മിസ്റ്റർ കരുണാകരൻ പ്രസംഗിച്ചത് പത്രത്തിൽ അച്ചടിച്ചുവന്നു. പി. കെ. വാസുദേവൻ നായർ ആ പണിക്ക് ഇതുവരെ പോയിട്ടില്ല. ഇനി പോകാൻ ഉദ്ദേശിക്കുന്നുമില്ല.

ശ്രീ. കെ. കരുണാകരൻ : പി. കെ. വാസുദേവൻ നായരുടെ നേതാവ് അല്ലാതെ പി. കെ. വാസുദേവൻ നായർ പറഞ്ഞു എന്ന് എനിക്കു തെളിവില്ല. സർ, ഈ സന്ദർഭത്തിൽ ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്........ .... (ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ : പോയിൻറ് ഓഫ് ഓർഡർ ഇവിടെ മുഖ്യമന്ത്രിയാണ് സംസാരിക്കുന്നത്. മുഖ്യമന്ത്രി ആദ്യത്തെ വാചകത്തിൽ പി. കെ. വാസുദേവൻ നായരാണ് അങ്ങനെ ചാക്കിട്ടു പിടിക്കാൻ നടക്കുന്നതെന്നു പറഞ്ഞു. ഞാൻ അതു നിഷേധിച്ചപ്പോൾ പറഞ്ഞു പി. കെ. വാസുദേവൻ നായരല്ല പി. കെ. വാസുദേവൻ നായരുടെ നേതാവാണെന്നു പറയുന്നു. സർ, ഇത്തരത്തിൽ ഇങ്ങനെ സംസാരിക്കാൻ മുഖ്യമന്ത്രിക്ക്....... ....

ശ്രീ. കെ. കരുണാകരൻ : ദയവായിട്ട് ഒന്നു പ്രസംഗം കേൾക്കണം. അങ്ങാണു പറഞ്ഞത് എം. എൽ. എ. മാർക്ക് വില നിശ്ചയിച്ചിരിക്കുന്നു എന്ന്. ചാക്കിട്ടു പിടിച്ചിരുന്നു എന്നല്ല പറഞ്ഞത്. അങ്ങ് ചാക്കിട്ടു പിടിക്കുന്നു എന്നല്ല പറഞ്ഞത്. എം. എൽ. എ. മാർക്ക് ഞങ്ങൾ വില നിശ്ചയിച്ചിരിക്കുന്നു, ചാക്കിട്ടു എന്ന്. സർ, ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ചാക്കിട്ടു പിടിക്കേണ്ട ഗതികേട് ഞങ്ങൾക്ക് വന്നിട്ടില്ല. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാഴ്ചപ്പാട് ഉണ്ടായിട്ടുണ്ട്. അത് ഇന്നല്ല, എക്കാലത്തും. കേരളത്തിലെ ജനാധിപത്യ വിശ്വാസികളെ ഒരു ഭാഗത്തേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം ഞങ്ങൾ നടത്തിയിട്ടുണ്ട്. ഇനിയും നടത്തും. അല്പം വല്ലതും അവിടെ അവശേഷിച്ചിട്ടുണ്ടെങ്കിൽ അവരെയാണ് ഞങ്ങൾ പറയുന്നത്. അവരേയും കൂടെ ഞങ്ങൾ ഇപ്പുറത്തു കൊണ്ടുവരാനുള്ള ശ്രമം നടത്തും. അവർ വരുന്ന ഒരു ദിവസം ഉണ്ടാകും. ആ കാര്യത്തിലും എനിക്കു യാതൊരു സംശയവും ഇല്ല. എത്രകാലം ആണു സർ, ആ മാർക്സിസ്ററു കൂട്ടിൽ കിടന്നു അവർ ശ്വാസം മുട്ടുന്നത്. ഇന്ന് അവർ ശ്വാസം മുട്ടുന്നുണ്ടെന്ന് എനിക്കറിയാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഒരു പോയിൻറ് ഓഫ് ഓർഡർ. സർ, മുഖ്യമന്ത്രിയുടെ സ്ഥാനം അലങ്കരിക്കുന്ന അദ്ദേഹം വാസ്തവ വിരുദ്ധമായ.................................

(ബഹളം)

മി. ചെയർമാൻ : ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ് അതു കേൾക്കാനുള്ള അവസരം തരിക.

ശ്രീ. പി. എസ്. ശ്രീനിവാസൻ : മുഖ്യമന്ത്രിയുടെ സ്ഥാനം അലങ്കരിക്കുന്ന അദ്ദേഹം വാസ്തവ വിരുദ്ധമായി പറയുന്നത് ഓർഡറിലാണോ ? വാസ്തവ വിരുദ്ധമായി അദ്ദേഹം രണ്ടു കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഒന്ന് പി. കെ. വാസുദേവൻ നായരാണ് ചാക്കിട്ടു പിടിക്കാൻ നടക്കുന്നതെന്നു പറഞ്ഞു. അത് അദ്ദേഹം നിഷേധിച്ചപ്പോൾ അദ്ദേഹത്തിന്റെ നേതാവാണെന്നു പറഞ്ഞു. പറഞ്ഞ കാര്യങ്ങളെല്ലാം അങ്ങനെ കിടക്കുകയാണ്. അദ്ദേഹം അതു പിൻവലിക്കണം. രണ്ടാമത്തേത് അദ്ദേഹത്തിന്റെ നേതാവാണ് ചാക്കിട്ടു പിടിച്ചതെന്നു പറഞ്ഞു. അതിനെപ്പററി ഒരു തെളിവ് കൂടാതെ വാസ്തവവിരുദ്ധമായി ഇങ്ങനെ ഒരു കാര്യം ചീഫ് മിനിസ്ററർ പറഞ്ഞത് ഓർഡറിലാണോ? അങ്ങനെ ഓർഡറിലല്ലാത്ത കാര്യമാണ് ചീഫ് മിനിസ്ററർ പറഞ്ഞതെങ്കിൽ അത് അദ്ദേഹത്തെക്കൊണ്ടുതന്നെ പിൻവലിപ്പിക്കുകയും മാപ്പു പറയിപ്പിക്കുകയും ചെയ്യേണ്ട ബാദ്ധ്യത അങ്ങേയ്ക്കുണ്ട്. അതു ചെയ്യാൻ തയ്യാറാകണം.

ശ്രീ. കെ. കരുണാകരൻ : അങ്ങനെ മാപ്പു പറയേണ്ടതായ ഒരു ഗതികേടിലും എത്തിയിട്ടില്ല. പ്രൊസീഡിംഗ്സ് നോക്കൂ.

Mr. Chairman : I shall give the ruling.

ബഹുമാനപ്പെട്ട ശ്രീനിവാസൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചു 'അതിന് ഒരു സബ്മിഷൻ ആയിട്ട് അദ്ദേഹം എന്തോ പറയുകയാണ്. അതിനുശേഷം ഞാൻ റൂളിംഗ് നൽകുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : പി. കെ. വാസുദേവൻ നായർ പറഞ്ഞ കാര്യം ഞാൻ പറഞ്ഞത് ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങ് ഒന്നു വായിച്ചു നോക്കണം. പി. കെ. വാസുദേവൻ നായർ ചാക്കിട്ടു പിടിച്ചു എന്നല്ല ഞാൻ പറഞ്ഞത്. ഈ സഭയിലെ അംഗങ്ങൾക്ക് വില നിശ്ചയിച്ചതായ കാര്യം ഉൾപ്പെടെ പറഞ്ഞത് അങ്ങാണ് ഞാനല്ലായെന്നാണ്. ചാക്കിട്ടു പിടിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് അങ്ങയുടെ പ്രതിപാദനങ്ങൾ ഇവിടെ ഉണ്ടാകും. വായിച്ചു നോക്കണം. നേരേമറിച്ച് ഞങ്ങളെ സംബന്ധിച്ചിടത്തോളം ചാക്കിട്ടു പിടിക്കുന്ന പ്രശ്നം ഇല്ല എന്ന് അന്നും ഞാൻ പറഞ്ഞു, ഇന്നും ആവർത്തിക്കുകയാണ്. ഞങ്ങൾക്ക് ജനാധിപത്യ വിശ്വാസികളെ ഈ ഭാഗത്തേയ്ക്ക് കൊണ്ടുവരിക എന്നുള്ളതിൽക്കവിഞ്ഞ് യാതൊരു ലക്ഷ്യവും ഇല്ല. ജനാധി

LIBRARY ARCHIVES Kerala Legislative Assembly

പത്യവിശ്വാസികളെ ഈ ഭാഗത്തേയ്ക്ക് കൊണ്ടുവരാൻ ശ്രമം ഞങ്ങൾ നടത്തുകയും ചെയ്യും. അതിൽ യാതൊരു തർക്കവും ഇല്ല. ഇവിടെ സ്പീക്കർക്കെതിരായി കൊണ്ടുവന്ന അവിശ്വാസപ്രമേയം എന്നു പറയുന്നത്.... ....
....

ശ്രീ. പി. എസ്. ശ്രീനിവാസൻ : പി. കെ. വാസുദേവൻ നായരുടെ നേതാവ് ചാക്കിട്ടുപിടിച്ചു എന്ന് അദ്ദേഹം പറഞ്ഞു. അത് അദ്ദേഹം അവാസ്തവമായി പറഞ്ഞതാണ്. അങ്ങനെ അവാസ്തവമായി പറയുന്നത് ഓർഡറിലാണോ എന്നാണ് എന്റെ ചോദ്യം? അത് അദ്ദേഹം പിൻവലിക്കണമെന്നാണ് ഞാൻ പറയുന്നത്.

മി. ചെയർമാൻ : അദ്ദേഹത്തിന്റെ പരാമർശത്തെക്കുറിച്ചുതന്നെയാണ് അദ്ദേഹം ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. പി. കെ. വാസുദേവൻ നായർ എന്നുള്ള വാക്ക് അദ്ദേഹം ഉപയോഗിച്ചിട്ടില്ല എന്നാണ് അദ്ദേഹം ഇപ്പോൾ സൂചിപ്പിച്ചത്...

(ബഹളം)

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് സഭയിലെ എല്ലാ അംഗങ്ങളും കേട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ കാര്യമാണ് ഞാൻ പറഞ്ഞത്. അദ്ദേഹം പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ബഹുമാനപ്പെട്ട പി. കെ. വാസുദേവൻനായരുടെ കക്ഷിയെ സംബന്ധിച്ചാണ് പരാമർശിച്ചത്. എനിക്കൊരു കാര്യം സൂചിപ്പിക്കാനുള്ളത് ബഹുമാനപ്പെട്ട കക്ഷിനേതാക്കന്മാരെല്ലാവരും സംസാരിക്കുമ്പോൾ അടിസ്ഥാനപരമായിട്ടുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞാൽ കൂടുതൽ സൗകര്യപ്രദം ആയിരിക്കും എന്നാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : വ്യക്തമായി പറഞ്ഞ കാര്യം ഒന്നുകിൽ നീക്കം ചെയ്യണം.

മി. ചെയർമാൻ : അദ്ദേഹം പറഞ്ഞില്ല എന്നല്ലേ പറയുന്നത്.

ശ്രീ. കെ കരുണാകരൻ : സർ, ഞാൻ പറയാം. എന്നോടു ചോദിക്കുന്നതിനു പകരം എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീനിവാസൻ അദ്ദേഹത്തിന്റെ നേതാക്കൻമാരോടു പോയി ചോദിക്കണം; എങ്ങനെയാണ് മാർക്സിസ്റ്റു പാർട്ടിയിൽ ഉണ്ടായിരുന്ന കെ. എസ്. നായരെ അവരുടെ പാർട്ടിയിലേക്ക് പിടിച്ചുകൊണ്ടുവന്നതെന്നുള്ള കാര്യങ്ങൾ നേതാവിനോട് ചോദിക്കണം. എന്നോടല്ല ചോദിക്കേണ്ടത്. ബഹുമാനപ്പെട്ട നായനാരോട് അന്വേഷിക്കണം. കെ. എസ്. നായരെ എങ്ങനെയാണ് സി. പി. ഐ. യുടെ പാളയത്തിലേക്ക് കൊണ്ടുവന്നതെന്ന്. നടന്ന സംഭവമായതുകൊണ്ട് ഇതിൽകൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : കെ. എസ്. നായരുടെ ഒരു ആവശ്യവും ഇല്ലായിരുന്നു ഇവിടെ ഒരു മന്ത്രിസഭയ്ക്ക്. കെ. എസ്. നായരും മററുപലരും അങ്ങോട്ടുമിങ്ങോട്ടും പാർട്ടികളിൽ പോയിരിക്കും. അത് വേറൊരു കാര്യം. ഇവിടെ കെ. എസ്. നായരുടെ ആവശ്യം ഇല്ല. ഒരു ഭൂരിപക്ഷം ഉണ്ടാക്കുന്നതിന് കെ. എസ്. നായരുടെ ആവശ്യമേ ഇല്ലായിരുന്നു. ആ ഗവൺമെന്റിന് നല്ല പ്രതീക്ഷ ഉണ്ടായിരുന്ന അവസരം ആയിരുന്നു. അദ്ദേഹം പറയുന്നത് തനികള്ളമാണ്. ഒരു മുഖ്യമന്ത്രി കളവു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ആ കാലത്ത് ആളില്ലാതെ വന്ന് അന്നത്തെ വ്യവസായ മന്ത്രി സഭയിൽ ഡിമാൻറ് അവതരിപ്പിക്കാതെ മാറിനിന്ന കാര്യം പോലും ശ്രീനിവാസന് അറിയില്ലെങ്കിൽ അത് ഞാൻ ശ്രീനിവാസനെ ഓർമ്മപ്പെടുത്തുകയാണ്. ഈ അവസരത്തിൽ ഒന്നുമാത്രമേ എനിക്കു പറയുവാനുള്ളു. ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി കൊണ്ടുവന്ന അവിശ്വാസ പ്രമേയം നിർഭാഗ്യകരമായിപ്പോയി. രാഷ്ട്രീയമായി ചർച്ച ചെയ്തു. . . . .

ശ്രീ. പി. സി. ചാക്കോ: ഒരു പോയിൻറ് ഓഫ് ഓർഡർ, കള്ളം പറയുന്ന ആളെന്ന് കേരള ഹൈക്കോടതി വിധി പ്രഖ്യാപിച്ചതിൻെറ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിസ്ഥാനം നഷ്ടപ്പെട്ട ഒരാളിനോട് സത്യം പറയണമെന്ന് ബഹുമാനപ്പെട്ട ശ്രീനിവാസൻ നിർബന്ധിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. കെ. കരുണാകരൻ: എന്താണ് നടന്നതെന്നുപോലും നിശ്ചയമില്ലാത്ത പി. സി. ചാക്കോയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല.

ശ്രീ. പി. സീതിഹാജി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ശ്രീമാൻ കരുണാകരൻ കള്ളം പറഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവിക്കുകയും തൻെറ കൈയ് ശുദ്ധമാണെന്ന് ലോകത്തിന് കാണിച്ചുകൊടുക്കുകയും ചെയ്ത ഒരു നേതാവിനെപ്പററി ഇങ്ങനെ പറയുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്കു പറയുവാനുള്ളത് ഹൈക്കോടതി എന്തു പറഞ്ഞു എന്ന് എനിക്ക് ഇപ്പോൾ ഇവിടെയിരുന്നുകൊണ്ട് പറയാൻ അറിഞ്ഞുകൂടാ, ഹൈക്കോടതി പറയാത്ത കാര്യങ്ങൾ പറഞ്ഞു എന്നു ഒരംഗങ്ങളും പറയരുത് എന്നാണ്. ഹൈക്കോടതി മി. കരുണാകരനെക്കുറിച്ച് എന്തു പറഞ്ഞു എന്നു അറിഞ്ഞുകൂടാ. അതുകൊണ്ട് ഈ ക്രമപ്രശ്നത്തെ സംബന്ധിച്ച് റൂളിംഗ് നൽകാൻ ഞാനാഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശനങ്ങൾ അതേപോലെ ഉദ്ധരിക്കുന്നതിൽ തെററില്ല. അതിന് വിരുദ്ധമായി ആരും പറയരുതെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട സ്പീക്കറുടെ പരമോന്നതമായ സ്ഥാനത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ നിർഭാഗ്യകരമായ നിലയിൽ രാഷ്ട്രീയം വലിച്ചിഴച്ചുകൊണ്ടുവന്ന് ഈ അന്തരീക്ഷം ഇത്തരത്തിൽ ആക്കിയത് നിർഭാഗ്യകരമായിപ്പോയി. സർ, ഏതായാലും ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. സ്പീക്കറിൽ ഈ സഭക്ക് വിശ്വാസം ഉണ്ട്. വിശ്വാസമില്ലെന്ന് പ്രതിപക്ഷം പറഞ്ഞാൽ ആ തീരുമാനം അംഗീകരിക്കപ്പെടുകയില്ലെന്ന് എനിക്ക് വിശ്വാസം ഉണ്ട്. സ്പീക്കറിൽ ഞങ്ങൾക്ക് പൂർണ്ണമായ വിശ്വാസം ഉണ്ട് എന്ന് അറിയിച്ചുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ആദ്യം സൂചിപ്പിച്ചതുപോലെ മറെറാരു നടപടിയിലും ഇനി പങ്കെടുക്കാൻ ആഗ്രഹിക്കുന്നില്ല എന്നുമാത്രം അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ജെ. സക്കറിയ: ഒരു കാര്യം ബഹുമാനപ്പെട്ട ചെയറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ സഭയിലെ മുസ്ലീങ്ങളായ അംഗങ്ങൾക്ക് നമസ്കാരത്തിനു പോകാൻ സമയം കിട്ടാത്ത രീതിയിൽ ചർച്ചകൾ ബോധപൂർവ്വം നീട്ടിക്കൊണ്ടുപോകുന്നത് ഓർഡറിലാണോ? പന്ത്രണ്ടര മണിക്ക് വെള്ളിയാഴ്ച ദിവസങ്ങളിൽ സഭ നിറുത്തിവയ്ക്കാറുണ്ട്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ കരുണാകരനും ബഹുമാനപ്പെട്ട സീതിഹാജിയും പല സന്ദർഭങ്ങളിലും ഇത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇനി പത്തുമിനിട്ടേയുള്ളു. ബഹുമാനപ്പെട്ട സീതിഹാജിക്കും എനിക്കും പള്ളിയിൽ പോകേണ്ടതാണ്.

ശ്രീ. പി. സീതിഹാജി : 12.40-നാണ് വാങ്ക് കൊടുക്കുക, ഞങ്ങൾക്ക് അപ്പോൾ പോയാൽ മതി. പള്ളിയിൽ പോകേണ്ട സമയം എപ്പോഴാണെന്ന് ഇദ്ദേഹത്തിന് അറിയില്ല.

ശ്രീ. എം. ജെ. സക്കറിയ : സീതിഹാജിക്കുവേണ്ടി വാങ്ക് മാററി വയ്ക്കാറില്ല.

ശ്രീ ഇ. അഹമ്മദ് : കഴിയാവുന്നിടത്തോളം പന്ത്രണ്ടര മണിക്കുതന്നെ പിരിയാം. ഇനി ഒരു പത്തുമിനിട്ട് ഇരിക്കുന്നതുകൊണ്ട് വിരോധമില്ല. അതുകൊണ്ട് നമസ്കാരം മുടങ്ങിപോകില്ല.

മി. ചെയർമാൻ : സഭയ്ക്കു അറിയാവുന്നതുപോലെ, സമയം നിയന്ത്രിക്കുന്നതിനുള്ള ശ്രമം നടത്തിയപ്പോൾ ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ അടക്കമുള്ള ആൾക്കാർ പറഞ്ഞു, ഒരു ഭാഗം സംസാരിക്കുന്നില്ല, അതുകൊണ്ടു അല്പം റിലാക്സേഷൻ ടൈമിന്റെ കാര്യത്തിൽ കാണിക്കണമെന്ന്. ചെയറിൽ നിന്ന് അത് ചെയ്യുകയും ചെയ്തു. കഴിയുന്നിടത്തോളം മുസ്ലീം അംഗങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ടുതന്നെ ഇന്ന് ചർച്ചകൾ അവസാനിപ്പിക്കുന്നതാണ്.

ശ്രീ. എ. സി. ജോസ് : സർ, 9.20—ന് തുടങ്ങിയ ചർച്ച 12.20 വരെ നീണ്ടു പോയത് സ്പീക്കറുടെ നടപടിയെക്കുറിച്ചാണ്. സ്വാഭാവികമായി അതിന് മറുപടി പറയാൻ ഏകനായി ബാദ്ധ്യസ്ഥനാണ് ഞാൻ. ആ മുഴുവൻ സമയം മറുപടി കേൾക്കുന്നതിന് ബഹുമാന്യമായ സഭ ഇരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ പ്രമേയത്തെ എതിർക്കാനോ അനുകൂലിക്കാനോ അല്ല ഞാൻ ഇവിടെ നിൽക്കുന്നത്. കഴിഞ്ഞ കുറെ ദിവസങ്ങളായി എന്റെ നടപടിയെക്കുറിച്ച് ഈ നാട്ടിൽ നടന്നിട്ടുള്ള ചർച്ചയെ ഞാനെങ്ങനെ കാണുന്നു എന്നു പറയാൻവേണ്ടി മാത്രമാണ്. സർ, ഈ പ്രമേയാവതാരകരോട് അദമ്യമായ കടപ്പാടാണ് എനിക്കുള്ളത്. കഴിഞ്ഞ 3-ാം തീയതി എന്നെ തെരഞ്ഞെടുത്തതിനുശേഷം ഈ രാജ്യത്തുടനീളം എന്റെ നടപടികളെക്കുറിച്ച് ചർച്ചകൾ നടത്തുന്നു. എന്നെ ജനകീയ കോടതിയുടെ പ്രതിക്കൂട്ടിൽ കയററി നിറുത്തി വിഷലിപ്തമായ കൂരമ്പുകൾ എറിയുകയും വിമർശിക്കുകയും ചെയ്യുകയാണ്. ആ സിംഹാസനത്തിൽ ഒരു മിണ്ടാപ്രാണിയെപ്പോലെ സ്പീക്കറായി ഇരുന്നുകൊണ്ട് ഇതിന് ഒന്നിനും പുറത്തോ അകത്തോ മറുപടി പറയാൻ പററാത്ത ഒരു സ്ഥിതിയായിരുന്നു എനിക്ക് ഉണ്ടായിരുന്നത്. ഇന്ന് ഈ ബഹുമാന്യമായ സഭയിൽക്കൂടി കേരളത്തിലെ ജനങ്ങളോട് ഞാൻ എന്തുകൊണ്ട് ഇങ്ങനെ പ്രവർത്തിച്ചു എന്നു പറയാൻ അവസരം തന്ന ഈ പ്രമേയാവതാരകരുടെ മുമ്പിൽ ഞാൻ പുഷ്പവൃഷ്ടി നടത്തുകയാണ്. ....(ബഹളം) സർ, ഈ ബഹുമാന്യരായ അംഗങ്ങളെല്ലാം പ്രസംഗിക്കുമ്പോൾ നിശ്ശബ്ദനായി കേട്ടുകൊണ്ടിരുന്ന ഒരാളാണ് ഞാൻ. എനിക്കുപറയാനുള്ളത് കേൾക്കാനും ഈ സഭ അവസരം ഉണ്ടാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്, ഞാൻ ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം കരിങ്കൊടി ഉണ്ട്. ചില സ്ഥലങ്ങളിൽ എന്നെ കൈയേററം ചെയ്യാൻവരെ ശ്രമിച്ചിട്ടുണ്ട്. എനിക്കിതിൽ പരിഭവമില്ല. ഈ അവസരത്തിൽ ആര് ചെയറിൽ ഇരുന്നാലും ഇത് ഉണ്ടാകുമെന്ന് വിശ്വസി

LIBRARY ARCHIVES-Kerala Legislative Assembly

ക്കുന്ന ഒരാളാണ് ഞാൻ. ചതുർത്ഥി നാളിൽ ചന്ദ്രനെ കണ്ടാൽ അപവാദം തീർച്ചയാണെന്ന് നമ്മുടെ പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണല്ലോ ശ്രീകൃഷ്ണനോടുപോലും "പ്രസേനനെ താൻ കൊല ചെയ്തില്ലേ; സ്യമന്തകം മണി മോഷ്ടിച്ചില്ലേ?" എന്നു ചോദിക്കാൻ ഇടവന്നത്. അതുപോലെ തന്നെ ഈ അവസരത്തിൽ ആര് ഇരുന്നാലും കരിങ്കൊടി കിട്ടും. ഞാൻ അങ്ങോട്ട് വോട്ടു ചെയ്താൽ ഇപ്പുറത്ത് കരിങ്കൊടി. ഞാൻ ചോദിക്കട്ടെ ഞാൻ ഇപ്പുറത്ത് വോട്ടു ചെയ്താൽ അപ്പുറത്ത് കരിങ്കൊടി അല്ലേ? അപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം എപ്പോഴും കരിങ്കൊടി എന്ന കാര്യം ഈ സഭയിൽ ഇരുന്നാൽ കിട്ടും.

സർ, എന്നെ തെരഞ്ഞെടുത്തത് കഴിഞ്ഞ 3-ാം തീയതിയാണ്. എന്നെ ഏകകണ്ഠമായി തെരഞ്ഞെടുത്തു എന്ന അഭിമാനകരമായ അവസ്ഥയിലാണ് ഞാൻ നിൽക്കുന്നത്. ഇതിനുമുമ്പും ഭൂരിപക്ഷമില്ലാതിരുന്ന അവസരങ്ങളിൽ പ്രതിപക്ഷവും ഭരണകക്ഷികളും സ്ഥാനാർത്ഥികളെ നിറുത്തി മൽസരിച്ച് അവരുടെ പ്രതിഷേധം കാണിച്ചിട്ടുണ്ട്. എന്നെ ഏകകണ്ഠമായി തെരഞ്ഞെടുത്തതിൽ ഞാൻ മനസിലാക്കിയത് അന്നുവരെ എന്റെ നിഷ്പക്ഷതയെ നിങ്ങൾക്ക് ആർക്കും ചോദ്യം ചെയ്യാൻ പററിയിരുന്നില്ലെന്നും എന്റെ നിഷ്പക്ഷതയെക്കുറിച്ച് നിങ്ങൾക്ക് ധാരണ ഉണ്ടെന്നും ഞാൻ വിശ്വസിക്കുന്നതിൽ ഈ സഭ എന്നോട് പൊറുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സർ, എന്നെ അവിടത്തേക്ക് കയററിയത് ഈ ഇരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട സഭാനേതാവുംകൂടിയാണ്. സർ, ഞാൻ ആ കസേരയിൽ കയറിയിരുന്നു കഴിഞ്ഞാൽ ഈ സഭയുടെ നാഥനും ഈ സഭയുടെ അദ്ധ്യക്ഷനും ഈ സഭയുടെ സംരക്ഷകനും എന്നതിലുപരി ഒരു കോൺസ്ററിററ്യൂഷണൽ ഫംഗ്ഷണറികൂടിയാണ്. എനിക്ക് ഭരണഘടനാപരമായ ഒരു ചുമതല നിറവേററാനുണ്ട്. ആ ചുമതല നിറവേററുന്ന കാര്യത്തെക്കുറിച്ച് മാത്രമാണ് ഈ സഭയോട് പറയാനുള്ളത്.

സർ, ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളും നാട്ടിലെ ചില ആളുകളും വളരെ പെട്ടെന്ന് ബ്രിട്ടീഷ് ഭരണഘടനയോട് അദമ്യമായ സ്നേഹവും പ്രചോദനവും ഉൾക്കൊള്ളുന്നത് കാണുകയുണ്ടായി. ഒരു കാര്യം എന്റെ ബഹുമാന്യരായ സ്നേഹിതരെ ഞാൻ ഓർമ്മപ്പെടുത്തുന്നു. ബ്രിട്ടീഷ് ഭരണഘടന ഒരു സമയത്ത് നമ്മുടെ കൊളോണിയൽ ഭരണത്തിന്േറതായിരുന്നു എന്ന് നിങ്ങൾ ആലോചിക്കണം. ഞാൻ ഒരു കാര്യം നോക്കി സർ. നമ്മുടെ നാട്ടിൽ ലിഖിതമായ ഒരു ഭരണഘടന ഉണ്ട്. ലോകത്തിലെ ഏററവും വലിയ ലിഖിത ഭരണഘടനയുടെ ഉടമസ്ഥരാണ് നമ്മൾ. അതുമായി ബന്ധപ്പെട്ട് ഈ ലോകത്തുള്ള ചില ഭരണഘടനകൾ എന്റെ ചെറിയ അറിവു വച്ചു നോക്കി. ക്യാനഡയും ആസ്ട്രേലിയായും സ്വീഡനും നമ്മുടെ ക്യാബിനററ് സംപ്രദായം തുടരുന്ന രാജ്യങ്ങളാണ്. അവിടത്തെ ഭരണഘടനകൾ നോക്കി, ബ്രിട്ടനിൽ ലിഖിതമായ ഒരു ഭരണഘടന ഇല്ല. അവിടെ സ്പീക്കർ എന്തെല്ലാം ചെയ്യുന്നുവോ അതെല്ലാം 1252 മുതൽ ആരംഭിച്ച മാഡ് പാർലമെൻറ് എന്നു പറയുന്ന കാലം തൊട്ട് താഴോട്ട് കീഴ്വഴക്കങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്. ക്യാനഡയിൽ അടുത്തകാലത്ത് ചില വ്യത്യാസങ്ങൾ ഉണ്ടാക്കി. ആസ്ട്രേലിയായും സ്വീഡനും ഇതുമായി ബന്ധമില്ല. നേരെ മറിച്ച് ഇൻഡ്യയിലെ സ്ഥിതി അതല്ല. ഇന്ത്യയിലെ ഭരണഘടനയിൽ 178-മത്തെ വകുപ്പു മുതൽ 189-ാമത്തേ വകുപ്പുവരെയുള്ള 12 വകുപ്പുകളിലായി സ്പീക്കർ എന്തു ചെയ്യണം, സ്പീക്കർ എവിടെ ഇരിക്കണം, സ്പീക്കർ എങ്ങനെ തെരഞ്ഞെടുക്കപ്പെടണം, സ്പീക്കറെ എങ്ങനെ മാററണം, സ്പീക്കർ എങ്ങനെ വോട്ടു ചെയ്യണം എന്ന് പറഞ്ഞിട്ടുള്ളത്. 181 ഉം 182 ഉം മാത്രമാണ് ഇതിൽ വ്യത്യസ്ഥമായിട്ടുള്ളത്. ബാക്കിയുള്ള ഒമ്പത് ഖണ്ഡികയും ഒമ്പതു വകുപ്പും ഈ കസേരയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുമ്പോൾ എന്തു രീതിയിൽ പെരുമാറണമെന്ന് പറഞ്ഞിട്ടുണ്ട്. എനിക്ക് കീഴ്വഴക്കങ്ങൾ നോക്കി പോകാൻ പററുകയില്ല. എന്നോട് ആജ്ഞാപിക്കുന്നതും അനുശാസിക്കുന്നതും ഭരണഘടനയാണ്. ആ ഭരണഘടന ഒമ്പതു വകുപ്പുകളിലായി എഴുതിച്ചേർത്തിരിക്കുന്നതനുസരിച്ചേ ഞാൻ ചെയ്തിട്ടുള്ളൂ. 44-ാമത്തെ ഇന്ത്യയുടെ ഭരണഘടന ഭേദഗതിവരെ ഈ സഭയിലെ അവകാശങ്ങളെക്കുറിച്ച് നമ്മുടെ ഭരണഘടനയിൽ ഉണ്ടായിരുന്നത് എന്താണെന്ന് അറിയാമോ സർ? അന്നുവരെ 194-ാമത്തെ ഭരണഘടനാ വകുപ്പു പറഞ്ഞിരിക്കുന്നത് നിർവചിക്കാത്ത എല്ലാ കാര്യങ്ങളും ബ്രിട്ടനിലെ ഹൗസ് ഓഫ് കോമൺസിന്റെ നടപടിയുമായി ബന്ധപ്പെടുത്തണം എന്നാണ്. 44-ാമത്തെ ഭരണഘടനാ ഭേദഗതി 1972-ൽ അവതരിപ്പിച്ചപ്പോൾ ആ ഭാഗം എടുത്തു മാററിയിട്ട് സംസ്ഥാനസഭകളും ഇന്ത്യൻ പാർലമെൻറും തീരുമാനിക്കുന്നതനുസരിച്ച് അവകാശങ്ങൾ ഉണ്ടാകണമെന്ന് പറഞ്ഞു. ഞാൻ ഇതു തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട് സർ. കാരണം അത് തീരുമാനിക്കപ്പെടുന്നതുവരെ ബ്രിട്ടന്റേത് പാലിക്കാൻ നമുക്കു ചുമതലയുണ്ട്. തീരുമാനിക്കപ്പെട്ടു കഴിഞ്ഞാൽ 194-ാം വകുപ്പനുസരിച്ച് ഈ സഭയുടെ അധികാരങ്ങൾ ഇവിടെ നിർവചിക്കപ്പെട്ടിട്ടുണ്ട്. 189-ാം വകുപ്പാണ് ഇവിടെ പ്രസക്തമായിട്ടുള്ളത്. 189-ാം വകുപ്പ് ഇവിടെ വായിക്കണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. പക്ഷെ ഒരു കാര്യം ഉണ്ട്. അതിൽ എന്താണ് പറഞ്ഞിട്ടുള്ളത്? സ്പീക്കർ ആദ്യത്തെ പ്രാവശ്യം വോട്ടു ചെയ്യാൻ പാടില്ല. സർ, കണ്ണടച്ച് ആരും ഇരുട്ടാക്കരുത്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരോട് എനിക്ക് പറയാനുള്ളത് അതാണ്. ഇത് വായിച്ചു നോക്കണം

"The Speaker or Chairman, or person acting as such, shall not vote in the first instance, but shall have and exercise a casting vote in the case of an equality of votes. സർ, എനിക്ക് എവിടെയാണ് സ്വാതന്ത്ര്യം? അവിടെ ഇരിക്കുമ്പോൾ എനിക്ക് എവിടെയാണ് സ്വാതന്ത്ര്യം? "shall have and exercise vote." അതായത് ഞാൻ ചുമതലപ്പെട്ടവനാണ്. It is a responsibility vested on the Speaker. സർ ഇവിടെ തുല്യം തുല്യമായി വോട്ടുകൾ വന്നാൽ എന്താണ് സർ എനിക്ക് ചെയ്യാൻ കഴിയുക. തുല്യം തുല്യമായി വോട്ടുകൾ വരുത്തിയ ആരാ. ഞാനാണോ സർ? ഈ രണ്ടുകൂട്ടരും അതിന് ഉത്തരവാദികളായിരിക്കണം. തുല്യം തുല്യമായി വോട്ടുകൾ വന്നാൽ എന്നെ സംബന്ധിച്ചിടത്തോളം എനിക്ക് മററ് മാർഗ്ഗമില്ല.

Shri C. B. C. Warrier: Sir, point of order. As per the rules the question shall be put at the appointed time. Any extension can be done only by the consensus of the House. I object for an extension.

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട സി. ബി. സി. അങ്ങനെ ചെയ്യരുതെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ നൽകപ്പെട്ടിരിക്കുന്ന അവിശ്വാസ പ്രമേയത്തിന് അദ്ദേഹത്തിന് റിപ്ലൈ പറയാനുള്ള സാഹചര്യം കൊടുക്കാതെ ഇത് ഡിഫീററ് ചെയ്യുന്നത് ശരിയായിട്ടുള്ള കാര്യമാണോ?

ശ്രീ. സി. ബി. സി. വാര്യർ: എക്സ്റ്റൻഷൻ വേണോ എന്ന് സഭ തീരുമാനിക്കട്ടെ.

മി. ചെയർമാൻ: മിസ്ററർ വാര്യർ, ഇവിടെ സ്പീക്കറെ ഓഫീസിൽ നിന്ന് റിമൂവ് ചെയ്യണം എന്നുള്ളതിനെ സംബന്ധിച്ച റസലൂഷനാണ് മൂവ് ചെയ്തിരിക്കുന്നത്. അതിനെ സംബന്ധിച്ച് അദ്ദേഹം മറുപടി പറഞ്ഞുകൊണ്ടിരിക്കുകയാണ്. He will complete immediately. അതിനു സഹകരിക്കണം.

2/2357/B

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ: Rule is specific. അതിൽ ടൈം ഫിക്സ് ചെയ്തിട്ടുണ്ട്. അത് ഫിക്സഡ് ടൈമിൽ തന്നെ വോട്ടിനിടണം. ഫിക്സഡ് ടൈമിൽ വോട്ടിനിടുന്നില്ലെങ്കിൽ അതു സഭ തീരുമാനിക്കണം. എക്സ്ററൻഷൻ വേണമോ എന്ന കാര്യം തീരുമാനിക്കാൻ സഭക്കു മാത്രമേ അവകാശമുള്ളൂ.

ശ്രീ. ഇ. അഹമ്മദ്: ഈ പ്രശ്നങ്ങൾ മുഴുവൻ എല്ലാവരുംകൂടി യോജിച്ചു കൊണ്ട് ചർച്ച ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി പറയാൻ സ്പീക്കർക്ക് ഒരു അവസരം കൊടുക്കേണ്ട ധാർമ്മികമായ കടമ ഉണ്ട്. അത് അവരും കൂടി സഹകരിക്കുകയാണെങ്കിൽ നമുക്ക് ചെയ്യാമെന്നേ ഞാൻ പറയുന്നുള്ളു.

മിസ്ററർ ചെയർമാൻ: ഇവിടെ ഈ സഭയിലെ ചർച്ചകൾ നടന്ന അവസരത്തിൽ, ഈ സഭയിൽ പ്രധാനമായും പ്രതിപക്ഷത്തുള്ള കക്ഷി നേതാക്കൻമാരാണ് ഈ അഭിപ്രായം പ്രകടിപ്പിച്ചത്. ഈ സഭയിൽ സമയത്തെ സംബന്ധിച്ചിടത്തോളം നിയന്ത്രണം വേണ്ട, കുറച്ചൊന്നു റിലാക്സ് ചെയ്യണമെന്ന് പറഞ്ഞു. ഇപ്പോൾ ചർച്ചയുടെ അവസാന സ്റേറജായി. അതുകൊണ്ട് അദ്ദേഹം രണ്ടോ മൂന്നോ മിനിററു കൊണ്ട് അതു കംപ്ലീററു ചെയ്യാൻ അവസരം കൊടുക്കണം. ഈ സഭയുടേതായ ഒരു സെൻസ് സമയത്തെപ്പററി ഉണ്ടായി എന്നാണ് മിസ്ററർ പി. കെ. വാസുദേവൻ നായരും, അതുപോലെതന്നെ പ്രതിപക്ഷ നേതാവുമൊക്കെ ഇവിടെ ഉന്നയിച്ചപ്പോൾ ഞാൻ മനസ്സിലാക്കിയത്. അതിൻെറ അടിസ്ഥാനത്തിലാണ് ഈ ചർച്ചകൾ ഞാൻ നിയന്ത്രിച്ചത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ദയവായി അദ്ദേഹത്തിൻെറ മറുപടി പ്രസംഗം ഒന്ന് കംപ്ലീററ് ചെയ്യാൻ സമയം കൊടുക്കണം.

ശ്രീ. സി. ബി. സി. വാര്യർ: എക്സ്ററൻഷൻ ഞങ്ങൾ ഒബ്ജക്ടു ചെയ്യുന്നു. സഭ തീരുമാനിക്കട്ടെ.

മി. ചെയർമാൻ: ഇവിടെ, സഭയിൽ നേരത്തെ അക്കാര്യത്തെ സംബന്ധിച്ച് ഒരു സെൻസ് ഉണ്ടായതാണ്. സഭയുടെ സെൻസ് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ ഇവിടെ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ സമയത്തിൻെറ കാര്യത്തിൽ അല്പം റിലാക്സ് ചെയ്തത്. ഈ ചർച്ചയെ സംബന്ധിച്ചും, സമയത്തെ സംബന്ധിച്ചുമുള്ള വിഷയം ഇവിടെ ഉന്നയിക്കപ്പെട്ടത് ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായരുടെ ഭാഗത്തു നിന്നുതന്നെയാണ്. അദ്ദേഹം ഈ സമയത്തെ സംബന്ധിച്ച് സ്ട്രിക്ട് ആയി പോകരുതെന്നും അൽപ്പം റിലാക്സ് ചെയ്യണമെന്നും പറഞ്ഞു. ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങൾക്കും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ള ആളുകൾക്ക് സമയം കൊടുത്തിട്ടുണ്ട്, അത് സഭയുടെ സെൻസ് മനസ്സിലാക്കിക്കൊണ്ടു തന്നെയാണ്. അപ്പോൾ ആരും ഒബ്ജക്ട് ചെയ്തില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറെ ഞാൻ സംസാരിക്കാൻ അനുവദിക്കുകയാണ്. (ബഹളം)

ശ്രീ. എ. സി. ജോസ്: ഞാൻ പറഞ്ഞു വന്നത് ഈ സഭയിൽ തുല്യം തുല്യമായി വോട്ടുകൾ വന്നാൽ.......................................

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: നിയമം ചൂണ്ടിക്കാണിച്ചാൽ, സഭയുടെ സെൻസ് എടുക്കണം. (ബഹളം).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. സി. വാര്യർ: ചട്ടങ്ങൾ ഉണ്ട്. തോന്നിയവാസം കാണിക്കരുത്.

(ബഹളം)

മി. ചെയർമാൻ: ചെയറിൽനിന്ന് എന്തു പറയണമെന്ന് ചെയർ തീരുമാനിക്കും.

ശ്രീ. പി. എം. അബൂബേക്കർ: സർ, ആ ചെയറിൽ ഇരുന്നുകൊണ്ട് സ്വയം അങ്ങനെ തീരുമാനിക്കാൻ പററുകയില്ല. മി. സി. ബി. സി. ഉന്നയിച്ചിട്ടുള്ളത് വളരെ പ്രസക്തമായ ഒരു ക്രമപ്രശ്നമാണ്. ആ പ്രശ്നത്തെ സംബന്ധിച്ച് ഹൗസിന്റെ സെൻസ് അറിയണം.

മി. ചെയർമാൻ: പ്രസക്തമായ പ്രശ്നത്തെ സംബന്ധിച്ച് ചെയറിൽ നിന്ന് പറഞ്ഞു. ചെയറിൽ നിന്ന് അഭിപ്രായം പറഞ്ഞതാണ്.

(ബഹളം)

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, (ബഹളം) സർ, ഈ നിയമ സഭയുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ ചില സംഗതികളെ സംബന്ധിച്ചിടത്തോളം, അപ്രോപ്രിയേഷൻ ബില്ലുപോലെയുള്ള ചില ബില്ലുകളെ സംബന്ധിച്ചിടത്തോളം, 12½-ക്ക് വോട്ടിനിടണം. അല്ലെങ്കിൽ അപ്പോയിൻറഡ് ടൈമിൽ വോട്ടിനിടണം എന്ന് നിർദ്ദേശമുണ്ടെങ്കിലും സർ, ചാപ്ററർ 18-ൽ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കുമെതിരായിട്ടുള്ള അവിശ്വാസ പ്രമേയത്തിന്റെ പ്രൊസീഡ്യൂവറിൽ പന്ത്രണ്ടരയ്ക്ക് വോട്ടിനിടണം എന്ന് നിബന്ധനയില്ല. സർ, 18-ാമത്തെ ചാപ്റററിൽ, 65-ഓ, 66-ഓ, 67-ഓ, 68-ഓ റൂളുകളിൽ പന്ത്രണ്ടരയ്ക്ക് വോട്ടിനിടണം എന്ന് നിബന്ധനയില്ല. (ബഹളം) അപ്രോപ്രിയേഷൻ ബിൽ കൃത്യസമയത്തുതന്നെ വോട്ടിനിടണം എന്ന് പറയുന്നുണ്ട്. ഇതിനല്ല.

ശ്രീ. സി. ബി. സി. വാര്യർ: ഇന്ന് പന്ത്രണ്ടര മണിവരെയാണ് സഭയുടെ സമയം. അതു എക്സ്ററന്റു ചെയ്യണമെങ്കിൽ സഭയുടെ സമ്മതം വേണം.

ശ്രീ. കെ. എം. മാണി: സർ, അങ്ങ് ഈ റൂൾ നോക്കണം. ഇതിനകത്തു പറയുന്നില്ല. There is no appointed time for taking up the resolution as per Chapter 18.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, അങ്ങ് കുറച്ച് ലിബറൽ ആകണമെന്ന് പറഞ്ഞത്, ആ ഭാഗത്തുനിന്ന് ആരും സംസാരിക്കുന്നില്ലാത്തതുകൊണ്ടാണ്. എന്നാൽ അത് ഒരിക്കലും പന്ത്രണ്ടര കഴിഞ്ഞ് മുന്നോട്ടുപോകണം എന്നതിന് ന്യായമായി അങ്ങ് പറയരുത്. കാരണം, പന്ത്രണ്ടരവരെയുള്ള സമയം ഈ സഭയിലെ ഭരണകക്ഷികൾക്കും പ്രതിപക്ഷങ്ങൾക്കും കൂടെ ഒരുമിച്ച് ഉപയോഗിക്കാനുള്ളത് ഇന്ന് ന്യായമായും പ്രതിപക്ഷത്തുനിന്ന് മാത്രം സംസാരിച്ചതുകൊണ്ട് ഞങ്ങൾക്ക് എല്ലാവർക്കും ഒന്നോ, രണ്ടോ, മൂന്നോ മിനിററ് കൂടുതൽ കിട്ടാൻ അർഹതയുണ്ട്. അതോടൊപ്പം അപ്പോയിൻറഡ് ടൈമിൽ ഡിബേററ് തീർക്കാനും കഴിയും.

ശ്രീ. കെ. എം. മാണി: സർ ഒരു ചോദ്യം. മിസ്ററർ പി. കെ. വി. ഇതു പറയുമ്പോൾ ഒരു സ്പീക്കർക്കെതിരായി 18-ാമത്തെ അദ്ധ്യായപ്രകാരം അവിശ്വാസപ്രമേയ ചർച്ച വോട്ടിനിടണം, അപ്പോയിൻറഡ് ടൈം ഉണ്ട്, പന്ത്രണ്ടരയ്ക്ക് വോട്ടിനിടണം എന്ന് എവിടെ നിയമത്തിൽ, റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ പറയുന്നു? പറയുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സ്പീക്കർക്കെതിരായുള്ള അവിശ്വാസ പ്രമേയത്തിന് appointed time fix ചെയ്തിട്ടില്ല എന്നു പറഞ്ഞു. അപ്പോയിൻറഡ് ടൈം ഫിക്സ് ചെയ്തിട്ടില്ലെങ്കിലും ജനറലായിട്ട് ചാപ്റ്റർ 4-ൽ വെള്ളിയാഴ്ചയിൽ അപ്പോയിൻറഡ് ടൈം ഏതാണെന്ന് സ്പെസിഫിക് ആയി പറഞ്ഞിരിക്കുന്നതുകൊണ്ട്, മറേറയിടത്ത് സ്പെസിഫിക് ആയി പറഞ്ഞിട്ടില്ലെങ്കിലും ഒരു ജനറലായിട്ടുള്ള പ്രൊവിഷൻ, ഒരു സ്പെഷ്യൽ പ്രൊവിഷൻ കൊണ്ട് എക്സംപ്ററ് ചെയ്തില്ല എന്നുണ്ടെങ്കിൽ general proviso over the special എന്നുള്ള ലീഗൽ ഇൻറർപ്രിട്ടേഷൻ മിസ്ററർ മാണിക്ക് അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ജനറലായിട്ട്..........

ശ്രീ. കെ. എം. മാണി: Sir, specific provision for a particular matter.. സർ, പന്ത്രണ്ടരയ്ക്ക് വോട്ടു ചെയ്യണമെന്ന് നിയമമില്ല. നിബന്ധനയില്ല. ഈ പറയുന്നത് ശരിയല്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, മൂന്നു മണിക്കൂർനേരം സ്പീക്കർക്കെതിരായി ഇത്രയെല്ലാം ആക്ഷേപങ്ങൾ ഉന്നയിച്ചതിനുശേഷം അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കാൻ ഉള്ള സാവകാശം കാണിക്കാതെ തീരുമാനിക്കണമെന്നാണ് പ്രതിപക്ഷം നിർബന്ധിക്കുന്നതെങ്കിൽ, സാമാന്യ മര്യാദയനുസരിച്ചും നീതിയുടെ പേരിലും സ്പീക്കറെ സംസാരിക്കാൻ അനുവദിക്കാത്ത ഒരു സാഹചര്യമാണ്, നിയമത്തിൻെറ 4 ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട് പറയുന്നതെങ്കിൽ, സർ, അങ്ങു തീരുമാനിക്കുന്നതിൽ വിരോധമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചട്ടം നടക്കാനാണ് പറഞ്ഞത്. നടക്കേണ്ട എന്നു പറഞ്ഞില്ല. ചട്ടപ്രകാരം സഭയുടെ സെൻസ് അറിഞ്ഞു നടത്താനാണ് പറഞ്ഞത്.

(ബഹളം)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, സ്പീക്കറെപ്പററി ഇത്രയൊക്കെ പറഞ്ഞിട്ട് സ്പീക്കർക്ക് സംസാരിക്കാനുള്ള സാവകാശം കൊടുക്കാതിരിക്കുന്നത് എന്തു ധാർമ്മികതയാണ് സർ ? സാമാന്യ മര്യാദ വേണം.

(ബഹളം)

മിസ്ററർ ചെയർമാൻ: സഭയുടെ പ്രതികരണം അറിഞ്ഞുകൊണ്ടുതന്നെയാണ് സഭാനടപടികൾ നിയന്ത്രിച്ചുകൊണ്ടു പോയത്. സഭയിൽ കൂടുതൽ നിയന്ത്രണങ്ങൾ പാലിക്കേണ്ടതായിരുന്നുവെന്ന് എനിക്ക് ഇപ്പോൾ തോന്നുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കൻമാർ പറഞ്ഞ വാക്കുകൾ കേട്ടുകൊണ്ടു തന്നെയാണ് പോയത്. അതിൽനിന്നും വ്യതിചലിച്ചുകൊണ്ട് പോകുന്ന ഈ സാഹചര്യത്തിൽ ഞാൻ മററ് അനന്തര നടപടികളിലേക്ക് കടക്കുകയാണ്. Now the discussion is over. According to Article 179 (c) a Member holding office of Speaker of an Assembly shall be removed from his office by a resolution of the Assembly passed by a majority of all the then Members of the Assembly.

(സഭയിൽ ബഹളം)

ശ്രീ. ഇ. അഹമ്മദ്: ഒരു സ്പീക്കർക്ക് എതിരായ അവിശ്വാസം വരുമ്പോൾ അദ്ദേഹത്തിന് എന്തെങ്കിലും ഒന്ന് പറയാനുള്ള ചാൻസ് കൊടുക്കേണ്ട ധാർമികമായ കടപ്പാട് ഇല്ലേ. ഒരു ജനാധിപത്യ മര്യാദവേണം. ഇവിടെ ജനാധിപത്യം ധ്വംസിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട ചെയറിൽനിന്നും എന്തു തീരുമാനം എടുത്തു എന്നു മാത്രം അറിയണം. അങ്ങ് ഡിസ്ക്കഷൻ നിറുത്തിയെന്നാണോ പറയുന്നത്.

മിസ്റ്റർ ചെയർമാൻ: ഞാൻ അത് ആദ്യമേ പറഞ്ഞു. ഇവിടെ ഈ റിസലൂഷൻ ചർച്ചയ്ക്ക് വന്നതിനുശേഷം ചർച്ചകൾ നടന്നു. അങ്ങ് ചോദിച്ചതുകൊണ്ടു പറയുകയാണ്. ചർച്ചയ്ക്ക് വന്ന അവസരത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷകക്ഷി നേതാക്കൻമാർതന്നെ സമയത്തെ സംബന്ധിച്ചിടത്തോളം കുറച്ച് റിലാക്സേഷൻ കാണിക്കണമെന്നു പറഞ്ഞു. സഭയുടെ സെൻസ്സാണെന്ന് കരുതി കൊണ്ട് അതിനുള്ള അവകാശം കൊടുത്തു ഓരോ കക്ഷി നേതാക്കൻമാർക്കും അവർ പറഞ്ഞതിനെക്കാൾ കൂടുതൽ സമയം കൊടുത്തു. അതിനുശേഷം സ്പീക്കർക്ക് റിപ്ലേ പറയാനുള്ള അവസരം കൊടുക്കാതിരിക്കാൻ വേണ്ടി ഇങ്ങോട്ട് ക്രമപ്രശ്നം ഉന്നയിച്ചു. ഇന്ന് വെള്ളിയാഴ്ചയെന്നുള്ള നിലയിൽ പന്ത്രണ്ടര മണിയെന്നുള്ള സമയം കൺസിഡർ ചെയ്യുന്നു. അത് പരിഗണിച്ച് കൊണ്ട് അദ്ദേഹത്തിന് തുടർന്നുള്ള ചർച്ച ഞാൻ അനുവദിക്കുന്നില്ല. ഞാൻ ഈ റിസലൂഷൻ വോട്ടിനിടുകയാണ്.

As far as our Assembly is concerned, 71 votes will be required to adopt the resolution. Now I am going to put the resolution moved by Shri A. K. Saseendran.

Shri A. K. Saseendran, do you press your Resolution.

Shri A. K. Saseendran : Yes, I press.

Mr. Chairman : Those for the Resolution............ ....
Those against the Resolution..........................

Shri A. K. Saseendran : Sir, I demand a poll.

A poll was taken when the House divided as follows :

AYES

1. Shri T. K. Abdu
2. ,, A. V. Abdu Rahiman Hajee
3. ,, K. M. Abraham
4. ,, P. M. Abubacker
5. ,, K. Anirudhan
6. ,, T. K. Arumughan
7. ,, Baby John
8. Smt. Bharghavi Thankappan
9. Shri P. C. Chacko
10. ,, P. K. Chandranandan
11. ,, K. Chandrasekharan
12. ,, N. Chandrasekhara Kurup
13. ,, E. Chandrasekharan Nair
14. ,, V. S. Chandrasekharan Pillai
15. ,, C. B. C. Warrier

LIBRARY ARCHIVES Kerala Legislative Assembly

16. Shri J. Chitharanjan
17. Smt. P. Devootty
18. Shri V. V. Dekshinamoorthy
19. " P. P. Esthos
20. " P. K. Gopalakrishnan
21. Smt. K. R. Gouri
22. Shri S. Govinda Kurup
23. " V. V. Joseph (Kundara)
24. " V. C. Kabeer
25. " K. T. Kanaran
26. " M. K. Kannan
27. " P. Karunakaran
28. " C. P. Karunakaran Pillai
29. " M. K. Kesavan
30. " C. T. Krishnan
31. " M. K. Krishnan
32. " K. Krishnan Kutty
33. " Koliyakodu N. Krishnan Nair
34. " E. K. Pillai
35. " K. T. Kumaran
36. " A. P. Kurian
37. " C. A. Kurian
38. " P. P. V. Moosa
39. " C. P. Moosankutty
40. " Kallada Narayanan
41. " E. K. Nayanar
42. " K. Pankajakshan
43. " T. P. Peethambaran Master
44. " K. P. Prabhakaran
45. " K. Purushothaman
46. " Varkala Radhakrishnan
47. " M. V. Raghavan
48. " M. V. Rajagopalan
49. " V. K. Rajan
50. " Ramachandran Kadannappalli
51. " T. K. Ramakrishnan
52. " K. P. Raman

LIBRARY ARCHIVES Kerala Legislative Assembly

69560

53. Shri A. K. Saseendran
54. ,, A. C. Shanmukha Das
55. ,, B. M. Sheriff
56. ,, P. R. Sivan
57. ,, K. Sreedharan
58. ,, P. K. Sreenivasan
59. ,, P. S. Sreenivasan
60. Dr. A. Subha Rao
61. Shri N. Subramaniya Shenoy
62. ,, K. V. Surendranath
63. ,, A. V. Thamarakshan
64. ,, C. K. Thankappan
65. ,, R. S. Unni
66. ,, G. Varadan
67. ,, C. Vasudeva Menon
68. ,, P. K. Vasudevan Nair
69. ,, Vaikom Viswan
70. ,, M. J. Zakaria

KERALA LEGISLATURE

NOES

Nil

NEUTRALS

Nil

Mr. Chairman : Those for the Resolution—70

Against the Resolution—Nil

Neutrals—Nil.

Now, since the Resolution has not got the required majority under the Constitution, that is 71, it is lost.

The resolution was declared lost.

(ശ്രീ. എ. സി. ജോസ് അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി)

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 19-ാം തീയതി രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്. ഇതു സംബന്ധിച്ച കാര്യവിവരപട്ടിക യഥാസമയം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അയച്ചുതരുന്നതാണ്.

1982 മാർച്ച് 19-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 12.50-ന് പിരിഞ്ഞു.

(1982 മാർച്ച് 17-ാം തീയതി നിയമസഭ പിരിച്ചുവിടുകയുണ്ടായി)

LIBRARY ARCHIVES Kerala Legislative Assembly